വെളിച്ചം റമദാൻ 2024

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

പാഠഭാഗം:

സൂറ: സുഖ്റുഫ്, സൂറ: ദുഖാൻ, സൂറ: ജാഥിയ

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

43. സു: 'സുഖ്റുഫ്'(سورة الزخرف)
ക്വുർആൻ അല്ലാഹുവിങ്കൽ ഒരു 'മൂലഗ്രന്ഥ'ത്തിൽ ഉണ്ട് 4327
മനുഷ്യന് അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ 4330
വാഹനപ്പുറത്ത് കയറുമ്പോൾ പറയേണ്ടത് 4332
അല്ലാഹുവിന് പെൺമക്കളുണ്ടെന്ന് പറയുന്നവർക്ക് പെൺമക്കൾ
ജനിച്ചെന്ന് അറിഞ്ഞാൽ അവർ കുപിതരാകുന്നു 4334
അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളത് ചെയ്യുമായിരുന്നില്ലെന്ന്
പറഞ്ഞ് കുറ്റം ന്യായീകരിക്കുന്നത് ശരിയല്ല 4337
ക്വുർആൻ എന്തുകൊണ്ട് ഒരു 'മഹാനായ പുരുഷന്' അവതരിച്ചില്ല
എന്ന വാദവും, മറുപടിയും 4343
അല്ലാഹുവാണ് മനുഷ്യരുടെ ഉപജീവനമാർഗങ്ങൾ വിഹിതം ചെയ്യുന്നതും,
അവരെ ഉയർത്തിയും താഴ്ത്തിയും വെക്കുന്നതും 4344
മനുഷ്യരുടെ നന്മയെ ഉദ്ദേശിച്ചുകൊണ്ടാണ് എല്ലാവർക്കും
ഐഹികസുഖസൗകര്യങ്ങൾ യഥേഷ്ടം നൽകാതിരിക്കുന്നത് 4348
അല്ലാഹുവിന്റെ സ്മരണയില്ലാത്തവരുടെ കൂട്ടാളി പിശാചാണ് 4349
ഈസാ (അ) തെളിവുകളും ഉപദേശങ്ങളും നൽകിയിരുന്നു. പക്ഷേ,
അനുയായികൾക്കിടയിൽ ഭിന്നിപ്പുണ്ടായിത്തീർന്നു 4353
അല്ലാഹുവിന്റെ അടിയാൻമാർക്ക് ഭയമോ വ്യസനമോ വേണ്ടിവരികയില്ല;
അവർക്കും അവരുടെ ഇണകൾക്കും സ്വർഗത്തിൽ വേണ്ടതെല്ലാം
ഉണ്ടായിരിക്കും 4363
44. സൂ: ദുഖാൻ(سورة الدخان)
അനുഗൃഹീതമായ ഒരു രാത്രിയാണ് ക്വുർആന്റെ അവതരണം,
ആ രാത്രിയിൽ എല്ലാ കാര്യവും വേർതിരിച്ച് വിവരിക്കപ്പെടും 4373
ആകാശത്തുനിന്നുള്ള പുകയെയും, ഏറ്റവും വലിയ ഒരു
പിടിത്തത്തെയും കുറിച്ച് മുശ്രിക്കുകൾക്ക് താക്കീത് 4377
ഫിർഔന്റെ ജനതയെ പരീക്ഷിച്ചതും, അവർ മുക്കിനശിപ്പിക്കപ്പെട്ടതും 4381
പാപികൾക്ക് നരകത്തിൽവെച്ച് ലഭിക്കുന്ന ഭക്ഷണവും കഠോരശിക്ഷകളും.....4390
ഭയഭക്തൻമാർക്ക് സ്വർഗത്തിൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ 4392
ഉറ്റാലോചിക്കുവാൻ വേണ്ടി ക്വുർആനെ എളുപ്പരൂപത്തിലാക്കിയിരിക്കുന്നു 4394

45. സു: ജാഥിയഃ (سورة الجاثية)

അല്ലാഹുവിന്റെ ആയത്തുകൾ കേട്ടിട്ട് അഹംഭാവം നടിക്കുന്നവർക്ക് താക്കീത് 4401

ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹു മനുഷ്യർക്ക് കീഴ്പെടുത്തിയിട്ടുണ്ട് 4404

ഇസ്റാഈല്യർക്ക് വേദഗ്രന്ഥവും മറ്റും കൊടുത്തിട്ടും അവർ ഭിന്നിച്ചു..........4407

നബിﷺക്ക് ഒരു നിയമസംഹിത നൽകിയിരിക്കുന്നതുകൊണ്ട് അവരുടെ ഇച്ഛകളെ തുടരേണ്ടതില്ല.......... 4408

ദുഷ്ക്കർമികളുടെയും സൽക്കർമികളുടെയും ജീവിതമരണങ്ങൾ ഒരുപോലെയാവുകയില്ല.......... 4410

സ്വന്തം ഇഷ്ടത്തെ ദൈവമാക്കിയവന് നേർമാർഗത്തിന്റെ കവാടങ്ങൾ അടക്കപ്പെടും 4411

പ്രകൃതിവാദക്കാരുടെ പക്കൽ അവരുടെ ഊഹം മാത്രമേ തെളിവുള്ളൂ 4414

ഓരോ സമുദായവും മഹ്ശറിൽവെച്ച് അവരുടെ വേദഗ്രന്ഥമനുസരിച്ച് ചോദ്യം ചെയ്യപ്പെടും.......... 4416

سورة الزخرف

43. സൂറത്തുസ്സുഖ്റുഫ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 89 - വിഭാഗം (റുകൂഅ്) 7

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

حمٓ ﴿١﴾

《1》 ഹാ മീം .

وَٱلْكِتَٰبِ ٱلْمُبِينِ ﴿٢﴾

《2》 സ്പഷ്ടമായ (ഈ) വേദഗ്രന്ഥം തന്നെയാണ (സത്യം)!

إِنَّا جَعَلْنَٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ﴿٣﴾

《3》 നിശ്ചയമായും, അതിനെ നാം അറബിഭാഷയിലുള്ള ഒരു ക്വുർആൻപാരായണഗ്രന്ഥം ആക്കിയിരിക്കുന്നു; നിങ്ങൾ ബുദ്ധികൊടു(ത്തുചിന്തി)ക്കുവാൻ വേണ്ടി.

وَإِنَّهُۥ فِىٓ أُمِّ ٱلْكِتَٰبِ لَدَيْنَا لَعَلِىٌّ حَكِيمٌ ﴿٤﴾

《4》 നിശ്ചയമായും, അത് മൂലഗ്രന്ഥത്തിൽ- നമ്മുടെ അടുക്കൽ- ഉന്നതമായതും, വിജ്ഞാനദായകവും തന്നെ.

《1》 حم ഹാ മീം 《2》 وَٱلْكِتَٰبِ വേദഗ്രന്ഥം തന്നെയാണ ٱلْمُبِينِ സ്പഷ്ടമായ 《3》 إِنَّا جَعَلْنَٰهُ നിശ്ചയമായും നാമതിനെ ആക്കിയിരിക്കുന്നു قُرْءَٰنًا عَرَبِيًّا അറബിയിലുള്ള ഒരു ക്വുർആൻ لَّعَلَّكُمْ تَعْقِلُونَ നിങ്ങൾ ബുദ്ധികൊടുക്കുവാൻ, ഗ്രഹിക്കുവാൻ 《4》 وَإِنَّهُۥ നിശ്ചയമായും അത് فِىٓ أُمِّ ٱلْكِتَٰبِ മൂലഗ്രന്ഥത്തിൽ, ഗ്രന്ഥ

ത്തിന്റെ മൂലത്തിൽ لَدَيْنَا നമ്മുടെ അടുക്കൽ لَعَلِيٌّ ഉന്നതമായത് തന്നെ حَكِيمٌ വിജ്ഞാനദായകമായ, യുക്തിമത്തായത്.

أم الكتاب (ഉമ്മുൽകിതാബ്) എന്ന വാക്കിന് ഗ്രന്ഥത്തിന്റെ മാതാവ്,അല്ലെങ്കിൽ ഗ്രന്ഥത്തിന്റെ തള്ളഎന്ന് വാക്കർത്ഥം. അതായത്, മൂലഗ്രന്ഥംഅല്ലെങ്കിൽ ഗ്രന്ഥത്തിന്റെ മൗലികവശംഎന്ന് സാരം. ഇവിടെ 'ഉമ്മുൽകിതാബ്'കൊണ്ട് ഉദ്ദേശ്യം എന്താണെന്നുള്ളതിൽ ഒന്നിലധികം അഭിപ്രായങ്ങൾ കാണാം. 2 -ാം വചനത്തിൽ സ്പഷ്ടമായ ഗ്രന്ഥം (الكتاب المبين) എന്ന് പറഞ്ഞതും, 3 -ാം വചനത്തിൽ അറബി ഭാഷയിലുള്ള ക്വുർആൻ (قرآنا عربيا) എന്ന് പറഞ്ഞതും വിശുദ്ധ ക്വുർആനെ ഉദ്ദേശിച്ചാണെന്ന് വ്യക്തമാണ്. അതേ ക്വുർആനെ ചൂണ്ടിക്കാട്ടിക്കൊണ്ട് തന്നെയാണ് 4 -ാം വചനത്തിൽ അത് ഉമ്മുൽകിതാബിൽ നമ്മുടെ അടുക്കൽ ഉന്നതമായതാണ് (وانه في أم الكتاب) എന്ന് പ്രസ്താവിക്കുന്നത്. അപ്പോൾ- ചിലർ വ്യാഖ്യാനിക്കുന്നത് പോലെ- 'ഉമ്മുൽകിതാബ്'കൊണ്ട് ഇവിടത്തെ ഉദ്ദേശ്യം ആ ഗ്രന്ഥത്തിന്റെ മൗലികവശമാണെന്നുവെക്കുവാൻ വഴി കാണുന്നില്ല. നിയമപ്രധാനങ്ങളായ ആയത്തുകളെപ്പറ്റി സൂ: ആലുഇംറാൻ 7-ൽ هن أم الكتاب (അവ ഗ്രന്ഥത്തിന്റെ തള്ളയാണ്- ക്വുർആന്റെ മൂലപ്രധാനമായ ഭാഗമാണ്) എന്ന് പറഞ്ഞിരിക്കുന്നു. ഇതാണ് ഇവർ ഇതിന് കൊണ്ടുവരുന്ന ന്യായം. ഈ ന്യായം ഇവിടെ യോജിക്കുന്നതല്ല. കാരണം, അപ്പോൾ ക്വുർആൻ അതിന്റെ മൗലികവശങ്ങളിൽ ഉന്നതവും, വിജ്ഞാനീയവുമാണെങ്കിലും, മറ്റുവശങ്ങളിൽ ഉന്നതമല്ലാത്തതും, വിജ്ഞാനീയമല്ലാത്തതുമാണെന്ന് വരുമല്ലോ. മാത്രമല്ല, താഴെ കാണുന്ന ക്വുർആൻ വചനങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ,'ഉമ്മുൽകിതാബി'ന് ഇവിടെ അനുയോജ്യമായ അർത്ഥം മൂലഗ്രന്ഥംഎന്ന് തന്നെയാണെന്നും, അത്കൊണ്ടുള്ള വിവക്ഷ ക്വുർആനല്ലാതെ മറ്റൊന്നാണെന്നും മനസ്സിലാക്കാവുന്നതാണ്:-

സൂറത്തുൽ വാക്വിഅഃയിൽ അല്ലാഹു പറയുന്നു: إنه لقرآن كريم في كتاب مكنون لا يمسه إلا المطهرون- الواقعة (നിശ്ചയമായും അത് ആദരണീയമായ ഒരു ക്വുർആനാകുന്നു.ഭദ്രമായി മറച്ചുവെക്കപ്പെട്ട ഒരു ഗ്രന്ഥത്തിലാണ് അതുള്ളത്. പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ അതിനെ സ്പർശിക്കുകയില്ല.) സൂറത്തുൽ ബുറൂജിൽ ഇങ്ങനെ പറയുന്നു: بل هو قرآن مجيد في لوح محفوظ-البروج(പക്ഷേ, അത് മഹത്വമേറിയ ഒരു ക്വുർആനാണ്: സൂക്ഷിക്കപ്പെട്ട ഒരു ഫലകത്തിലാണുള്ളത്.) സൂ: റഅ്ദിൽ ഇപ്രകാരം പറയുന്നു: يمحوا الله ما يشاء ويثبت وعنده أم الكتاب-الرعد (അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായിക്കുകയും, സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മൂലഗ്രന്ഥം അവന്റെ പക്കലുണ്ട്താനും.). ഈ വചനങ്ങളുടെ വെളിച്ചത്തിൽ, 'ഉമ്മുൽകിതാബ്'കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എല്ലാ കാര്യങ്ങളുടെയും മൂലരേഖയാകുന്ന 'ലൌഹുൽ മഹ്ഫൂദ്'(സൂക്ഷിക്കപ്പെട്ട ഫലകം) ആണെന്നും, അല്ലാഹുവിന്റെ അനാദിയായ അറിവ് (علم الله الأزلي) ആണെന്നും ഇങ്ങനെ രണ്ട് അഭിപ്രായങ്ങളാണ് ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. الله أعلم

ഏതായാലും സയ്യിദ് ക്വുതുബ് (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഈ രണ്ടിനെയും- ലൌഹുൽ മഹ്ഫൂദിനെയും, അല്ലാഹുവിന്റെ അനാദിയായ അറിവുകളാകുന്ന രേഖാഗ്രന്ഥത്തെയും- സംബന്ധിച്ച് അക്ഷരാർത്ഥത്തിൽ ശരിയായിക്കൊണ്ടുള്ള ഒരു നിർവ്വചനമോ, വിവരണമോ നൽകുവാൻ സാധ്യമല്ല. പക്ഷേ, ഒരു യാഥാർത്ഥ്യം- അതാണിവിടെ മർമപ്രധാനമായതും- നമുക്ക് ഈ വചനത്തിൽനിന്ന് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. ക്വുർആന്റെ മഹത്വവും, അതിന് അല്ലാഹുവിങ്കലുള്ള ഉന്നതസ്ഥാനവുമാണത് ഉണർത്തുന്നത്. അതെ, ആ ഗ്രന്ഥം ഏത് നിലക്കും വളരെ ഉന്നതസ്ഥാനം അർഹിക്കുന്ന ഒരു ഗ്രന്ഥമാണ്.

أَفَنَضْرِبُ عَنكُمُ ٱلذِّكْرَ صَفْحًا أَن كُنتُمْ قَوْمًا مُّسْرِفِينَ ﴿٥﴾

﴾5﴿ എന്നിരിക്കെ, നിങ്ങൾ അതിരുകവിഞ്ഞ ഒരു ജനതയായതിനാൽ നിങ്ങളിൽനിന്ന് (ഈ) ഉൽബോധനത്തെ നാം അവഗണിച്ച് തിരിച്ചുകളയുകയോ?!

﴾5﴿ أَفَنَضْرِب എന്നിരിക്കെ നാം തിരിച്ചു (തട്ടി) വിടുമോ عَنكُمُ നിങ്ങളിൽ നിന്ന് ٱلذِّكْرَ ഉൽബോധനത്തെ صَفْحًا പുറം തിരിച്ച് (അവഗണിച്ചു) കൊണ്ട് أَن كُنتُمْ നിങ്ങളായതിനാൽ قَوْمًا مُّسْرِفِينَ അതിരുകവിഞ്ഞ ഒരു ജനത

അത് സംഭവിക്കാൻ പോകുന്നില്ല. ഒരു കൂട്ടർ അതിരുകവിഞ്ഞ നിഷേധികളാണെങ്കിൽ, വേറൊരു കൂട്ടർ അത് സ്വീകരിക്കുന്നവരും ഉണ്ടായിരിക്കും. (إن هو إلا ذكر للعالمين ولتعلمن نبأه بعد حين-ص:٨٧-٨٨ അത് ലോകർക്ക് വേണ്ടിയുള്ള ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല. അതിന്റെ വൃത്താന്തം കുറച്ചുകാലത്തിന് ശേഷം നിശ്ചയമായും നിങ്ങൾക്കറിയാറാകും.)

وَكَمْ أَرْسَلْنَا مِن نَّبِيٍّ فِى ٱلْأَوَّلِينَ ﴿٦﴾

﴾6﴿ പ്രവാചകരായി എത്രയോ ആളുകളെ പൂർവ്വികന്മാരിൽ നാം അയച്ചിരിക്കുന്നു.

وَمَا يَأْتِيهِم مِّن نَّبِيٍّ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٧﴾

﴾7﴿ ഏതൊരു പ്രവാചകനും അവരുടെ അടുക്കൽ ചെല്ലുന്നതായാൽ, അവർ അദ്ദേഹത്തെക്കുറിച്ച് പരിഹസിക്കുന്നവരാകാതിരുന്നിട്ടുമില്ല.

فَأَهْلَكْنَآ أَشَدَّ مِنْهُم بَطْشًا وَمَضَىٰ مَثَلُ ٱلْأَوَّلِينَ ﴿٨﴾

﴿8﴾ അങ്ങനെ, ഇവരേക്കാൾ കയ്യൂക്കിൽ ശക്തൻമാരായവരെ നാം നശിപ്പിച്ചിരിക്കുന്നു. പൂർവ്വികൻമാരുടെ ഉപമകൾ (മുമ്പ്) കഴിഞ്ഞു പോകുകയും ചെയ്തിരിക്കുന്നു.

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ لَيَقُولُنَّ خَلَقَهُنَّ ٱلْعَزِيزُ ٱلْعَلِيمُ ﴿٩﴾

﴿9﴾ ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചത് ആരാണ് എന്ന് നീ അവരോട് ചോദിച്ചുവെങ്കിൽ, നിശ്ചയമായും അവർ പറയും: സർവ്വജ്ഞനായ പ്രതാപശാലിയായുള്ളവൻ അവയെ സൃഷ്ടിച്ചിരിക്കുന്നു എന്ന്.

﴿6﴾ وَكَمْ أَرْسَلْنَا നാം എത്ര(യോ) അയച്ചിരിക്കുന്നു مِن نَّبِيٍّ പ്രവാചകരിൽനിന്ന്
﴿7﴾ وَمَا يَأْتِيهِم അവർക്ക് ചെന്നിരുന്നില്ല مِّن نَّبِيٍّ ഒരു പ്രവാ ഫ് فِى ٱلْأَوَّلِينَ പൂർവ്വികന്മാരിൽ
ചകനും إِلَّا كَانُوا۟ അവർ ആകാതെ بِهِۦ يَسْتَهْزِءُونَ അദ്ദേഹത്തെക്കുറിച്ച് പരിഹസിക്കും
﴿8﴾ فَأَهْلَكْنَآ അങ്ങനെ, നാം നശിപ്പിച്ചു أَشَدَّ مِنْهُم ഇവരെക്കാൾ ശക്തന്മാരെ, കഠി
നമായ بَطْشًا കയ്യൂക്കിൽ, ഊക്കുകൊണ്ട് وَمَضَىٰ കഴിഞ്ഞുപോകുകയും ചെയ്തിരി
ക്കുന്നു مَثَلُ ٱلْأَوَّلِينَ പൂർവ്വികന്മാരുടെ ഉപമ ﴿9﴾ وَلَئِن سَأَلْتَهُم നീ അവരോട് ചോദി
ച്ചുവെങ്കിൽ مَّنْ خَلَقَ ആർ സൃഷ്ടിച്ചുവെന്ന് ٱلسَّمَـٰوَٰتِ وَٱلْأَرْضَ ആകാശങ്ങളും
ഭൂമിയും لَيَقُولُنَّ നിശ്ചയമായും അവർ പറയും خَلَقَهُنَّ അവയെ സൃഷ്ടിച്ചു ٱلْعَزِيزُ
പ്രതാപശാലി الْعَلِيمُ സർവ്വജ്ഞനായ

ലോകസ്രഷ്ടാവും, നിയന്താവും അല്ലാഹു തന്നെയാണെന്ന് മുശ്രിക്കുകൾ സമ്മതിക്കും. അതേ സമയത്ത് ആരാധനയിൽ അവന് പുറമെയുള്ളവരെ അവനോട് പങ്ക് ചേർക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ സൃഷ്ടികൾ തൃത്വം സമ്മതിക്കുന്ന അടിസ്ഥാനത്തിൽ, അവർക്ക് നിത്യം കണ്ടറിയാവുന്ന ചില അനുഗ്രഹങ്ങളെയും, ദൃഷ്ടാന്തങ്ങളെയും അവരെ ഓർമിപ്പിക്കുന്നു:-

ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ مَهْدًا وَجَعَلَ لَكُمْ فِيهَا سُبُلًا لَّعَلَّكُمْ تَهْتَدُونَ ﴿١٠﴾

﴿10﴾ (അതെ) നിങ്ങൾക്ക് ഭൂമിയെ ഒരു തൊട്ടിൽ (അഥവാ വിരിപ്പ്) ആക്കിയവനാകുന്നു (അവൻ); നിങ്ങൾക്ക് (ഉദ്ദിഷ്ടസ്ഥാനങ്ങളിലേക്ക്) വഴിചേരുവാൻവേണ്ടി അതിൽ പല മാർഗങ്ങളെയും അവൻ ഉണ്ടാക്കിയിരിക്കുന്നു.

وَٱلَّذِى نَزَّلَ مِنَ ٱلسَّمَآءِ مَآءً بِقَدَرٍ فَأَنشَرْنَا بِهِۦ بَلْدَةً مَّيْتًا ۚ كَذَٰلِكَ تُخْرَجُونَ ﴿١١﴾

《11》 ആകാശത്തുനിന്ന് ഒരു തോത് [ക്ലിപ്തം] അനുസരിച്ച് വെള്ളം ഇറക്കിത്തന്നവനുമാകുന്നു (അവൻ). എന്നിട്ട് അത്മൂലം നാം [അല്ലാഹു] നിർജ്ജീവമായ വല്ല രാജ്യത്തെയും പുനർജ്ജീവിപ്പിക്കുന്നു. അത് പോലെ, (മരണാനന്തരം) നിങ്ങൾ പുറത്തുകൊണ്ടുവരപ്പെടുന്നതാണ്.

《10》 ٱلَّذِى യാതൊരുവനാണ് جَعَلَ لَكُمُ നിങ്ങൾക്കവൻ ആക്കി ٱلْأَرْضَ ഭൂമിയെ مَهْدًا ഒരു തൊട്ടിൽ, വിരിപ്പ്, വിതാനം وَجَعَلَ لَكُمْ നിങ്ങൾക്കവൻ ആക്കുക (ഉണ്ടാക്കുക)യും ചെയ്തു فِيهَا سُبُلًا അതിൽ മാർഗങ്ങളെ, لَّعَلَّكُمْ تَهْتَدُونَ നിങ്ങൾ വഴി ചേരുവാൻ (ചെന്നെത്തുവാൻ) വേണ്ടി 《11》 وَٱلَّذِى نَزَّلَ ഇറക്കിയവനുമാണ് مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് مَآءً വെള്ളം بِقَدَرٍ ഒരു തോത് (അളവ് കണക്ക്, ക്ലിപ്തം) അനുസരിച്ച് فَأَنشَرْنَا بِهِۦ എന്നിട്ട് നാം അത് മൂലം പുനർജ്ജീവിപ്പിച്ചു, ഉദ്ധരിച്ചു بَلْدَةً مَّيْتًا ചത്ത (നിർജ്ജീവമായ) രാജ്യം كَذَٰلِكَ അപ്രകാരം تُخْرَجُونَ നിങ്ങൾ പുറത്ത് കൊണ്ടുവരപ്പെടും.

എല്ലാതരം യാത്രാമാർഗങ്ങളും سُبلا (മാർഗങ്ങൾ) എന്ന വാക്കിൽ ഉൾപ്പെടുന്നു. സൃഷ്ടികളുടെ ആവശ്യങ്ങൾക്കും അല്ലാഹു ഉദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും യോജിച്ച നിലയിൽ എന്നത്രെ بقدر (ഒരു തോതനുസരിച്ച്) എന്ന് വാക്ക് കാണിക്കുന്നത്. യാത്രാമാർഗങ്ങളെപ്പറ്റി ഓർമിപ്പിച്ചശേഷം യാത്രക്കുള്ള വാഹനങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നു:-

وَٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا وَجَعَلَ لَكُم مِّنَ ٱلْفُلْكِ وَٱلْأَنْعَٰمِ مَا تَرْكَبُونَ ﴿١٢﴾

《12》 എല്ലാ ഇണവസ്തുക്കളെയും സൃഷ്ടിച്ചവനുമാണ് (അവൻ). കപ്പലുകളായും, കാലിമൃഗങ്ങളായും നിങ്ങൾക്ക് സവാരി ചെയ്യാനുള്ളത് അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

لِتَسْتَوُۥا عَلَىٰ ظُهُورِهِۦ ثُمَّ تَذْكُرُوا

《13》 നിങ്ങൾക്ക് അതിന്റെ (പുറത്തുകയറിയിരുന്നു) ശരിയാകുവാനും, പിന്നെ, അതിൻമേൽ കയറി

نِعۡمَةَ رَبِّكُمۡ إِذَا ٱسۡتَوَيۡتُمۡ عَلَيۡهِ وَتَقُولُواْ سُبۡحَٰنَ ٱلَّذِى سَخَّرَ لَنَا هَٰذَا وَمَا كُنَّا لَهُۥ مُقۡرِنِينَ ﴿١٣﴾

ശരിയായാൽ നിങ്ങളുടെ റബ്ബിന്റെ അനുഗ്രഹം നിങ്ങൾ ഓർമിക്കുവാനും വേണ്ടി; നിങ്ങൾ (ഇങ്ങനെ) പറയുവാനും; ഞങ്ങൾക്ക് ഇതിനെ കീഴ്പെടുത്തിത്തന്നവൻ മഹാപരിശുദ്ധൻ! ഞങ്ങൾ (സ്വന്തം നിലക്ക്) ഇതിനെ ഇണക്കുവാൻ കഴിയുന്നവരായിരുന്നില്ല;

وَإِنَّآ إِلَىٰ رَبِّنَا لَمُنقَلِبُونَ ﴿١٤﴾

﴾14﴿ നിശ്ചയമായും ഞങ്ങൾ, ഞങ്ങളുടെ റബ്ബിങ്കലേക്ക് തിരിച്ചെത്തുന്നവരുമാണ്.

﴾12﴿ وَٱلَّذِى خَلَقَ സൃഷ്ടിച്ചവനുമാണ് ٱلۡأَزۡوَٰجَ ഇണകളെ كُلَّهَا അവയെല്ലാം وَجَعَلَ لَكُم നിങ്ങൾക്ക് ആക്കി (ഉണ്ടാക്കി)ത്തരുകയും ചെയ്തു مِّنَ ٱلۡفُلۡكِ കപ്പലുകളിൽനിന്നും وَٱلۡأَنۡعَٰمِ കാലികളിൽ നിന്നും مَا تَرۡكَبُونَ നിങ്ങൾ സവാരി ചെയ്യുന്നത് (വാഹനം) ﴾13﴿ لِتَسۡتَوُۥاْ നിങ്ങൾ കയറി ശരിപ്പെടുവാൻ, ആരോഹണം ചെയ്യാൻ عَلَىٰ ظُهُورِهِۦ അതിന്റെ പുറത്ത് ثُمَّ تَذۡكُرُواْ പിന്നെ നിങ്ങൾ ഓർക്കുവാനും نِعۡمَةَ رَبِّكُمۡ നിങ്ങളുടെ റബ്ബിന്റെ അനുഗ്രഹം إِذَا ٱسۡتَوَيۡتُمۡ നിങ്ങൾ കയറി ശരിപ്പെട്ടാൽ عَلَيۡهِ അതിന്മേൽ وَتَقُولُواْ നിങ്ങൾ പറയുവാനും سُبۡحَٰنَ ٱلَّذِى യാതൊരുവൻ മഹാപരിശുദ്ധൻ, യാതൊരുവനെ പ്രകീർത്തനം ചെയ്യുന്നു سَخَّرَ لَنَا ഞങ്ങൾക്ക് കീഴ്പെടുത്തി (വിധേയമാക്കി)ത്തന്ന هَٰذَا ഇതിനെ وَمَا كُنَّا ഞങ്ങളാകുമായിരുന്നില്ല, ഞങ്ങളല്ല لَهُۥ ഇതിനെ مُقۡرِنِينَ ഇണക്കുന്നവർ (പാകപ്പെടുത്തുന്നവർ) ﴾14﴿ وَإِنَّآ നിശ്ചയമായും ഞങ്ങൾ إِلَىٰ رَبِّنَا ഞങ്ങളുടെ റബ്ബിങ്കലേക്ക് لَمُنقَلِبُونَ തിരിച്ചെത്തുന്നവർതന്നെയാണ്

വാഹനപ്പുറത്ത് കയറിയിരുന്നു ശരിപ്പെടുമ്പോൾ- വാഹനം ഏതായാലും ശരി- അല്ലാഹു തങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹമാണ് അതെന്നും, അവന്റെ സഹായമില്ലെങ്കിൽ അതിനെ തങ്ങളുടെ ഹിതംപോലെ ഉപയോഗപ്പെടുത്തുമാറാക്കുവാൻ സാധിക്കുമായിരുന്നില്ലെന്നും ഓർമിക്കേണ്ടതുണ്ട്. നാവുകൊണ്ട് അത് സമ്മതിച്ചു പറയുകയും അതിന് നന്ദികാണിക്കുകയും വേണം. പറയേണ്ടുന്ന വാചകം അല്ലാഹുതന്നെ നമുക്ക് പഠിപ്പിച്ചുതരുന്നു: (سبحان الذي എന്ന് തുടങ്ങി لمنقلبون എന്നതുവരെ.) വാഹനത്തിൽ കയറി സവാരിചെയ്യുന്ന ഓരോരുവനും അല്ലാഹു പഠിപ്പിച്ചുതന്ന ഈ തസ്ബീഹ് ചൊല്ലേണ്ടതാകുന്നു. നബിﷺ യാത്ര പുറപ്പെട്ട് ഒട്ടകപ്പുറത്ത് കയറിയിരുന്നുകഴിഞ്ഞാൽ, മൂന്ന് പ്രാവശ്യം തക്ബീർ ചൊല്ലുകയും, പിന്നീട് ആയത്തിൽകണ്ട പ്രസ്തുത വാചകങ്ങൾ ചൊല്ലുകയും ചെയ്തിരുന്നുവെന്ന് ഇബ്നു ഉമർ (റ) പ്രസ്താവിച്ചിരിക്കുന്നു. (അ; മു; തി; ദാ.)

ഇതേ ഹദീഥിൽ തന്നെ ഇപ്രകാരംകൂടി കാണാം: പിന്നീട് നബി ﷺ ഇങ്ങനെ പറയും:

اللّٰهُم إِنِّي أَسْأَلُكَ فِي سَفَرِي هذا الْبِرَّ وَالتَّقْوى وَمِنَ الْعَمَلِ مَا تَرْضَى اللّٰهُمَّ هَوِّنْ عَلَيْنَا السَّفَرِ وَاطْوِ لَنَا

الْبَعِيدِ اللّٰهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الأَهْلِي اللّٰهُمَّ أَصْحَبْنَا فِي سَفَرِنَا وَاخْلِفْنَا فِي أَهْلِنَا

(സാരം: അല്ലാഹുവേ, എന്റെ ഈ യാത്രയിൽ പുണ്യവും ഭയഭക്തിയും നൽകണമെന്നും, നീ തൃപ്തിപ്പെടുന്ന പ്രവൃത്തി ചെയ്യാൻ സാധിപ്പിക്കണമെന്നും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, ഞങ്ങൾക്ക് നീ യാത്ര ലഘുവാക്കിത്തരുകയും, ദൂരപ്പെട്ട- ദീർഘമായ- തിനെ ചുരുക്കിത്തരുകയും വേണമേ! അല്ലാഹുവേ, യാത്രയിലെ കൂട്ടുകാരനും, കുടുംബത്തിലെ പ്രതിനിധിയും നീ തന്നെ. അല്ലാഹുവേ, ഞങ്ങളുടെ യാത്രയിൽ നീ ഞങ്ങളെ തുണക്കുകയും, ഞങ്ങളുടെ കുടുംബത്തിൽ ഞങ്ങളെ പ്രതിനിധീകരിക്കുകയും ചെയ്യേണമേ!) കുടുംബത്തിലേക്ക് മടങ്ങിവരുമ്പോൾ അവിടുന്ന് ഇപ്രകാരം പറയും:

ائبونَ تائبونَ إنْ شاءَ اللهُ عابِدُونَ لِرَبِّنَا حَامِدُون

(സാരം: ഞങ്ങൾ മടങ്ങിവരുന്നു; അല്ലാഹു ഉദ്ദേശിച്ചാൽ, പശ്ചാത്തപിച്ചു മടങ്ങുന്നവരുമാണ്. ഞങ്ങളുടെ റബ്ബിനെ ആരാധിക്കുന്നവരും, സ്തുതിക്കുന്നവരുമാണ്.)

അല്ലാഹുവാണ് ലോകസ്രഷ്ടാവ് എന്ന് സമ്മതിക്കുകയും, അതോടൊപ്പം മലക്കുകൾ അവന്റെ പെൺമക്കളാണെന്ന് വാദിക്കുകയും ചെയ്യുന്നവരെപ്പറ്റി അല്ലാഹു പറയുന്നു:-

وَجَعَلُوا۟ لَهُۥ مِنْ عِبَادِهِۦ جُزْءًا ۚ إِنَّ ٱلْإِنسَـٰنَ لَكَفُورٌ مُّبِينٌ ﴿١٥﴾

﴾15﴿ അവന്റെ അടിയാൻമാരിൽനിന്ന് അവർ അവന് അംശം [മക്കൾ] ഉണ്ടാക്കിവെച്ചിരിക്കുന്നു. നിശ്ചയമായും, മനുഷ്യൻ വ്യക്തമായ നന്ദികെട്ടവൻ തന്നെ!

വിഭാഗം- 2

أَمِ ٱتَّخَذَ مِمَّا يَخْلُقُ بَنَاتٍ وَأَصْفَىٰكُم بِٱلْبَنِينَ ﴿١٦﴾

﴾16﴿ അതല്ലാ- അവൻ സൃഷ്ടിക്കുന്നതിൽനിന്ന് അവൻ പെൺമക്കളെ സ്വീകരിക്കുകയും, ആൺമക്കളെ നിങ്ങൾക്ക് പ്രത്യേകമാ(ക്കി നിശ്ചയി)ക്കുകയും ചെയ്തിരിക്കുകയാണോ?!

﴾15﴿ وَجَعَلُوا۟ لَهُۥ അവന് അവർ ആക്കി, ഏർപ്പെടുത്തി مِنْ عِبَادِهِۦ അവന്റെ അടി യാൻമാരിൽനിന്ന് جُزْءًا അംശം, ഭാഗം إِنَّ ٱلْإِنسَـٰنَ നിശ്ചയമായും മനുഷ്യൻ لَكَفُورٌ നന്ദികെട്ടവൻ തന്നെ مُّبِينٌ പ്രത്യക്ഷനായ, വ്യക്തമായ ﴾16﴿ أَمِ ٱتَّخَذَ അതല്ല (ഒരു പക്ഷേ) അവൻ ഉണ്ടാക്കിയോ, സ്വീകരിച്ചോ مِمَّا يَخْلُقُ അവൻ സൃഷ്ടിക്കുന്നതിൽ നിന്ന് بَنَاتٍ പെൺമക്കളെ, പുത്രിമാരെ وَأَصْفَىٰكُم നിങ്ങളെ (നിങ്ങൾക്ക്) പ്രത്യേക മാക്കുക (തിരഞ്ഞെടുക്കുക)യും ചെയ്തു(വോ) بِٱلْبَنِينَ ആൺമക്കളെക്കൊണ്ട്, പുത്രൻമാരെ

സ്വന്തം ശരീരത്തിന്റെ അംശംപോലെ- അല്ല, അംശംതന്നെ- യാണല്ലോ മക്കൾ. അത്കൊണ്ടാണ് മക്കളെ ഉദ്ദേശിച്ച് അംശം (جزء) എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിന് മക്കളുണ്ടെന്ന് പറഞ്ഞത് ഒരു അപരാധം: അവന്റെ സൃഷ്ടികളാ കുന്ന മലക്കുകളെ അവന്റെ മക്കളാക്കിയത് മറ്റൊരപരാധം; ആ മക്കൾ പെൺമ ക്കളാണെന്ന ജൽപനം മൂന്നാമതൊരപരാധം. ഇവരുടെ വാദം കണ്ടാൽ തോന്നും, ആൺമക്കളെ അവർക്ക് മാത്രമാക്കി നീക്കിവെച്ചിരിക്കുകയും, പെൺമക്കളെ അല്ലാഹു സ്വീകരിച്ചിരിക്കുകയുമാണെന്ന്! അതേസമയത്ത് അവരുടെ നില എന്താ ണെന്ന് നോക്കുക:

وَإِذَا بُشِّرَ أَحَدُهُم بِمَا ضَرَبَ لِلرَّحْمَـٰنِ مَثَلًا ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ ﴿١٧﴾

﴾17﴿ താൻ പരമകാരുണികന് യാതൊന്നിനെ തുല്യമാക്കിയോ അതിനെ [പെൺസന്താനത്തെ]പ്പറ്റി അവരിൽ ഒരാൾക്ക് സന്തോഷ വാർത്ത അറിയിക്കപ്പെട്ടാൽ, അവൻ കോപം നിറഞ്ഞവനായും കൊണ്ട് അവന്റെ മുഖം കറുത്തിരുണ്ടതായി ത്തീരുന്നതാണ്.

﴾17﴿ وَإِذَا بُشِّرَ സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ أَحَدُهُم അവരിൽ ഒരാൾക്ക് بِمَا ضَرَبَ അവൻ ആക്കിയ ഒന്നിനെപ്പറ്റി لِلرَّحْمَـٰنِ പരമകാരുണികന് مَثَلًا ഉപമ, തുല്യ മായത് ظَلَّ وَجْهُهُۥ അവന്റെ മുഖം ആയിത്തീരും مُسْوَدًّا കറുത്തതായി وَهُوَ അവൻ كَظِيمٌ കോപം നിറഞ്ഞവനും (കുപിതനും) ആയിരിക്കും

അല്ലാഹുവിന് മക്കളുണ്ടെന്നും, അത് പെൺമക്കളാണെന്നും ജൽപിക്കുന്ന അവരിൽ ഒരാൾക്ക്, അവൻഅല്ലാഹുവിനുള്ളതായി ജൽപിച്ച അതേ ഇന ത്തിൽപെട്ട ഒന്ന് -ഒരു പെൺകുട്ടി- ജനിച്ചിരിക്കുന്നുവെന്ന് ആരെങ്കിലും വിവരം അറിയിക്കുകയേവേണ്ടൂ, അപ്പോഴേക്കും അവൻ കുപിതനാകും. അവന്റെ മുഖം കറുത്തിരുളുകയും ചെയ്യും. പെൺമക്കൾ ജനിച്ചാലുടനെ ജീവനോടെ അവർ

കുഴിച്ചുമൂടിയിരുന്നതും പ്രസിദ്ധമാകുന്നു. ഇതിനെപ്പറ്റി ഖുർആനിൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണ്. സന്താനങ്ങൾ മാതാപിതാക്കളുടെ വർഗത്തിൽപെട്ട വരായിരിക്കണമല്ലോ. അതുകൊണ്ടാണ് പരമകാരുണികന് (അല്ലാഹുവിന്) തുല്യ മാക്കിയത് എന്ന് മക്കളെപ്പറ്റി പറഞ്ഞത്. അല്ലാഹു ചോദിക്കുന്നു:

أَوَمَن يُنَشَّؤُاْ فِي ٱلۡحِلۡيَةِ وَهُوَ فِي ٱلۡخِصَامِ غَيۡرُ مُبِينٖ ﴿١٨﴾

﴾18﴿ ആഭരണാലങ്കാരത്തിലായി വളർത്തപ്പെടുന്ന ഒരാളെയാണോ, അയാളാകട്ടെ, വാഗ്വാദത്തിൽ (ന്യായം) വ്യക്തമാക്കാ(ൻ കഴിയാ)ത്ത ആളുമാകുന്നു?! [ഇങ്ങനെയുള്ളവരെയാണോ നിങ്ങൾ അല്ലാഹുവിന്റെ മക്കളാണെന്ന് വാദിക്കുന്നത്?!]

﴾18﴿ أَوَمَن യാതൊരുവനോ (ഒരാളോ) يُنَشَّؤُاْ വളർത്തപ്പെടുന്ന فِي ٱلۡحِلۡيَةِ ആഭരണത്തിൽ, അലങ്കാരത്തിലായി وَهُوَ അവനാകട്ടെ فِي ٱلۡخِصَامِ വിവാദത്തിൽ, വാഗ്വാദത്തിൽ غَيۡرُ مُبِينٖ വ്യക്തമാക്കാത്തവനുമാണ്

അല്ലാഹുവിന് പെൺമക്കളുണ്ടെന്ന വാദത്തിലടങ്ങിയ മറ്റൊരു തെറ്റ് ആശ്ചര്യപൂർവ്വം ചൂണ്ടിക്കാട്ടുകയാണ്. പെൺമക്കളെ ചെറുപ്പംമുതൽക്കേ വളർത്തുന്നത് ആഭരണാദി അലങ്കാരങ്ങൾ അണിയിച്ചുകൊണ്ടാണല്ലോ. വലുപ്പത്തിലും അത് തുടരുന്നു. ഇത് അവരുടെ പ്രകൃത്യാ ഉള്ള എന്തോ ഒരു പോരായ്മ നികത്തുവാനാണ്. നേരെമറിച്ച് ആൺസന്താനങ്ങളുടെ സൗന്ദര്യത്തിനോ മറ്റോ ഇത്യാദി മാറ്റുകൂട്ടലൊന്നും ആവശ്യമായി വരുന്നില്ല. ഒരു കവി പാടുന്നു:

وما الحلي الازينة من نقيصة 0 يتمم من حسن اذا الحسن قصرا

واما اذا كان الجمال موفرا 0 كحسنك لم يحتج إلى ان يزورا

'ആഭരണങ്ങൾ, ഒരു പോരായ്മ നിമിത്തം ഉണ്ടാക്കുന്ന അലങ്കാരമെന്നല്ലാതെ മറ്റൊന്നുമല്ല. ഭംഗി കുറവായിരിക്കുമ്പോൾ അത് ഭംഗി പൂർത്തിയാക്കുന്നു. എന്നാൽ, തങ്ങളെപ്പോലെ, പരിപൂർണമായ സൗന്ദര്യമാണുള്ളതെങ്കിൽ, അത് കൃത്രിമമായി ഉണ്ടാക്കപ്പെടേണ്ടതില്ല എന്ന് സാരം'.

അത്പോലെത്തന്നെ, വല്ല കാര്യത്തിലും ന്യായവാദം നടത്തുമ്പോൾ, പുരുഷൻമാരെപ്പോലെ കാര്യങ്ങൾ സമർത്ഥിക്കുവാനും, ന്യായം അവതരിപ്പിക്കുവാനുമുള്ള കഴിവും സ്ത്രീകൾക്കില്ല. ഇത് അവരുടെ ബുദ്ധിപരമായ പോരായ്മയും കാണിക്കുന്നു. എന്നിരിക്കെ, അല്ലാഹുവിന് മക്കളുണ്ടെന്ന് കെട്ടിപ്പറയുകയും, അതോടുകൂടി തങ്ങൾക്കിഷ്ടപ്പെട്ട ഉയർന്ന വിഭാഗത്തെ- ആൺമക്കളെ-

തങ്ങൾക്കും, തങ്ങൾ വെറുത്തുകളഞ്ഞ ആ താണ വിഭാഗത്തെ- പെൺമക്കളെ- അല്ലാഹുവിനും നിശ്ചയിക്കുകയുമാണവർ ചെയ്യുന്നത്. കള്ളം പറയുന്നതിലും വേണ്ടേ ഒരു അതിര്?! സൂ: നജ്മിൽ ഇവരോട് അല്ലാഹു പറയുന്നു: ألكم الذكر وله الأنثى تلك إذا قسمة ضيزى – النجم. (നിങ്ങൾക്ക് ആണും അവന് പെണ്ണു മാണോ? അങ്ങനെയാണെങ്കിൽ അത് അക്രമപരമായ ഒരു ഓഹരിയാണ്.) ചില ദേവീദേവൻമാരെ ആരാധിക്കുകയും, അവരെ ദൈവപുത്രികളും പുത്രൻമാരുമായി വിശ്വസിക്കുകയും ചെയ്യുന്ന ആൾക്കാരെ ഇന്നും കാണാം. ഈ ആക്ഷേപങ്ങ ളെല്ലാം അവരെയും ബാധിക്കുമെന്നതിൽ സംശയമില്ല. അതിനീചവും ഭീമവു മായ ഈ ആരോപണത്തിലടങ്ങിയ വേറെ ഒരു തെറ്റും കൂടി അടുത്ത വാക്യ ത്തിൽ അല്ലാഹു എടുത്ത് കാട്ടുന്നു:-

وَجَعَلُوا۟ ٱلْمَلَـٰٓئِكَةَ ٱلَّذِينَ هُمْ عِبَـٰدُ ٱلرَّحْمَـٰنِ إِنَـٰثًا ۚ أَشَهِدُوا۟ خَلْقَهُمْ ۚ سَتُكْتَبُ شَهَـٰدَتُهُمْ وَيُسْـَٔلُونَ ﴿١٩﴾

﴾19﴿ പരമകാരുണികന്റെ അടിയാൻമാരാകുന്ന മലക്കുകളെ അവർ സ്ത്രീകളാക്കുകയും ചെയ്തിരിക്കുന്നു! അവരെ സൃഷ്ടിച്ചതിന് ഇവർ (അവിടെ ഹാജരായി) സാക്ഷ്യം വഹിച്ചിരുന്നുവോ?! അവരുടെ (ആ) സാക്ഷ്യം രേഖപ്പെടുത്തപ്പെടുകയും, അവർ ചോദ്യം ചെയ്യപ്പെടുകയും, ചെയ്തേക്കുന്നതാണ്.

﴾19﴿ وَجَعَلُوا۟ അവർ ആക്കുകയും ചെയ്തു ٱلْمَلَـٰٓئِكَةَ ٱلَّذِينَ യാതൊരു മലക്കുകളെ هُمْ അവർ عِبَـٰدُ ٱلرَّحْمَـٰنِ പരമകാരുണികന്റെ അടിയാൻമാരാണ് إِنَـٰثًا സ്ത്രീകൾ أَشَهِدُوا۟ അവർ ഹാജറായോ, സാക്ഷ്യം വഹിച്ചോ, കണ്ടോ خَلْقَهُمْ അവരെ സൃഷ്ടിച്ചത് سَتُكْتَبُ (വഴിയെ) എഴുതപ്പെടും, രേഖപ്പെടുത്തപ്പെട്ടേക്കും شَهَـٰدَتُهُمْ അവരുടെ സാക്ഷ്യം وَيُسْـَٔلُونَ അവരോട് ചോദിക്കപ്പെടുകയും ചെയ്യും

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് പറയുവാൻ ഇവർക്കെന്താണ് തെളിവ്? അല്ലാഹു അവരെ സൃഷ്ടിച്ചപ്പോൾ ഇവർ അവിടെ ഹാജരുണ്ടായിരിക്കുകയും, അവരെ സ്ത്രീകളാക്കി സൃഷ്ടിച്ചത് കാണുകയും ചെയ്തിരുന്നുവോ? ഇല്ല. (മലക്കുകളെ സ്ത്രീപുരുഷ വ്യത്യാസമില്ലാതെയാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്.) ഇവരുടെ ഇത്തരം പ്രസ്താവനകളെല്ലാം അല്ലാഹു രേഖപ്പെടുത്തിവെക്കുകയും, അതിനെപ്പറ്റി അവരോട് ചോദ്യം ചെയ്തു നടപടി എടുക്കുകയും ചെയ്യാതിരിക്കയില്ല എന്ന് സാരം. മലക്കുകളുടെ പേരിൽ വിഗ്രഹങ്ങളെ ഉണ്ടാക്കി അവയെ ആരാധിക്കുന്നവരാണ് ഈ മുശ്രിക്കുകൾ. അവർ അതിനെ ന്യായീകരിക്കുവാൻ വേണ്ടി സമർപ്പിക്കാറുള്ള ഒരു ന്യായവാദത്തെക്കുറിച്ചാണ് അടുത്തവചനം.

وَقَالُواْ لَوْ شَآءَ ٱلرَّحْمَٰنُ مَا عَبَدْنَٰهُم ۗ مَّا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَخْرُصُونَ ﴿٢٠﴾

﴾20﴿ അവർ പറയുന്നു: പരമകാരുണികൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഞങ്ങൾ അവരെ [മലക്കുകളെ] ആരാധിക്കുമായിരുന്നില്ല എന്ന്. അതിനെക്കുറിച്ച് യാതൊരറിവും അവർക്കില്ല; അവർ മതിപ്പിട്ട് (ഊഹിച്ച്) പറയുകയല്ലാതെ ചെയ്യുന്നില്ല.

أَمْ ءَاتَيْنَٰهُمْ كِتَٰبًا مِّن قَبْلِهِۦ فَهُم بِهِۦ مُسْتَمْسِكُونَ ﴿٢١﴾

﴾21﴿ അതല്ലാ- അവർക്ക് ഇതിന് മുമ്പായി വല്ല വേദഗ്രന്ഥവും നാം കൊടുത്തിട്ട് അവരതിനെ മുറുകെ പിടിക്കുന്നവരാണോ?!

بَلْ قَالُوٓاْ إِنَّا وَجَدْنَآ ءَابَآءَنَا عَلَىٰٓ أُمَّةٍ وَإِنَّا عَلَىٰٓ ءَاثَٰرِهِم مُّهْتَدُونَ ﴿٢٢﴾

﴾22﴿ (അതൊന്നുമല്ല) പക്ഷേ, അവർ പറയുന്നു: ഞങ്ങൾ ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിലായി കണ്ടെത്തിയിരിക്കുന്നു; ഞങ്ങൾ അവരുടെ കാൽപാടുകളിലൂടെ (ചരിച്ചുകൊണ്ട്) സൻമാർഗം പ്രാപിച്ചവരുമാണ്.

﴾20﴿ وَقَالُواْ അവർ പറയുകയും ചെയ്തു لَوْ شَآءَ ٱلرَّحْمَٰنُ പരമകാരുണികൻ ഉദ്ദേശിച്ചിരുന്നെങ്കിൽ مَا عَبَدْنَٰهُم ഞങ്ങളവരെ ആരാധിക്കയില്ലായിരുന്നു مَّا لَهُم അവർക്കില്ല بِذَٰلِكَ അതിനെപ്പറ്റി مِنْ عِلْمٍ ഒരറിവും إِنْ هُمْ അവരല്ല إِلَّا يَخْرُصُونَ മതിപ്പിടുക (ഊഹിച്ചു പറയുക) യല്ലാതെ **﴾21﴿** أَمْ ءَاتَيْنَٰهُمْ അതല്ല അവർക്ക് നാം നൽകിയിരിക്കുന്നോ كِتَٰبًا വല്ല ഗ്രന്ഥവും مِّن قَبْلِهِۦ ഇതിന് മുമ്പായി فَهُم بِهِۦ എന്നിട്ട് അവർ അതിനെ مُسْتَمْسِكُونَ മുറുകെ പിടിക്കുന്ന (പിടിച്ചുനിൽക്കുന്ന)വരാണ് **﴾22﴿** بَلْ قَالُوٓاْ പക്ഷേ (എങ്കിലും) അവർ പറഞ്ഞു, പറയുന്നു إِنَّا وَجَدْنَآ നിശ്ചയമായും ഞങ്ങൾ കണ്ടെത്തി ءَابَآءَنَا ഞങ്ങളുടെ പിതാക്കളെ عَلَىٰٓ أُمَّةٍ ഒരു സമുദായത്തിലായി, ഒരു മാർഗത്തിലായി وَإِنَّا عَلَىٰٓ ءَاثَٰرِهِم ഞങ്ങൾ അവരുടെ കാല്പാടുകളിലൂടെ, അവശിഷ്ടങ്ങളിലായി مُّهْتَدُونَ സൻമാർഗം പ്രാപിക്കുന്നവരാണ്, നേർമാർഗികളാണ്

തങ്ങളുടെ ശിർക്കിനെ ന്യായീകരിക്കുവാൻ പര്യാപ്തമായ തെളിവുകളില്ലാതെ ഉത്തരം മുട്ടിയ ആ മുശ്രിക്കുകൾ എടുത്ത ഒരു അടവാണിത്. അതായത്, അല്ലാഹുവിന്റെ വിധിയെയും, ഉദ്ദേശ്യത്തെയും ശരണം പ്രാപിച്ച് കുറ്റത്തിൽനിന്ന് ഒഴി

ഞ്ഞുമാറുക. മലക്കുകളെ ആരാധിക്കുന്നത് അല്ലാഹു തൃപ്തിപ്പെട്ട കാര്യമാണ്, അതുകൊണ്ടാണ് തങ്ങളെ അവൻ അതിൽനിന്ന് മുടക്കം ചെയ്യാതിരുന്നത്. അവൻ ഉദ്ദേശിക്കാതെ ഒരു കാര്യവും സംഭവിക്കുകയില്ലല്ലോ ഇതാണവരുടെ വാദം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, തങ്ങൾ മലക്കുകളെ ആരാധിക്കുന്നത് അല്ലാഹു അതിന് ഉദ്ദേശിച്ചതുകൊണ്ടാണ്, അപ്പോൾ അതവൻ തൃപ്തിപ്പെടുന്ന കാര്യവുമാണ് എന്നർത്ഥം.

വാസ്തവത്തിൽ യാഥാർത്ഥ്യം മൂടിവെക്കാനുള്ള ഒരു ഉപായം മാത്രമാണിത്. ലോകത്ത് നടക്കുന്ന എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ചാണെന്നത് വാസ്തവമാണ്. പക്ഷേ, സന്മാർഗവും ദുർമാർഗവും സ്വീകരിക്കുവാനുള്ള കഴിവും, അതിനുള്ള സ്വാതന്ത്ര്യവും കൂടി മനുഷ്യന് അവൻ നൽകിയിട്ടുണ്ട്. ഇതും അവൻ ഉദ്ദേശിച്ചതാണ്. മനുഷ്യൻ നന്മയും തിന്മയും സ്വീകരിക്കാവുന്ന സൃഷ്ടിയായിത്തീർന്നതും അവന്റെ ഉദ്ദേശ്യം അനുസരിച്ചുതന്നെ. അതോടുകൂടി, സന്മാർഗം തിരഞ്ഞെടുക്കണമെന്നും ദുർമാർഗം സ്വീകരിക്കരുതെന്നും അവൻ മനുഷ്യനെ ശാസിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു തൃപ്തിപ്പെടുന്ന സന്മാർഗം ഇന്നതാണെന്നും, അവൻ വെറുക്കുന്ന ദുർമാർഗം ഇന്നതാണെന്നും അവൻ വിവരിച്ച് കൊടുത്തിട്ടുമുണ്ട്. ഇതെല്ലാം അവന്റെ ഉദ്ദേശ്യം അനുസരിച്ചാണല്ലോ ഉണ്ടായിട്ടുള്ളത്. അപ്പോൾ, മനുഷ്യനിൽനിന്ന് ഉണ്ടായേക്കുന്ന എല്ലാ നല്ല കാര്യവും, എല്ലാ ചീത്ത കാര്യവും- രണ്ടും ഉദ്ദേശ്യത്തിന് വിപരീതമായും സംഭവിക്കേണ്ടതായി വരുമല്ലോ. അതേ സമയത്ത് നല്ല കാര്യം മാത്രമേ അവന്റെ അടുക്കൽ തൃപ്തിപ്പെട്ടതായിരിക്കയുള്ളൂ. ചീത്തകാര്യം വെറുക്കപ്പെട്ടതുമായിരിക്കും. അല്ലാഹുവിന്റെ ഉദ്ദേശ്യം അനുസരിച്ചാണ് എല്ലാ കാര്യവും സംഭവിക്കുന്നതെന്നുവെച്ച് അവയെല്ലാം അവൻ തൃപ്തിപ്പെടുന്ന കാര്യമാണെന്ന് ധരിക്കുന്നത് ശരിയല്ല.

മുശ്‌രിക്കുകളുടെ ഈ ന്യായത്തെ രണ്ടുമൂന്ന് പ്രകാരത്തിൽ അല്ലാഹു ഖണ്ഡിക്കുന്നു.

1) അത് ശരിയാണെന്ന്- തങ്ങളുടെ ആരാധന അല്ലാഹു ഉദ്ദേശിച്ചതായിരിക്കെ അതവന്റെ അടുക്കൽ സ്വീകാര്യവുമാണ് എന്ന് -ഉറപ്പിക്കത്തക്ക യാതൊരു അറിവും അവരുടെ പക്കലില്ല. അവർ വെറും ഊഹത്തെ അടിസ്ഥാനമാക്കി മതിപ്പിട്ടു പറയുകയാണ്.

2) മുൻകഴിഞ്ഞ ഏതെങ്കിലും ഒരു ദൈവികഗ്രന്ഥം ആ ആരാധനയെ അനുകൂലിക്കുന്നതായി ഉണ്ടായിട്ടുമില്ല. ഉണ്ടായിരുന്നുവെങ്കിൽ ഇവരുടെ വാദം ന്യായീകരിക്കാമായിരുന്നു. പക്ഷേ, എല്ലാ വേദഗ്രന്ഥവും തൗഹീദ് മാത്രമേ പ്രബോധനം ചെയ്യുന്നുള്ളൂ.

3) ഇതിനെല്ലാം പുറമെ, തങ്ങളുടെ പൂർവ്വപിതാക്കൾ ബഹുദൈവാരാ

ധന ചെയ്യുന്നതായി അവർ കണ്ടു. അതനുസരിച്ച് തങ്ങളും അവരെ അനുഗമിച്ചും അനുകരിച്ചും പോന്നിരിക്കയാണെന്ന് ഇവർ തുറന്ന് പ്രസ്താവിക്കാറുള്ളതാണ്. ഇവരുടെ ശിർക്കിന് യാഥാർത്ഥ കാരണം ഇതായിരിക്കെ, മറ്റുള്ള ന്യായങ്ങളെല്ലാം കേവലം ജൽപനങ്ങൾ മാത്രമാണ്.

ما لهم بذلك من علم (അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല) എന്ന വാക്കിന്റെ താൽപര്യം ഇപ്രകാരവും ആയിരിക്കുന്നതാണ്; തങ്ങൾ മലക്കുകളെ ആരാധിച്ചു കഴിഞ്ഞതിനുശേഷമാണ് അത് അല്ലാഹു ഉദ്ദേശിച്ചതാണെന്ന് അവർ അറിഞ്ഞത്. അവൻ ഉദ്ദേശിച്ചിട്ടുണ്ടെന്ന് അറിഞ്ഞശേഷം, അതിന്റെ അടിസ്ഥാനത്തിലല്ല അവർ ആരാധന നടത്തിയിരിക്കുന്നത്. എന്നിരിക്കെ, അല്ലാഹു ഉദ്ദേശിച്ചതുകൊണ്ടാണ് തങ്ങളത് ചെയ്തതെന്ന് പറയുവാൻ ഇവർക്ക് ന്യായമില്ല. തങ്ങൾ സ്വന്തം നിലക്ക് ചെയ്ത ആ തെറ്റിനെ മൂടിവെക്കുവാനുള്ള ഒരു ന്യായം മാത്രമാണത്.

മനുഷ്യന്റെ പ്രവർത്തനങ്ങളിൽ അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന് പങ്കില്ലെന്ന് വാദിക്കുകയും, ദൈവവിധിയെ (القضاء والقدر) നിഷേധിക്കുകയും ചെയ്യുന്ന കക്ഷി (القدرية والمعتزلة)കളും, അവരെ അനുകരിക്കുന്ന ചില യുക്തിവാദക്കാരും ഈ 20-ാം വചനവും, ഈ ആശയം ഉൾക്കൊള്ളുന്ന സൂ: അൻആമിലെ 148 -ാം വചനവും, സൂ: നഹ്‌ലിലെ 35 -ാം വചനവും തങ്ങൾക്ക് തെളിവായി ഉദ്ധരിക്കാറുണ്ട്. തങ്ങൾക്ക് അനുകൂലമായ രൂപത്തിൽ ഇവയെ വ്യാഖ്യാനിക്കുന്നതോടൊപ്പം, ക്വുർആനിലെ നിരവധി ആയത്തുകളുടെ വ്യക്തമായ അർത്ഥങ്ങൾ അതിനുവേണ്ടി, മാറ്റിമറിക്കുകയും ദുർവ്യാഖ്യാനം ചെയ്യുകയും ഇവരുടെ പതിവാണ്. ഇതിനെപ്പറ്റി സൂറത്തുൽ ഹദീദിന്റെ അവസാനത്തിൽ കൊടുക്കുന്ന വ്യാഖ്യാനക്കുറിപ്പിൽ നാം വിശദമായി വിവരിക്കുന്നതാണ്. إن شاء الله അതുകൊണ്ട് ഇവിടെ അതിനെ സ്പർശിക്കുന്നില്ല.

وَكَذَٰلِكَ مَآ أَرْسَلْنَا مِن قَبْلِكَ فِى قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَآ إِنَّا وَجَدْنَآ ءَابَآءَنَا عَلَىٰٓ أُمَّةٍ وَإِنَّا عَلَىٰٓ ءَاثَٰرِهِم مُّقْتَدُونَ ﴿٢٣﴾

﴿23﴾ (നബിയേ) അപ്രകാരം തന്നെ, നിന്റെ മുമ്പ് ഒരു രാജ്യത്തിലും, ഒരു താക്കീതുകാരനെ [പ്രവാചകനെ] നാം അയച്ചിട്ട് അതിലെ സുഖലോലുപൻമാർ പറയാതെ ഉണ്ടായിട്ടില്ല;) നിശ്ചയമായും ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിലായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; ഞങ്ങൾ അവരുടെ കാൽപാടുകളിലൂടെ പിൻതുടരുന്നവരാണ് എന്ന്.

۞ قَٰلَ أَوَلَوْ جِئْتُكُم بِأَهْدَىٰ مِمَّا وَجَدتُّمْ عَلَيْهِ ءَابَآءَكُمْ ۖ قَالُوٓا۟ إِنَّا بِمَآ أُرْسِلْتُم بِهِۦ كَٰفِرُونَ ﴿٢٤﴾

﴾24﴿ അദ്ദേഹം [താക്കീതുകാരൻ] പറയും: നിങ്ങൾ നിങ്ങളുടെ പിതാക്കളെ ഏതൊന്നിലായി കണ്ടെത്തിയോ അതിനെക്കാൾ മാർഗദർശകമായതിനെ ഞാൻ നിങ്ങൾക്ക് കൊണ്ടുവന്നിട്ടുണ്ടെങ്കിലോ? [എന്നാലും നിങ്ങൾ അവരെത്തന്നെ പിൻതുടരുമോ?] അവർ പറയും: നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ, നിശ്ചയമായും ഞങ്ങൾ അവിശ്വസിച്ചവരാണ്.

فَٱنتَقَمْنَا مِنْهُمْ ۖ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ ٱلْمُكَذِّبِينَ ﴿٢٥﴾

﴾25﴿ അങ്ങനെ, നാം അവരോട് (പ്രതികാര) ശിക്ഷാനടപടിയെടുത്തു. അപ്പോൾ നോക്കുക: (ആ) വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങനെയാണുണ്ടായതെന്ന്!

﴾23﴿ وَكَذَٰلِكَ അതുപോലെ مَآ أَرْسَلْنَا നാം അയച്ചിട്ടില്ല مِن قَبْلِكَ നിന്റെ മുമ്പ്
فِى قَرْيَةٍ ഒരു രാജ്യത്തിലും, നാട്ടിലും مِّن نَّذِيرٍ ഒരു താക്കീതുകാരനെയും إِلَّا قَالَ പറ
യാതെ مُتْرَفُوهَآ അതിലെ സുഖിയൻമാർ, സുഖലോലുപൻമാർ إِنَّا وَجَدْنَآ ഞങ്ങൾ
കണ്ടെത്തിയിരിക്കുന്നു ءَابَآءَنَا ഞങ്ങളുടെ പിതാക്കളെ عَلَىٰٓ أُمَّةٍ ഒരു മാർഗത്തിലായി
وَإِنَّا عَلَىٰٓ ءَاثَٰرِهِم ഞങ്ങൾ അവരുടെ കാല്പാടുകളിലൂടെ مُّقْتَدُونَ തുടരുന്നവരാണ്
﴾24﴿ قَٰلَ അദ്ദേഹം പറയും أَوَلَوْ جِئْتُكُم ഞാൻ നിങ്ങൾക്ക് വന്നിട്ടുണ്ടെങ്കിലുമോ
بِأَهْدَىٰ കൂടുതൽ മാർഗദർശകമായതുകൊണ്ട് (നല്ല വഴിയുമായി) مِمَّا وَجَدتُّمْ
നിങ്ങൾ കണ്ടെത്തിയതിനെക്കാൾ عَلَيْهِ അതിന്റെ മേൽ ءَابَآءَكُمْ നിങ്ങളുടെ പിതാ
ക്കളെ قَالُوٓا۟ അവർ പറയും إِنَّا بِمَآ നിശ്ചയമായും ഞങ്ങൾ യാതൊന്നിൽ أُرْسِلْتُم بِهِ
നിങ്ങൾ അതുമായി അയക്കപ്പെട്ടിരിക്കുന്നു كَٰفِرُونَ അവിശ്വസിച്ചവരാണ് ﴾25﴿
فَٱنتَقَمْنَا അങ്ങനെ നാം പ്രതികാര (ശിക്ഷാ) നടപടി എടുത്തു مِنْهُمْ അവരോട്,
അവരിൽ നിന്ന് فَٱنظُرْ അപ്പോൾ (എന്നാൽ) നോക്കുക كَيْفَ كَانَ എങ്ങനെ ആയെന്ന്
عَٰقِبَةُ പര്യവസാനം, കലാശം ٱلْمُكَذِّبِينَ കളവാക്കുന്ന (വ്യാജമാക്കുന്ന)വരുടെ

പൂർവ്വപിതാക്കളെ അനുകരിച്ച് വഴിപിഴച്ചുപോകലും, ശിർക്ക് തുടങ്ങിയ ദുർമാർഗങ്ങളെ ആ അനുകരണത്തിന്റെ പേരിൽ ന്യായീകരിക്കലും അറബി മുശ്‌രിക്കുകളുടെ മാത്രം സ്വഭാവമല്ലെന്നും, അത് മുൻസമുദായങ്ങളുടെയും പതിവായിരുന്നുവെന്നും, പ്രസ്തുത ന്യായീകരണത്തിൽപോലും ഇവർ അവരെ അനുകരിച്ചിരിക്കുകയാണെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഈ മഹാവ്യാധി വളരെ കാലമായി മുസ്‌ലിം സമുദായത്തിലും പടർന്നു പിടിച്ചിരിക്കയാണ്. മുസ്‌ലിംകൾ വിഗ്രഹാരാധന നടത്താറില്ലെന്ന് സമ്മതിക്കാം. എങ്കിലും ശിർക്ക് പരമായ എത്രയോ കാര്യങ്ങൾ- അവർക്ക് മുഖചരായ നൽകപ്പെട്ടുകൊണ്ടുതന്നെ- സമുദായത്തിൽ നിലനിന്നുവരുന്നത് ഈ അനുകരണം ഒന്നുകൊണ്ടുമാത്രമാണ്. സമുദായത്തിലെ പ്രമാണികളും നേതാക്കളുമാകുന്ന സുഖലോലുപൻമാരാണ് ഇതിൽ മുമ്പൻമാരെന്നതും അനിഷേധ്യമത്രെ. 23 ഉം 24 ഉം വചനങ്ങളിൽ മുശ്‌രിക്കുകളെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ച സംഗതികൾ അക്ഷരം പ്രതി ഇന്ന് നമ്മെക്കുറിച്ചും പറയുനുള്ളത് തന്നെയാണ്. ഇതിന്റെ ഭവിഷ്യത്ത് എന്തായിരിക്കുമെന്ന് 25 -ാം വചനത്തിൽനിന്ന് മനസ്സിലാക്കാവുന്നതുമാകുന്നു. അല്ലാഹുവിൽ ശരണം!

വിഭാഗം -3

وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ وَقَوْمِهِۦٓ إِنَّنِى بَرَآءٌ مِّمَّا تَعْبُدُونَ ﴿٢٦﴾

《26》 ഇബ്റാഹീം, തന്റെ പിതാവിനോടും ജനങ്ങളോടും പറഞ്ഞ സന്ദർഭം (ഓർക്കുക): നിശ്ചയമായും ഞാൻ, നിങ്ങൾ ആരാധിച്ചുവരുന്നവയിൽനിന്നും ഒഴിവായവനാണ്;

إِلَّا ٱلَّذِى فَطَرَنِى فَإِنَّهُۥ سَيَهْدِينِ ﴿٢٧﴾

《27》 -എന്നെ സൃഷ്ടിച്ചുണ്ടാക്കിയവൻ ഒഴികെ. കാരണം, അവൻ എനിക്ക് മാർഗദർശനം നൽകിയേക്കുന്നതാണ്.

وَجَعَلَهَا كَلِمَةًۢ بَاقِيَةً فِى عَقِبِهِۦ لَعَلَّهُمْ يَرْجِعُونَ ﴿٢٨﴾

《28》 അത് [ആ വാക്യം] അദ്ദേഹത്തിന്റെ പിൻഗാമികളിൽ അവശേഷിക്കുന്ന ഒരു വാക്യമാക്കുകയും ചെയ്തു. അവർ (അല്ലാഹുവിങ്കലേക്ക്) മടങ്ങിയേക്കാമല്ലോ.

《26》 وَإِذْ قَالَ പറഞ്ഞ സന്ദർഭം إِبْرَٰهِيمُ ഇബ്റാഹീം لِأَبِيهِ തന്റെ പിതാവിനോട് وَقَوْمِهِ തന്റെ ജനതയോടും إِنَّنِى നിശ്ചയമായും ഞാൻ بَرَآءٌ ഒഴിവായവനാണ്

യാതൊരുവനൊ إِلَّا ٱلَّذِى ﴿27﴾ നിങ്ങൾ ആരാധിച്ചുവരുന്നതിൽനിന്ന് مِّمَّا تَعۡبُدُونَ
ഴികെ فَطَرَنِى എന്നെ സൃഷ്ടിച്ചുണ്ടാക്കിയ فَإِنَّهُۥ എന്നാൽ (കാരണം) അവൻ
سَيَهۡدِينِ(വഴിയെ) എന്നെ നേർമാർഗത്തിലാക്കും, മാർഗദർശനം നൽകിയേക്കും
﴿28﴾ وَجَعَلَهَا അതിനെ ആക്കുകയും ചെയ്തു كَلِمَةَۢ بَاقِيَةً അവശേഷിക്കുന്ന ഒരു
വാക്യം فِى عَقِبِهِۦ തന്റെ പിൻഗാമികളിൽ, പിൻതുടർച്ചക്കാരിൽ لَعَلَّهُمۡ അവരായേ
ക്കാം, ആകുവാൻ വേണ്ടി يَرۡجِعُونَ മടങ്ങുക

ഏകസ്രഷ്ടാവായ അല്ലാഹുവിനെമാത്രമേ ആരാധിക്കാവൂ എന്ന തൗഹീദിന്റെ മുദ്രാവാക്യം അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ സന്താനപരമ്പരയിലും നിലനിന്നുപോന്നു. ഇബ്റാഹീം നബി (അ) തന്റെ മക്കളോടും പൗത്രനായ യഅ്ക്വൂബ് നബി (അ) തന്റെ മക്കളോടും ഇതിനെക്കുറിച്ച് ഒസ്യത്ത് ചെയ്തിട്ടുള്ളതായും, തങ്ങളുടെ പിതാക്കളായ ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാക്വ് (അ) എന്നിവർ സ്വീകരിച്ചുവന്ന ആ തൗഹീദിനെ തങ്ങൾ നിലനിറുത്തുമെന്ന് യഅ്ക്വൂബ് (അ)ന്റെ മക്കൾ, അദ്ദേഹത്തോട് ഏറ്റു സമ്മതിച്ചതായും സൂ: അൽബക്വറഃ (132, 133)യിൽ പ്രസ്താവിച്ചിട്ടുണ്ട്. പിന്നീട് യഅ്ക്വൂബ് (അ)ന്റെ സന്തതികളാകുന്ന വേദക്കാർ മുഖേന അത് ലോകത്ത് നിലനിന്നുംപോന്നു. അനന്തരം, നബി ﷺയുടെ ആഗമനത്തോടുകൂടി ഇസ്മാഈൽ സന്തതികളായ അറബികൾ ആ മുദ്രാവാക്യത്തിന്റെ കൊടിവാഹകരായിത്തീരുകയും ചെയ്തു.

جعلها كلمة باقية (അതിനെ അവശേഷിക്കുന്ന ഒരു വാക്യമാക്കി) എന്നതിലുള്ള ക്രിയയുടെ കർത്താവ് ഇബ്റാഹീം (അ) ആണെന്നും, അല്ലാഹു ആണെന്നും വരാം. അല്ലാഹുവാണെന്ന് വെക്കുമ്പോൾ جعل എന്നതിന് അവൻ ആക്കി എന്നും, ഇബ്റാഹീം (അ) ആണെന്നുവെക്കുമ്പോൾ അദ്ദേഹം ആക്കി എന്നും അർത്ഥം കൽപിക്കാം. രണ്ടായിരുന്നാലും ആശയം ഒന്നുതന്നെ.

بَلۡ مَتَّعۡتُ هَٰٓؤُلَآءِ وَءَابَآءَهُمۡ حَتَّىٰ جَآءَهُمُ ٱلۡحَقُّ وَرَسُولٌ مُّبِينٌ ﴿٢٩﴾

﴿29﴾ എങ്കിലും, ഇക്കൂട്ടർക്കും, ഇവരുടെ പിതാക്കൾക്കും ഞാൻ സുഖഭോഗം നൽകി; അങ്ങനെ, അവർക്ക് യഥാർത്ഥവും സ്പഷ്ടവുമായ (അഥവാ സ്പഷ്ടമാക്കുന്ന) ഒരു റസൂലും വന്നു.

وَلَمَّا جَآءَهُمُ ٱلۡحَقُّ قَالُواْ هَٰذَا سِحۡرٌ وَإِنَّا بِهِۦ كَٰفِرُونَ ﴿٣٠﴾

﴿30﴾ അവർക്ക് യഥാർത്ഥം വന്നപ്പോഴാകട്ടെ, അവർ പറഞ്ഞു: ഇതൊരു ജാലമാണ്; ഞങ്ങൾ ഇതിൽ അവിശ്വസിക്കുന്നവരാണ് എന്ന്!

﴾29﴿ بَلْ ഞാൻ സുഖഭോഗം നൽകി مَتَّعْتُ ഇക്കൂട്ടർക്ക് هَٰٓؤُلَآءِ എങ്കിലും وَءَابَآءَهُمْ അവരുടെ പിതാക്കൾക്കും حَتَّىٰ جَآءَهُمُ അവർക്ക് വരുവോളം, അങ്ങനെ അവർക്ക് വന്നു ٱلْحَقُّ യഥാർത്ഥം وَرَسُولٌ ഒരു റസൂലും (ദൈവദൂതനും) مُّبِينٌ പ്രത്യക്ഷനായ, സ്പഷ്ടമാക്കുന്ന ﴾30﴿ وَلَمَّا جَآءَهُمُ അവർക്ക് വന്നപ്പോൾ ٱلْحَقُّ യഥാർത്ഥം قَالُوا۟ അവർ പറഞ്ഞു هَٰذَا سِحْرٌ ഇത് ജാലമാണ് وَإِنَّا بِهِۦ ഞങ്ങൾ അതിൽ كَٰفِرُونَ അവിശ്വാസികളാണ്

വളരെക്കാലത്തോളം, ധനം, നേതൃത്വം, സ്വാധീനം മുതലായവ നൽകി ഇവരെയും ഇവരുടെ പൂർവ്വികൻമാരെയും അല്ലാഹു സുഖജീവിതം അനുഭവിക്കുവാൻ വിട്ടു. അവരുടെ ദുർമാർഗത്തിന്റെയും, ശിർക്കിന്റെയും പേരിൽ അല്ലാഹു നടപടി എടുത്തില്ല. ഒടുക്കം യഥാർത്ഥം തുറന്നുകാട്ടുന്ന വേദഗ്രന്ഥവും (ക്വുർആനും) സ്പഷ്ടമായ തെളിവുകൾ സഹിതം റസൂലിനെയും അയച്ചുകൊടുത്തു. ഈ അനുഗ്രഹത്തിന് നന്ദികാണിക്കുന്നതിന്പകരം, അത് ജാലമാണെന്ന് പറഞ്ഞുതള്ളുകയും നിഷേധിക്കുകയുമാണവർ ചെയ്തത്.

وَقَالُوا۟ لَوْلَا نُزِّلَ هَٰذَا ٱلْقُرْءَانُ عَلَىٰ رَجُلٍ مِّنَ ٱلْقَرْيَتَيْنِ عَظِيمٍ ﴿٣١﴾

﴾31﴿ അവർ (ഇങ്ങനെയും) പറഞ്ഞു: ഈ ക്വുർആൻ (ഈ) രണ്ട് രാജ്യങ്ങളിൽനിന്നുള്ള മഹാനായ ഒരു പുരുഷന്റെ മേൽ ഇറക്കപ്പെട്ടുകൂടേ?!

﴾31﴿ وَقَالُوا അവർ പറയുകയും ചെയ്തു لَوْلَا نُزِّلَ എന്തുകൊണ്ട് ഇറക്കപ്പെട്ടില്ല, ഇറക്കപ്പെട്ടുകൂടേ هَٰذَا ٱلْقُرْءَانُ ഈ ക്വുർആൻ عَلَىٰ رَجُلٍ ഒരു പുരുഷന്റെ (മനുഷ്യന്റെ) മേൽ مِّنَ ٱلْقَرْيَتَيْنِ രണ്ട് രാജ്യങ്ങളിൽ നിന്നുള്ള عَظِيمٍ മഹാനായ

രണ്ട് രാജ്യങ്ങൾ എന്ന് പറഞ്ഞത് മക്കഃയും, ത്വാഇഫുമാകുന്നു. മക്കഃയിൽ നിന്ന് ഏതാണ്ട് നാല്പത് നാഴികയോളം കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്നതും, വളരെ ഫലഭൂയിഷ്ടവുമായ ഒരു രാജ്യമാണ് ത്വാഇഫ്. മിക്ക കാർഷികോല്പന്നങ്ങളും കൃഷിരഹിതമായ മക്കാനിവാസികൾക്ക് എത്തിച്ചുകൊടുക്കുന്നത് ആ രാജ്യമത്രെ. ക്വുർആൻ മഹത്തായ ഒരു ഗ്രന്ഥമാണെങ്കിൽ, ഈ രണ്ടിലൊരു രാജ്യത്ത് തലയെടുപ്പുള്ള ഏതെങ്കിലും ഒരു മഹാന്റെമേലല്ലേ അത് അവതരിപ്പിക്കേണ്ടത്?! കേവലം ഒരു അനാഥബാലനായി വളർന്ന ഈ സാധുവായ മുഹമ്മദിന്റെ മേൽ അവതരിച്ചത് എന്ത്കൊണ്ടാണ്?! എന്നാണവർ പറയുന്നത്. ഇതിന് അല്ലാഹുവിന്റെ മറുപടി ഇതാണ്:-

أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ ۚ نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا ۚ وَرَفَعْنَا بَعْضَهُمْ فَوْقَ بَعْضٍ دَرَجَٰتٍ لِّيَتَّخِذَ بَعْضُهُم بَعْضًا سُخْرِيًّا ۗ وَرَحْمَتُ رَبِّكَ خَيْرٌ مِّمَّا يَجْمَعُونَ ﴿٣٢﴾

《32》 (നബിയേ) അവരാണോ നിന്റെ റബ്ബിന്റെ കാരുണ്യം ഭാഗിച്ചുകൊടുക്കുന്നത്?! ഐഹിക ജീവിതത്തിൽ അവരുടെ ജീവിത മാർഗം അവർക്കിടയിൽ നാം തന്നെ ഭാഗിച്ചിരിക്കുകയാണ്.

അവരിൽ ചിലരെ ചിലർക്ക് മീതെ നാം പല പടികൾ ഉയർത്തി വെക്കുകയും ചെയ്തിരിക്കുന്നു, അവരിൽ ചിലർ ചിലരെ കീഴ്പ്പെട്ട വരാക്കി വെക്കുവാൻ വേണ്ടി. [അതിന് വേണ്ടിയാണത്.] നിന്റെ റബ്ബിന്റെ കാരുണ്യം അവർ ശേഖരി ച്ചുവരുന്നതിനെക്കാൾ ഉത്തമമാകുന്നു.

《32》 أَهُمْ അവരോ يَقْسِمُونَ ഭാഗിക്കുന്നു, ഓഹരി ചെയ്യുന്നത് رَحْمَتَ رَبِّكَ നിന്റെ റബ്ബിന്റെ കാരുണ്യം نَحْنُ قَسَمْنَا നാം തന്നെ ഓഹരി ചെയ്തിരിക്കുന്നു بَيْنَهُم അവർക്കിടയിൽ مَّعِيشَتَهُمْ അവരുടെ ജീവിതമാർഗം فِى ٱلْحَيَوٰةِ ٱلدُّنْيَا ഐഹികജീവിതത്തിൽ وَرَفَعْنَا നാം ഉയർത്തുകയും ചെയ്തിരിക്കുന്നു بَعْضَهُمْ അവരിൽ ചിലരെ فَوْقَ بَعْضٍ ചിലരുടെ മീതെ دَرَجَٰتٍ പല പദവികൾ, പടികൾ لِّيَتَّخِذَ ആക്കുവാൻ വേണ്ടി بَعْضُهُم അവരിൽ ചിലർ بَعْضًا ചിലരെ سُخْرِيًّا കീഴ്പ്പെടുത്തപ്പെട്ട(വർ), വിധേയമായവർ وَرَحْمَتُ رَبِّكَ നിന്റെ റബ്ബിന്റെ കാരുണ്യം خَيْرٌ ഉത്തമമാണ്, നല്ലതാണ് مِّمَّا يَجْمَعُونَ അവർ ശേഖരിച്ചുവരുന്നതിനെക്കാൾ

ഈ വചനത്തിൽ നിന്ന് പ്രധാനപ്പെട്ട പല സംഗതികളും മനസ്സിലാക്കാവുന്നതാണ്.

1) കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ച അവിശ്വാസികളുടെ ചോദ്യത്തിനുള്ള മറുപടിയാണിത്. മറുപടിയുടെ ചുരുക്കം ഇതാകുന്നു: നുബുവ്വത്തുംരിസാലത്തും(പ്രവാചകത്വവും, ദിവ്യദൗത്യവും) അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടു മാത്രം ലഭിക്കുന്നതാണ്. അവന്റെ അനുഗ്രഹങ്ങൾ വിഹിതിച്ചുകൊടുക്കുന്നത്- വ്യക്തികൾക്കാകട്ടെ, സമുദായത്തിനാകട്ടെ- അവൻ മാത്രമാകുന്നു. അതിൽ മുൻഗണന നൽകേണ്ടതും, ഏറ്റക്കുറവ് വരുത്തേണ്ടതും ആർക്കെല്ലാമാണ്, എങ്ങിനെയൊക്കെയാണ് എന്നൊക്കെ കണക്കാക്കുന്നതും അവൻതന്നെ. പ്രത്യക്ഷത്തിൽ,

മനുഷ്യന്റെ പ്രവർത്തനം മൂലം സിദ്ധിക്കുന്ന ജീവിതമാർഗങ്ങൾപോലും വാസ്തവത്തിൽ അല്ലാഹു നൽകുന്ന അനുഗ്രഹമത്രെ. പരക്കെ എല്ലാവർക്കും സിദ്ധിക്കുന്ന അനുഗ്രഹം പോലും അവൻ ഉദ്ദേശിച്ചപ്രകാരം ജനങ്ങൾക്കിടയിൽ വ്യത്യസ്തമായ തോതിലാണ് അവൻ വിഹിതിച്ചിട്ടുള്ളത്. എന്നിരിക്കെ, മനുഷ്യന്റെ ആഗ്രഹത്തിനോ, പ്രയത്നത്തിനോ, സാമർത്ഥ്യത്തിനോ ഒന്നുംതന്നെ പങ്കില്ലാത്ത ആ അനുഗ്രഹം- പ്രവാചകത്വവും ദൗത്യവും- ഇവർ ഉദ്ദേശിക്കുന്നവർക്ക് നൽകാത്തത് എന്തുകൊണ്ടാണെന്ന് ആക്ഷേപിക്കുവാൻ ഇവർ ആരാണ്? ഇവരാണോ അല്ലാഹുവിന്റെ അനുഗ്രഹത്തെ ഓഹരി ചെയ്തുകൊടുക്കുന്നവർ?! (اهم يقسمون رحمة ربك)

2) മനുഷ്യരുടെ ജീവിതമാർഗങ്ങൾ അവരവർക്ക് വിഹിതിച്ചുകൊടുക്കുന്നത്- ഭൂമിയിൽ മനുഷ്യൻ വളരെ കുറവായിരുന്ന മുൻകാലങ്ങളിലും, ജനപ്പെരുപ്പംകൊണ്ട് മനുഷ്യസമുദായം പട്ടിണി കിടന്ന് ചാവേണ്ടിവരുമെന്ന് അവിശ്വാസികളും അല്പവിശ്വാസികളും ഭയപ്പെട്ട് അസ്വസ്ഥരായിത്തീർന്നേക്കുന്ന പിൽക്കാലങ്ങളിലും തന്നെ- യഥാർത്ഥത്തിൽ അല്ലാഹുവാണ്. മനുഷ്യൻ അതിനുവേണ്ടി അന്വേഷണം നടത്തുന്നു, പ്രയത്നിക്കുന്നു. അവനാൽ കഴിയുന്ന സാമർത്ഥ്യങ്ങളെല്ലാം പ്രയോഗിക്കുന്നു. അത് ആവശ്യമാണ്താനും. പക്ഷേ, അതുകൊണ്ട് മാത്രം കാര്യം അവസാനിക്കുന്നില്ലെന്ന് കാണാം. കാരണം, ഓരോരുവനും ലഭിക്കുന്നതിന്റെ അളവ് അവന്റെ ആഗ്രഹത്തിന്റെയോ, പ്രവർത്തനത്തിന്റെയോ, സാമർത്ഥ്യത്തിന്റെയോ തോതനുസരിച്ചല്ല. അല്ലാഹു കണക്കാക്കുന്ന തോതനുസരിച്ച് മാത്രമായിരിക്കും. ബുദ്ധിയിലും, സാമർത്ഥ്യത്തിലും വളരെ പിന്നോക്കമുള്ള ചിലർക്ക് സമ്പൽസമൃദ്ധിയും, വമ്പിച്ച സുഖസൗകര്യങ്ങളും ലഭിക്കുന്നതും, വലിയ ബുദ്ധിമതികളും അതിസമർത്ഥരുമായ ചിലർക്ക് ശുഷ്കിച്ച ജീവിതമാർഗം മാത്രം ലഭിക്കുന്നതും, ഒരേ കണക്കിന് മുതൽമുടക്കം, ഒരേതരത്തിൽ പ്രവർത്തനവും ഉപയോഗപ്പെടുത്തി ആസൂത്രിതമായി നടത്തിയാൽപോലും രണ്ടുപേരുടെ അദ്ധ്വാനഫലങ്ങൾ പരസ്പരം വ്യത്യസ്തമായിത്തീരുന്നതുമെല്ലാം ഇത്കൊണ്ടാകുന്നു. അതെ, യഥാർത്ഥത്തിൽ ഐഹികജീവിതത്തിലെ ജീവിതമാർഗങ്ങൾ മനുഷ്യർക്കിടയിൽ ഭാഗിച്ചുകൊടുക്കുന്നത് അല്ലാഹുതന്നെ. (نحن قسمنا بينهم معيشتهم في الحيوة الدنيا)

3) ഉപജീവനമാർഗങ്ങളിൽ മാത്രമല്ല, മറ്റെല്ലാ കാര്യങ്ങളിലും മനുഷ്യർ പരസ്പരം വ്യത്യസ്ത നിലക്കാരായിട്ടാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ധനം, സന്താനം, ആരോഗ്യം, യോഗ്യത, ബുദ്ധി, അറിവ്, പെരുമാറ്റം എന്നിങ്ങനെ ഏതെടുത്താലും ശരി, എണ്ണത്തിലോ, വണ്ണത്തിലോ, സ്വഭാവത്തിലോ, ഉപയോഗത്തിലോ വ്യത്യാസം കാണാതിരിക്കയില്ല. ചുരുക്കിപ്പറഞ്ഞാൽ എല്ലാനിലക്കും സമൻമാരായ വ്യക്തികളെ കണ്ടെത്തുക സാധ്യമല്ല. അതെ, അല്ലാഹു ചിലരെക്കാൾ ചിലരെ പല നിലക്കും ഉയർത്തിയാണ് വെച്ചിരിക്കുന്നത്.(ورفع بعضهم فوق بعض درجات)

4) ക്വുർആനിൽ മറ്റ് സ്ഥലങ്ങളിലൊന്നും ഇത്ര വ്യക്തമായി പ്രസ്താവിച്ചിട്ടില്ലാത്ത ഒരു വമ്പിച്ച യുക്തിതത്വമാണ് നാലാമത്തേത്. ഇങ്ങനെ വ്യത്യസ്തമായ നിലയിൽ മനുഷ്യർക്ക് അവന്റെ അനുഗ്രഹങ്ങൾ വിഹിതിച്ചുകൊടുക്കുവാനും, ചിലരെ മറ്റ് ചിലരെക്കാൾ ഓരോ നിലക്ക് ഉയർത്തിവെക്കുവാനുള്ള കാരണം- അതിൽ അന്തർഭവിച്ചിരിക്കുന്ന യുക്തി രഹസ്യം- അവരിൽ ചിലർ ചിലരെ കീഴ്പെടുത്തിവെക്കുകയാണ്. അതിനുവേണ്ടിയാണത്. (ليتخذ بعضهم بعضا سخريا)

സൂ: ശൂറാ 27 ൽ പ്രസ്താവിച്ചതുപോലെ, എല്ലാവർക്കും ഇഷ്ടംപോലെ ഉപജീവനമാർഗം വിശാലമാക്കിക്കൊടുത്തിരുന്നുവെങ്കിൽ മനുഷ്യൻ ഭൂമിയിൽ അക്രമവും, കുഴപ്പവും നിറക്കുമായിരുന്നു. നേരെമറിച്ച് എല്ലാവർക്കും ദാരിദ്ര്യവും കഷ്ടപ്പാടുമായിരുന്നാലത്തെ കഥയും അതുതന്നെ. മനുഷ്യരെല്ലാം ഒരേ നിലവാരത്തിലുള്ളവരാണെങ്കിൽ, ജോലി ചെയ്യാനും ചെയ്യിക്കാനും, തൊഴിൽശാലകൾ നടത്തുവാനും നടത്തിക്കുവാനും ഉപദേശിക്കുവാനും അത് കേൾക്കുവാനും, നേതൃത്വം കൊടുക്കുവാനും അത് സ്വീകരിക്കുവാനും, പഠിക്കുവാനും പഠിപ്പിക്കുവാനും ആളെക്കിട്ടുമോ? ദരിദ്രനില്ലെങ്കിൽ ധനവാന്റെ ധനംകൊണ്ടോ, മൂഢനില്ലെങ്കിൽ ബുദ്ധിമാന്റെ ബുദ്ധിശക്തികൊണ്ടോ, തൊഴിലാളിയില്ലെങ്കിൽ മുതലാളിയുടെ മൂലധനംകൊണ്ടോ രോഗിയില്ലെങ്കിൽ വൈദ്യന്റെ നൈപുണ്യംകൊണ്ടോ എന്താണ് പ്രയോജനം?! കർഷകനുവേണ്ടി തുണി നെയ്യുവാനും, കച്ചവടക്കാരന് ഭക്ഷണമെത്തിക്കുവാനും രോഗിക്ക് ചികിത്സിക്കുവാനും ആളെക്കിട്ടുമോ?! ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യർക്കിടയിൽ പരിപൂർണമായ സ്ഥിതിസമത്വമാണ് നൽകപ്പെട്ടിരിക്കുന്നതെങ്കിൽ, മാനുഷലോകമാസകലം ഒരേ മൂശയിൽ വാർത്തുണ്ടാക്കപ്പെട്ട യന്ത്രങ്ങൾ കണക്കെ മറ്റെന്തോ ഒരു തരം ജീവിയായി മാറുമായിരുന്നേനെ!

ഒരാൾ തനിക്കുവേണ്ടി സമ്പാദിച്ച് കുന്നുകൂട്ടുവാനായി മറ്റൊരുവനെക്കൊണ്ട് വേലചെയ്യിക്കുന്നു: വേലക്കാരൻ അവന്റെ അന്നത്തെ പട്ടിണിക്ക് പരിഹാരത്തിനായി അവന് വേലയെടുക്കാൻ മുമ്പോട്ട് വരുന്നു: ഒരാൾ തന്റെ ഉപജീവനാർത്ഥം മരുന്നുണ്ടാക്കി വിൽപന നടത്തുന്നു; വേറൊരുവൻ തന്റെ രോഗശമനത്തിനായി അത് തേടിച്ചെന്ന് വില കൊടുത്ത് വാങ്ങുന്നു; ഒരാൾ അധികാരമോഹത്താൽ നേതാവായി രംഗത്തിറങ്ങുന്നു; വേറൊരാൾ അയാളുടെ ചില താൽപര്യങ്ങളെ മുൻനിറുത്തി അയാൾക്ക് വഴങ്ങുന്നു... ഇങ്ങനെ പരസ്പരഭിന്നങ്ങളായ ഉദ്ദേശ്യങ്ങളിൽ, പരസ്പരഭിന്നമായ സ്വഭാവത്തോടുകൂടി, ആളുകൾ തമ്മതമ്മിൽ ഇണക്കത്തിലും വണക്കത്തിലും കഴിഞ്ഞുകൂടുന്നു.

പ്രഥമവീക്ഷണത്തിൽ നോക്കുമ്പോൾ ദരിദ്രന്റെ മുമ്പിൽ ധനികനും, പ്രജയുടെ മുമ്പിൽ രാജാവും, തൊഴിലാളിയുടെ മുമ്പിൽ മുതലാളിയും, സാധാരണക്കാരന്റെ മുമ്പിൽ നേതാവും വലിയവരായിരിക്കാം. എങ്കിലും, അൽപം ഉള്ളോട്ട് കടന്ന് ആലോചിച്ചാൽ, അവരുടെ വലുപ്പവും, യോഗ്യതയും മറ്റേവരെ ആശ്രയി

ച്ചാണിരിക്കുന്നതെന്ന് കാണാവുന്നതാണ്. അതെ, ഒരു തുലാസ്സിന്റെ രണ്ടുതട്ടുകളെന്നോണം, മനുഷ്യസമുദായത്തിന്റെ ഉയർച്ചതാഴ്ചകളുടെ തട്ടുകളെയും അല്ലാഹു പാകപ്പെടുത്തിവെച്ചിരിക്കുകയാണ്. മനുഷ്യപ്രകൃതിക്ക് അനുയോജ്യമായി അല്ലാഹു നിശ്ചയിച്ചരുളിയ ഈ പ്രകൃതിനിയമത്തെ മാറ്റി തൽസ്ഥാനത്ത് പരിപൂർണമായ ഒരു സ്ഥിതിസമത്വം സ്ഥാപിക്കുവാൻ ഏതൊരു ഇസത്തിനോ ഇസക്കാർക്കോ സാധ്യമല്ലതന്നെ. ولن تجد لسنة الله تبديلا (അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു മാറ്റവും നീ കണ്ടെത്തുന്നതേയല്ല.)

5) ഐഹികമായ അനുഗ്രഹങ്ങളെപ്പറ്റി പ്രസ്താവിക്കുന്ന കൂട്ടത്തിൽ പാരത്രികകാര്യങ്ങളെയും ഓർമിപ്പിക്കുകയെന്നത് ക്വുർആന്റെ പതിവാണ്. അത് ഇവിടെയും കാണാം. ഐഹികജീവിതമാർഗങ്ങളെപ്പറ്റിയാണിവിടെ സംസാരം. അവ കഴിവതും സമ്പാദിക്കുവാനും, അതിന്വേണ്ടുന്ന പരിശ്രമം നടത്തുവാനും– വളരെ പ്രോത്സാഹനമൊന്നും കൂടാതെത്തന്നെ– മനുഷ്യൻ സ്വയം പ്രേരിതനാണ്. അവനവന്റെ കണക്കിൽ അല്ലാഹു ഉദ്ദേശിച്ചത് ലഭിക്കുകയും ചെയ്യും. പക്ഷേ, ഒരു കാര്യം അവൻ പ്രത്യേകം ഓർത്തിരിക്കേണ്ടതുണ്ട്. ورحمة ربك خير مما يجمعون (നിന്റെ റബ്ബിന്റെ കാരുണ്യം അവർ ശേഖരിച്ചുണ്ടാക്കുന്നതിനെക്കാൾ ഉത്തമമാണ്.) എന്നത്രെ അത്. ഇവിടെ അനുഗ്രഹങ്ങളല്ല– ഇതിന്മുമ്പത്തെ വാക്യങ്ങളിലെ സംസാരവിഷയമായ പ്രവാചകത്വമാകുന്ന അനുഗ്രഹവും, അതുമുഖേന ലഭിക്കുവാനിരിക്കുന്ന അനുഗ്രഹങ്ങളുമാകുന്നു. എന്നുവെച്ചാൽ, ശാരീരികവും, ഐഹികവുമായ സുഖസൗകര്യങ്ങൾ സമ്പാദിക്കുവാൻ മനുഷ്യൻ ശ്രമിക്കുന്നു; വാസ്തവത്തിൽ അതിനെക്കാൾ ആവശ്യമായിട്ടുള്ളത് ആത്മീയവും പാരത്രികവുമായ സുഖസൗകര്യങ്ങൾ സമ്പാദിക്കുവാൻ പരിശ്രമിക്കുകയാണ്; കാരണം, അതത്രെ മറ്റേതിനെക്കാൾ ഉത്തമം എന്ന് താൽപര്യം. الله أعلم. അടുത്ത വചനങ്ങളിൽനിന്ന് ഇപ്പറഞ്ഞത് കൂടുതൽ വ്യക്തമാകുന്നതാണ്:-

وَلَوْلَآ أَن يَكُونَ ٱلنَّاسُ أُمَّةً وَٰحِدَةً لَّجَعَلْنَا لِمَن يَكْفُرُ بِٱلرَّحْمَٰنِ لِبُيُوتِهِمْ سُقُفًا مِّن فِضَّةٍ وَمَعَارِجَ عَلَيْهَا يَظْهَرُونَ ﴿٣٣﴾

《33》 മനുഷ്യർ (എല്ലാവരും) ഒരേ ഒരു സമുദായമായിത്തീരുകയില്ലായിരുന്നുവെങ്കിൽ, പരമകാരുണികനിൽ [അല്ലാഹുവിൽ] അവിശ്വസിക്കുന്നവർക്ക് നാം ഉണ്ടാക്കിക്കൊടുക്കുമായിരുന്നു. അവരുടെ വീടുകൾക്ക് വെള്ളികൊണ്ടുള്ള മേൽപുരകളും, അവർക്ക് (മേൽപോട്ട്) കയറിപ്പോകുവാനുള്ള കോണികളും,-

وَلِبُيُوتِهِمْ أَبْوَٰبًا وَسُرُرًا عَلَيْهَا يَتَّكِـُٔونَ ﴿٣٤﴾

﴾34﴿ അവരുടെ വീടുകൾക്ക് (വെള്ളികൊണ്ടുള്ള) വാതിലുകളും, അവർക്ക് ചാരിയിരിക്കുവാനുള്ള കട്ടിലുകളും.

وَزُخْرُفًا ۚ وَإِن كُلُّ ذَٰلِكَ لَمَّا مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۚ وَٱلْـَٔاخِرَةُ عِندَ رَبِّكَ لِلْمُتَّقِينَ ﴿٣٥﴾

﴾35﴿ (കൂടാതെ) സ്വർണാലങ്കാരവും! (വാസ്തവത്തിൽ) അതെല്ലാം, ഐഹികജീവിതത്തിന്റെ ഉപകരണമല്ലാതെ (മറ്റൊന്നും) അല്ലതന്നെ. നിന്റെ രക്ഷിതാവിന്റെ അടുക്കൽ പരലോകം, (സൂക്ഷിക്കുന്ന) ഭയഭക്തൻമാർക്കാകുന്നു.

﴾33﴿ وَلَوْلَآ ഇല്ലായിരുന്നെങ്കിൽ أَن يَكُونَ ആയിരിക്കൽ ٱلنَّاسُ മനുഷ്യർ أُمَّةً وَٰحِدَةً ഒരു (ഏക) സമുദായം لَّجَعَلْنَا നാം ആക്കുമായിരുന്നു, ഉണ്ടാക്കുമായിരുന്നു لِمَن يَكْفُرُ അവിശ്വസിക്കുന്നവർക്ക് بِٱلرَّحْمَٰنِ പരമകാരുണികനിൽ لِبُيُوتِهِمْ അവരുടെ വീടുകൾക്ക് سُقُفًا മേൽപുരകൾ مِّن فِضَّةٍ വെള്ളിയാൽ, വെള്ളികൊണ്ട് وَمَعَارِجَ കോണിപ്പടികളും عَلَيْهَا അവയിൽകൂടി, അതിൻമേൽ يَظْهَرُونَ അവർ വെളിക്കുവരും, അവർ കയറുന്ന ﴾34﴿ وَلِبُيُوتِهِمْ അവരുടെ വീടുകൾക്ക് أَبْوَٰبًا വാതിലുകളും وَسُرُرًا കട്ടിലുകളും عَلَيْهَا അവയിൽ, അതിൻമേൽ يَتَّكِـُٔونَ അവർ ചാരിയിരിക്കും. ﴾35﴿ وَزُخْرُفًا സ്വർണവും, അലങ്കാരവും, തങ്കവും, മോടിയും وَإِن كُلُّ ذَٰلِكَ അവയെല്ലാം തന്നെ, അവയെല്ലാം അല്ല لَمَّا مَتَٰعُ ഉപകരണം തന്നെയാണ്, ഉപകരണമല്ലാതെ ٱلْحَيَوٰةِ ٱلدُّنْيَا ഐഹികജീവിതത്തിന്റെ وَٱلْـَٔاخِرَةُ പരലോകമാകട്ടെ عِندَ رَبِّكَ നിന്റെ റബ്ബിന്റെ അടുക്കൽ لِلْمُتَّقِينَ സൂക്ഷിക്കുന്നവർക്കാണ്, ഭയഭക്തൻമാർക്കാണ്

ഐഹികവിഭവങ്ങളും, സുഖസൗകര്യങ്ങളും അല്ലാഹുവിന്റെ അടുക്കൽ ഒട്ടും വിലപ്പെട്ടതല്ല. വേണമെങ്കിൽ, അല്ലാഹുവിൽ വിശ്വസിക്കാത്ത എല്ലാവർക്കും അവരുടെ വീടും ഉപകരണങ്ങളുമെല്ലാം വെള്ളിയും സ്വർണവും ആകുമാറ് വമ്പിച്ചതോതിൽ സുഖസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിൽ അല്ലാഹുവിന് യാതൊരു മുടക്കുമില്ല. പക്ഷേ, അത് കണ്ട് മറ്റുള്ളവർ വഞ്ചിതരായി വഴിപിഴച്ചുപോകുകയും, അങ്ങനെ എല്ലാവരും ഒരുപോലെ ആയിത്തീരുകയും ചെയ്യാൻ കാരണമാകും. അതുകൊണ്ടാണ് അങ്ങനെ ചെയ്യാതിരുന്നത്. അല്ലാതെ, ഐഹിക സുഖസൗകര്യങ്ങൾക്ക് വില കൽപിച്ചതുകൊണ്ടല്ല. അവ എത്ര തന്നെ ഉന്നതതരമായിരുന്നാലും ശരി, താൽക്കാലികവും നശ്വരമാകുന്നു. നേരെമറിച്ച് പരലോ

കവിഭവങ്ങളാകട്ടെ, അവയെക്കാൾ എത്രയോ ഉയർന്നതും, നശിച്ചുപോകാത്തതുമാണ്. അതാണെങ്കിൽ, അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷിച്ച് ജീവിക്കുന്ന ഭയഭക്തന്മാർക്കുള്ളതാണ്താനും.

നബിﷺ പറയുന്നു: നിങ്ങൾ സ്വർണത്തിന്റെയും, വെള്ളിയുടെയും പാത്രങ്ങളിൽ കുടിക്കുകയും, അവയുടെ തളികകളിൽ തിന്നുകയും ചെയ്യരുത്. കാരണം, അത് ഇഹത്തിൽ അവർക്ക് -അവിശ്വാസികൾക്ക്- ഉള്ളതാകുന്നു. പരലോകത്തിൽ നമുക്കും- സത്യവിശ്വാസികൾക്കും.(ബു; മു.) വേറൊരു ഹദീഥിൽ നബിﷺ പറയുന്നു: ഇഹലോകം അല്ലാഹുവിന്റെ അടുക്കൽ ഒരു കൊതുവിന്റെ ചിറകിന് സമാനമുണ്ടായിരുന്നുവെങ്കിൽ, അതിൽനിന്ന് ഒരിക്കലും ഒരു അവിശ്വാസിക്ക് ഒരു മുറുക്ക് വെള്ളം അവൻ കുടിക്കുവാൻ കൊടുക്കുമായിരുന്നില്ല.(തി; ജ.) ഈ ലോകത്ത് ഒരാൾക്ക് എന്ത്തന്നെ സമ്പാദിക്കുവാൻ കഴിഞ്ഞാലും അവൻ അതിൽനിന്ന് യഥാർത്ഥത്തിൽ അനുഭവിക്കുന്നത് എത്രമാത്രമായിരിക്കുമെന്ന് ഒരു ഹദീഥിൽ നബിﷺ വിവരിച്ചിട്ടുള്ളത് നോക്കുക: 'എന്റെ ധനം! എന്റെ ധനം! എന്ന് മനുഷ്യൻ പറഞ്ഞുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവന്റെ ധനത്തിൽനിന്ന് അവനുള്ളത് മൂന്നെണ്ണമാണ്: അവൻ തിന്ന് നശിപ്പിച്ചത്. അല്ലെങ്കിൽ അവൻ ഉടുത്ത് പഴക്കിയത്. അല്ലെങ്കിൽ അവൻ (ധർമം) കൊടുത്തു (പിന്നേക്ക്) സൂക്ഷിച്ചുവെച്ചത്. ഇവയെല്ലാത്തതെല്ലാം പോയിപ്പോകുന്നതും, അവൻ ജനങ്ങൾക്കായി വിട്ടേക്കുന്നതുമാകുന്നു'. (മു.)

വിഭാഗം- 4

وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَٰنِ نُقَيِّضْ لَهُۥ شَيْطَٰنًا فَهُوَ لَهُۥ قَرِينٌ ﴿٣٦﴾

《36》 പരമകാരുണികന്റെ സ്മരണ വിട്ട് ആരെങ്കിലും തിരിഞ്ഞുപോകുന്നപക്ഷം, നാം അവന് ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കും; എന്നിട്ട് അവൻ അവന് കൂട്ടാളിയായിരിക്കും.

وَإِنَّهُمْ لَيَصُدُّونَهُمْ عَنِ ٱلسَّبِيلِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ ﴿٣٧﴾

《37》 അവർ [പിശാചുക്കൾ] ആകട്ടെ, അവരെ (യഥാർത്ഥ) മാർഗത്തിൽനിന്ന് തടയുന്നതുമാകുന്നു. തങ്ങൾ നേർമാർഗം പ്രാപിച്ചവരാണെന്ന് അവർ കണക്കാക്കുകയും ചെയ്യും.

《36》 وَمَن يَعْشُ ആരെങ്കിലും ചരിഞ്ഞു (തിരിഞ്ഞു) പോകുന്നതായാൽ عَن ذِكْرِ ٱلرَّحْمَٰنِ റഹ്മാന്റെ സ്മരണ (ഓർമ)യിൽ നിന്ന് نُقَيِّضْ لَهُۥ അവന് നാം നിയോഗിക്കും, ഏർപ്പെടുത്തും شَيْطَٰنًا ഒരു പിശാചിനെ فَهُوَ لَهُۥ എന്നിട്ട് അവൻ അവന്

قَرِينٌ ഇണ (തുണ)യായിരിക്കും, കൂട്ടാളിയാണ് ﴾37﴿ وَإِنَّهُمْ നിശ്ചയമായും അവർ لَيَصُدُّونَهُمْ അവരെ തടയും, തടുക്കും عَنِ ٱلسَّبِيلِ വഴിയിൽ നിന്ന് وَيَحْسَبُونَ അവർ കണക്കാക്കുക (വിചാരിക്ക)യും ചെയ്യും أَنَّهُم مُّهْتَدُونَ അവർ നേർമാർഗം പ്രാപിച്ചവരാണെന്ന്

അല്ലാഹുവിനെ ഭയപ്പെടാതെയും, അവന്റെ നിയമനിർദ്ദേശങ്ങൾ വിലവെക്കാതെയും ഇരിക്കുന്നവർക്ക് ലഭിക്കുന്ന കൂട്ടാളികൾ പിശാചുക്കളായിരിക്കും. പിശാചുക്കൾ മനുഷ്യരെ വഴിപിഴപ്പിക്കുകയും, എല്ലാ തോന്നിയവാസങ്ങളും ഭൂഷണമാക്കി കാണിച്ചു കൊടുക്കുകയുമാണ് ചെയ്യുക എന്ന് പറയേണ്ടതില്ല. തങ്ങൾ സ്വീകരിച്ച മാർഗമാണ് കൂടുതൽ നല്ല മാർഗമെന്ന ധാരണ വന്നുകഴിഞ്ഞാൽ പിന്നെ എന്തിനും ധൃഷ്ടരാവുകയാണല്ലോ അതിന്റെ ഫലം. ഈ പിശാചുക്കൾ മനുഷ്യവർഗത്തിലും, ജിന്നുവർഗത്തിലുമുള്ള പിശാചുക്കളായിരിക്കാവുന്നതാണ്. (സൂ: ഹാമീം സജദഃ 25 ഉം വിവരണവും നോക്കുക.) പരലോകത്ത് ചെല്ലുമ്പോൾ ഈ കൂട്ടാളികളും അവരും തമ്മിൽ പിണങ്ങുന്നതുമാണ്:-

حَتَّىٰٓ إِذَا جَآءَنَا قَالَ يَٰلَيْتَ بَيْنِى وَبَيْنَكَ بُعْدَ ٱلْمَشْرِقَيْنِ فَبِئْسَ ٱلْقَرِينُ ﴿٣٨﴾

﴾38﴿ അങ്ങനെ, നമ്മുടെ അടുക്കൽ വരുമ്പോൾ അവൻ (കൂട്ടാളിയോട്) പറയും: അയ്യോ! എന്റെയും നിന്റെയും ഇടയ്ക്ക് ഉദയാസ്തമയങ്ങളുടെ (അത്ര) ദൂരമുണ്ടായിരുന്നെങ്കിൽ നന്നായേനേ! അപ്പോൾ, (ആ) കൂട്ടുകാരൻ എത്രയോ ചീത്ത!

وَلَن يَنفَعَكُمُ ٱلْيَوْمَ إِذ ظَّلَمْتُمْ أَنَّكُمْ فِى ٱلْعَذَابِ مُشْتَرِكُونَ ﴿٣٩﴾

﴾39﴿ ഹേ, (കൂട്ടരേ,) നിങ്ങൾ അക്രമം പ്രവർത്തിച്ചിരിക്കയാൽ നിങ്ങൾ (ഇരുകൂട്ടരും) ശിക്ഷയിൽ പങ്ക് ചേരുന്നവരാണെന്നുള്ളത് അന്ന് നിങ്ങൾക്ക് ഉപകാരം ചെയ്യുന്നതല്ലതന്നെ.

﴾38﴿ حَتَّىٰٓ إِذَا جَآءَنَا അങ്ങനെ അവൻ നമ്മുടെ അടുക്കൽ വന്നാൽ قَالَ അവൻ പറയും يَٰلَيْتَ അയ്യോ ഉണ്ടായെങ്കിൽ നന്നായേനെ بَيْنِى وَبَيْنَكَ എന്റെയും നിന്റെയും ഇടയിൽ بُعْدَ ٱلْمَشْرِقَيْنِ ഉദയാസ്തമയങ്ങളുടെ അകലം, ദൂരം فَبِئْسَ അപ്പോൾ എത്ര ചീത്ത ٱلْقَرِينُ ഇണ, കൂട്ടുകാരൻ ﴾39﴿ وَلَن يَنفَعَكُمُ നിങ്ങൾക്ക് ഉപകാരം ചെയ്യുന്നതേയല്ല ٱلْيَوْمَ അന്ന്, ആ ദിവസം إِذ ظَّلَمْتُمْ നിങ്ങൾ അക്രമം ചെയ്തിരിക്കെ

أَنَّكُمْ നിങ്ങളാണെന്നുള്ളത് فِي ٱلْعَذَابِ ശിക്ഷയിൽ مُشْتَرِكُونَ പങ്ക് ചേരുന്നവർ

المشرق (ഉദയസ്ഥാനം) എന്നതിന്റെ ദ്വിവചനമാണ് المشرقين എന്ന വാക്ക്. ഏതെങ്കിലും തുല്യസ്ഥാനമുള്ള രണ്ടെണ്ണത്തെ ഉദ്ദേശിച്ച് ആ രണ്ടിലൊന്നിന്റെ ഏകവചനത്തിന് ദ്വിവചന (تثنية) രൂപം നൽകി ഉപയോഗിക്കുന്ന ഒരു സമ്പ്രദായം അറബിഭാഷയിലുണ്ട്. മാതാക്കളെ ഉദ്ദേശിച്ച് أبوين (രണ്ട് പിതാക്കൾ) എന്നും, സൂര്യചന്ദ്രന്മാരെ ഉദ്ദേശിച്ച് قمرين (രണ്ട് ചന്ദ്രൻമാർ) എന്നും മറ്റും പറയാറുള്ളത് ഇതനുസരിച്ചാകുന്നു. ഇഹത്തിൽവെച്ച് അക്രമപ്രവർത്തനങ്ങളിൽ അവർ കൂട്ടാളികളായിരുന്നത്പോലെ, പരലോകശിക്ഷയിലും അവർ കൂട്ടുകാരായിരിക്കും. എന്നാൽ മുമ്പത്തെ സ്നേഹബന്ധത്തിന് പകരം അന്ന് അവർക്കിടയിൽ അങ്ങേഅറ്റം അറപ്പും വെറുപ്പുമായിരിക്കും ഉണ്ടായിരിക്കുക.

أَفَأَنتَ تُسْمِعُ ٱلصُّمَّ أَوْ تَهْدِى ٱلْعُمْىَ وَمَن كَانَ فِى ضَلَٰلٍ مُّبِينٍ ﴿٤٠﴾

《40》 എന്നാൽ, (നബിയേ) ബധിരൻമാരെ നീ കേൾപ്പിക്കുമോ? അല്ലെങ്കിൽ, അന്ധൻമാരെയും, സ്പഷ്ടമായ വഴിപിഴവിലായവരെയും നീ നേർമാർഗം കാട്ടുമോ?!

فَإِمَّا نَذْهَبَنَّ بِكَ فَإِنَّا مِنْهُم مُّنتَقِمُونَ ﴿٤١﴾

《41》എനി, നിന്നെ നാം (ഇവിടെനിന്ന്) കൊണ്ടുപോകുകയാണെങ്കിൽ, അവരോട് നിശ്ചയമായും നാം ശിക്ഷാ നടപടി എടുക്കുന്നവരാകുന്നു.

أَوْ نُرِيَنَّكَ ٱلَّذِى وَعَدْنَٰهُمْ فَإِنَّا عَلَيْهِم مُّقْتَدِرُونَ ﴿٤٢﴾

《42》 അല്ലെങ്കിൽ, അവരോട് നാം താക്കീത് ചെയ്തത് [ശിക്ഷ] നിനക്ക് കാട്ടിത്തരുകയാണെങ്കിലും, നിശ്ചയമായും നാം അവരോട് (അതിന്) കഴിവുള്ളവരാകുന്നു.

《40》 أَفَأَنتَ تُسْمِعُ അപ്പോൾ (എന്നാൽ) നീ കേൾപ്പിക്കുമോ ٱلصُّمَّ ബധിരൻമാരെ, ചെവി കേൾക്കാത്തവരെ أَوْ تَهْدِى അല്ലെങ്കിൽ നീ വഴി കാട്ടുമോ ٱلْعُمْىَ അന്ധൻമാർക്ക് وَمَن كَانَ ആയവനെയും فِى ضَلَٰلٍ مُّبِينٍ സ്പഷ്ടമായ വഴി പിഴവിൽ 《41》 فَإِمَّا نَذْهَبَنَّ بِكَ എനി, (എന്നാൽ) നിന്നെ നാം കൊണ്ടുപോകുകയാ

ണെങ്കിൽ, കൊണ്ടുപോയാൽ فَإِنَّا مِنْهُم എന്നാൽ നിശ്ചയമായും നാം അവരോട് مُّنتَقِمُونَ പ്രതികാര (ശിക്ഷാ) നടപടിയെടുക്കുന്നവരാണ്. ﴾42﴿ أَوْ نُرِيَنَّكَ അല്ലെങ്കിൽ നിനക്ക് നാം കാട്ടിത്തരുന്നുവെങ്കിൽ ٱلَّذِى وَعَدْنَٰهُمْ നാമവരോട് താക്കീത് (വാഗ്ദത്തം) ചെയ്തത് فَإِنَّا عَلَيْهِم എന്നാൽ നിശ്ചയമായും നാം അവരുടെമേൽ (അവരോട്) مُّقْتَدِرُونَ കഴിവുള്ളവരാണ്

നബിﷺ ചരമം പ്രാപിച്ചാലും, അവരിൽ അല്ലാഹു ശിക്ഷാനടപടി എടുക്കാതിരിക്കയില്ല; അല്ലെങ്കിൽ നബിﷺ ജീവിച്ചിരിക്കെത്തന്നെ വേണമെങ്കിലും അല്ലാഹുവിന് അതിന് കഴിവുണ്ട് എന്ന് സാരം. നബിﷺ ജീവിച്ചിരിക്കുമ്പോൾ തന്നെ ഇസ്‌ലാമിന്റെ കൊടി പറക്കുകയും, അവർ നിശ്ശേഷം പരാജയമടഞ്ഞ് കീഴടങ്ങുകയും ചെയ്തുവല്ലോ.

فَٱسْتَمْسِكْ بِٱلَّذِىٓ أُوحِىَ إِلَيْكَ ۖ إِنَّكَ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٤٣﴾

﴾43﴿ ആകയാൽ, നിനക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിനെ [ക്വുർആനെ] നീ മുറുകെ പിടിച്ചുകൊള്ളുക. നീ (ശരിക്ക്) നേരായ പാതയിൽ തന്നെയാകുന്നു.

وَإِنَّهُۥ لَذِكْرٌ لَّكَ وَلِقَوْمِكَ ۖ وَسَوْفَ تُسْـَٔلُونَ ﴿٤٤﴾

﴾44﴿ അതാകട്ടെ, നിനക്കും, നിന്റെ ജനതക്കും നിശ്ചയമായും ഒരു കീർത്തിയാകുന്നു. വഴിയെ നിങ്ങളോട് (അതിനെപ്പറ്റി) ചോദിക്കപ്പെടുകയും ചെയ്യും.

﴾43﴿ فَٱسْتَمْسِكْ ആകയാൽ നീ മുറുകെ പിടിക്കുക بِٱلَّذِىٓ أُوحِىَ വഹ്‌യ് (ബോധനം) നൽകപ്പെട്ടതിനെ إِلَيْكَ നിനക്ക് إِنَّكَ നിശ്ചയമായും നീ عَلَىٰ صِرَٰطٍ പാത (വഴി)യിലാണ് مُّسْتَقِيمٍ നേരായ, ചൊവ്വായ ﴾44﴿ وَإِنَّهُۥ നിശ്ചയമായും അത് لَذِكْرٌ لَّكَ നിനക്ക് ഒരു കീർത്തി (സ്മരണ) തന്നെ وَلِقَوْمِكَ നിന്റെ ജനതക്കും وَسَوْفَ വഴിയെ, പിന്നീട് تُسْـَٔلُونَ നിങ്ങളോട് ചോദിക്കപ്പെടുകയും ചെയ്യും.

ذكر (ദിക്ർ) എന്ന വാക്കിന് സ്മരണ, കീർത്തി, ഉപയോഗം, പ്രശസ്തി, സന്ദേശം, പ്രസ്താവന എന്നിങ്ങനെ സന്ദർഭോചിതം പല അർത്ഥങ്ങളും വരാവുന്നതാണ്. കീർത്തി, പ്രശസ്തി എന്നിങ്ങനെയുള്ള അർത്ഥമാണ് ഇവിടെ പല മഹാന്മാരും സ്വീകരിച്ചിട്ടുള്ളത്. ക്വുർആന്റെ അനുയായികളായിരിക്കുന്ന കാലത്തോളം മുസ്‌ലിംകൾക്ക് പൊതുവിലും, അറബികൾക്ക് പ്രത്യേകിച്ചും അതൊരു കീർത്തി തന്നെയാണെന്ന് പറയേണ്ടതില്ലല്ലോ.

وَسۡـَٔلۡ مَنۡ أَرۡسَلۡنَا مِن قَبۡلِكَ مِن رُّسُلِنَآ أَجَعَلۡنَا مِن دُونِ ٱلرَّحۡمَٰنِ ءَالِهَةً يُعۡبَدُونَ ﴿٤٥﴾

《45》 നിന്റെ മുമ്പ് നമ്മുടെ റസൂലുകളായി നാം അയച്ചിട്ടുള്ളവരോട് ചോദി(ച്ചു നോ)ക്കുക; പരമകാരുണികന് പുറമെ, ആരാധിക്കപ്പെടുന്ന വല്ല ദൈവങ്ങളെയും നാം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന്?!

《45》 وَسۡـَٔلۡ ചോദിക്കുക مَنۡ أَرۡسَلۡنَا നാം അയച്ചവരോട് مِن قَبۡلِكَ നിന്റെ മുമ്പായി مِن رُّسُلِنَآ നമ്മുടെ ദൂതൻമാരിൽനിന്ന് أَجَعَلۡنَا നാം ആക്കി (ഏർപ്പെടുത്തി)യിരിക്കുന്നുവോ (എന്ന്) مِن دُونِ ٱلرَّحۡمَٰنِ പരമകാരുണികനെ കൂടാതെ (പുറമെ) ءَالِهَةً വല്ല ദൈവങ്ങളെ (ആരാധ്യൻമാരെ)യും يُعۡبَدُونَ ആരാധിക്കപ്പെടുന്ന

മുൻകഴിഞ്ഞുപോയ റസൂലുകളോട് ചോദിച്ചുനോക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം മുൻവേദഗ്രന്ഥങ്ങൾ പരിശോധിക്കുകയും, അവയെപ്പറ്റി അറിയുന്നവരോട് അന്വേഷിക്കുകയും ചെയ്യുക എന്നത്രെ. മുൻകഴിഞ്ഞ ഒരു റസൂലും, ഒരു വേദഗ്രന്ഥവും, തൗഹീദല്ലാതെ പ്രബോധനം ചെയ്തിട്ടില്ലെന്ന് താൽപര്യം.

വിഭാഗം- 5

وَلَقَدۡ أَرۡسَلۡنَا مُوسَىٰ بِـَٔايَٰتِنَآ إِلَىٰ فِرۡعَوۡنَ وَمَلَإِيْهِۦ فَقَالَ إِنِّي رَسُولُ رَبِّ ٱلۡعَٰلَمِينَ ﴿٤٦﴾

《46》 നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔന്റെയും, അവന്റെ പ്രമുഖൻമാരുടെയും അടുക്കലേക്ക് നാം മൂസായെ അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: നിശ്ചയമായും ഞാൻ (സർവ്വ) ലോകരക്ഷിതാവിന്റെ റസൂലാകുന്നു.

فَلَمَّا جَآءَهُم بِـَٔايَٰتِنَآ إِذَا هُم مِّنۡهَا يَضۡحَكُونَ ﴿٤٧﴾

《47》 അങ്ങനെ, അദ്ദേഹം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അവരിൽ ചെന്നപ്പോൾ, അവരതാ അവയെപ്പറ്റി ചിരിക്കുന്നു [പരിഹസിക്കുന്നു]!

وَمَا نُرِيهِم مِّنۡ ءَايَةٍ إِلَّا هِيَ أَكۡبَرُ مِنۡ أُخۡتِهَاۖ وَأَخَذۡنَٰهُم بِٱلۡعَذَابِ لَعَلَّهُمۡ يَرۡجِعُونَ ﴿٤٨﴾

《48》 ഒരു ദൃഷ്ടാന്തവും തന്നെ, അതിന്റെ ഇണയെക്കാൾ വലുതായിക്കൊണ്ടല്ലാതെ നാം അവർക്ക് കാണിച്ചുകൊടുത്തിരുന്നില്ല. നാം അവരെ ശിക്ഷമൂലം പിടിക്കുകയും ചെയ്തു- അവർ മടങ്ങുവാൻവേണ്ടി.

﴾46﴿ وَلَقَدْ أَرْسَلْنَا നാം അയച്ചിട്ടുണ്ട് مُوسَىٰ മൂസായെ بِـَٔايَـٰتِنَآ നമ്മുടെ ദൃഷ്ടാന്ത
ങ്ങളുമായി إِلَىٰ فِرْعَوْنَ ഫിര്‍ഔന്റെ അടുക്കലേക്ക് وَمَلَإِيْهِۦ അവന്റെ (പ്രമുഖ)
സംഘക്കാരിലേക്കും فَقَالَ എന്നിട്ടദ്ദേഹം പറഞ്ഞു إِنِّى നിശ്ചയമായും ഞാന്‍ رَسُولُ
ദൂതനാണ് رَبِّ ٱلْعَـٰلَمِينَ (സര്‍വ്വ) ലോക രക്ഷിതാവിന്റെ ﴾47﴿ فَلَمَّا جَآءَهُم അങ്ങനെ
അദ്ദേഹം അവര്‍ക്ക് വന്നപ്പോള്‍ بِـَٔايَـٰتِنَآ നമ്മുടെ ദൃഷ്ടാന്തങ്ങളുംകൊണ്ട് إِذَا هُم
അപ്പോഴതാ അവര്‍ مِّنْهَا يَضْحَكُونَ അവയെപ്പറ്റി ചിരിക്കുന്നു ﴾48﴿ وَمَا نُرِيهِم അവര്‍ക്ക്
നാം കാട്ടിക്കൊടുത്തിരുന്നില്ല مِّنْ ءَايَةٍ ഒരു ദൃഷ്ടാന്തവും إِلَّا هِىَ അത് ആവാതെ
أَكْبَرُ അധികം വലുത് مِنْ أُخْتِهَا അതിന്റെ സഹോദരി (ഇണ)യെക്കാള്‍ وَأَخَذْنَـٰهُم
നാമവരെ പിടിക്കയും ചെയ്തു بِٱلْعَذَابِ ശിക്ഷകൊണ്ട്, ശിക്ഷമൂലം لَعَلَّهُمْ അവരാ
കുവാന്‍ വേണ്ടി يَرْجِعُونَ മടങ്ങുക (മടങ്ങുവാന്‍)

ക്ഷാമം, വരള്‍ച്ച, വെട്ടുകിളി, പേന്‍, തവള, രക്തം, വെള്ളപ്പൊക്കം ഇങ്ങനെ ഒന്നിനൊന്ന് വലുതായ പല ശിക്ഷകളും അവരെ ബാധിച്ചു. അവര്‍ മടങ്ങിയില്ല.

وَقَالُوا۟ يَـٰٓأَيُّهَ ٱلسَّاحِرُ ٱدْعُ لَنَا رَبَّكَ بِمَا عَهِدَ عِندَكَ إِنَّنَا لَمُهْتَدُونَ ﴿٤٩﴾

﴾49﴿ അവര്‍ പറയുകയും ചെയ്തു: ഹേ, ജാലവിദ്യക്കാരാ! നിന്റെ റബ്ബ് നിന്റെ പക്കല്‍ ഉടമ്പടി ചെയ്തുവെച്ചതനുസരിച്ച് നീ ഞങ്ങള്‍ക്കുവേണ്ടി അവനോട് പ്രാര്‍ത്ഥിക്കുക; നിശ്ചയമായും, ഞങ്ങള്‍ നേര്‍മാര്‍ഗം പ്രാപിക്കുന്നവരായിരിക്കും.

فَلَمَّا كَشَفْنَا عَنْهُمُ ٱلْعَذَابَ إِذَا هُمْ يَنكُثُونَ ﴿٥٠﴾

﴾50﴿ എന്നിട്ട്, നാം അവരില്‍നിന്ന് ശിക്ഷയെ തുറവിയാക്കിക്കൊടുത്തപ്പോള്‍, അവരതാ (കരാറ്) ലംഘനം ചെയ്യുന്നു!

﴾49﴿ وَقَالُوا۟ അവര്‍ പറയുകയും ചെയ്തു يَـٰٓأَيُّهَ ٱلسَّاحِرُ ഹേ ജാലവിദ്യക്കാരാ
ٱدْعُ لَنَا ഞങ്ങള്‍ക്കുവേണ്ടി പ്രാര്‍ത്ഥിക്കുക رَبَّكَ നിന്റെ റബ്ബിനോട് بِمَا عَهِدَ അവന്‍
ഉടമ്പടി (വാഗ്ദത്തം) ചെയ്തുവെച്ചിട്ടുള്ളതുകൊണ്ട് عِندَكَ നിന്റെ അടുക്കല്‍ (നി
ന്നോട്) إِنَّنَا لَمُهْتَدُونَ നിശ്ചയമായും ഞങ്ങള്‍ നേര്‍മാര്‍ഗം പ്രാപിക്കുന്ന (സ്വീകരി
ക്കുന്ന)വരാണ് ﴾50﴿ فَلَمَّا كَشَفْنَا എന്നിട്ട് നാം തുറവിയാക്കി (നീക്കി)യപ്പോള്‍
عَنْهُمُ ٱلْعَذَابَ അവരില്‍നിന്നും ശിക്ഷയെ إِذَا هُمْ അപ്പോള്‍ അവരതാ يَنكُثُونَ ലംഘി
ക്കുന്നു, ഉടക്കുന്നു

ياايها الساحر (ജാലവിദ്യക്കാരാ) എന്ന് മൂസാ നബി (അ)യെ വിളിച്ചത് പരിഹാസമെന്ന നിലക്കായിക്കൊള്ളണമെന്നില്ല. ഇവിടെ പരിഹാസത്തിന്റെ സന്ദർഭമല്ലല്ലോ. ജാലവിദ്യക്കാർക്കും, ജാലവിദ്യക്കും വളരെ സ്ഥാനം കൽപിക്കപ്പെട്ടിരുന്ന കാലഘട്ടമായിരുന്നു അത്. ആ നിലക്ക് ഹേ, പണ്ഡിതാഎന്നതുപോലെ ആദരിച്ചുകൊണ്ടുള്ള ഒരു പ്രയോഗമായിരിക്കും അതെന്ന് കരുതേണ്ടിയിരിക്കുന്നു. മൂസാ നബി (അ)യുടെ പ്രവാചകത്വത്തെയും വിശ്വസിച്ചാൽ ശിക്ഷ ഒഴിവാക്കാമെന്ന വാഗ്ദാനം മുതലായതിനെയും ഉദ്ദേശിച്ചായിരിക്കും بما عهد عندك (നിന്റെ അടുക്കൽ ഉടമ്പടി ചെയ്തുവെച്ചതനുസരിച്ച്) എന്ന് പറഞ്ഞത്. ഓരോ ശിക്ഷയും അനുഭവപ്പെടുമ്പോൾ, അതിൽനിന്ന് രക്ഷപ്പെട്ടാൽ തങ്ങൾ മേലിൽ നേർമാർഗം സ്വീകരിച്ചുകൊള്ളാമെന്ന് അവർ ഏറ്റുപറയുകയും, രക്ഷക്ക്‌വേണ്ടി പ്രാർത്ഥിക്കുവാൻ മൂസാ നബി (അ)യോട് അപേക്ഷിക്കുകയും ചെയ്യും. രക്ഷപ്പെട്ടുകഴിഞ്ഞാൽ വീണ്ടും പഴയനിലതന്നെ തുടരുകയാണവർ ചെയ്തിരുന്നത്.

وَنَادَىٰ فِرْعَوْنُ فِى قَوْمِهِۦ قَالَ يَـٰقَوْمِ أَلَيْسَ لِى مُلْكُ مِصْرَ وَهَـٰذِهِ ٱلْأَنْهَـٰرُ تَجْرِى مِن تَحْتِىٓ ۖ أَفَلَا تُبْصِرُونَ ﴿٥١﴾

﴾51﴿ ഫിർഔൻ തന്റെ ജനങ്ങളിൽ വിളിച്ച് പറഞ്ഞു [വിളംബരം ചെയ്തു]; അവൻ പറഞ്ഞു: എന്റെ ജനങ്ങളേ, മിസ്റിന്റെ ഭരണാധിപത്യം എനിക്കല്ലയോ?! ഈ നദികൾ എന്റെ താഴ്ഭാഗത്തുകൂടി ഒഴുകുകയും ചെയ്യുന്നു (വല്ലോ)?! അപ്പോൾ, നിങ്ങൾ കണ്ടറിയുന്നില്ലേ?!

أَمْ أَنَا۠ خَيْرٌ مِّنْ هَـٰذَا ٱلَّذِى هُوَ مَهِينٌ وَلَا يَكَادُ يُبِينُ ﴿٥٢﴾

﴾52﴿ അഥവാ, നിന്ദ്യനായുള്ളവനും, വ്യക്തമായി സംസാരിച്ചേക്കാത്തവനുമായ ഇവനെക്കാൾ ഉത്തമൻ ഞാനാകുന്നു. [ഇതും നിങ്ങൾക്ക് കണ്ടുകൂടേ]?!

فَلَوْلَآ أُلْقِىَ عَلَيْهِ أَسْوِرَةٌ مِّن ذَهَبٍ أَوْ جَآءَ مَعَهُ ٱلْمَلَـٰٓئِكَةُ مُقْتَرِنِينَ ﴿٥٣﴾

﴾53﴿ എന്നാൽ, [അവൻ പറയുന്നത് നേരാണെങ്കിൽ] അവന്റെ മേൽ സ്വർണംകൊണ്ടുള്ള വളകൾ ഇട്ടുകൊടുക്കപ്പെടാത്തതെന്താണ്?! അല്ലെങ്കിൽ, അവനോടൊപ്പം കൂട്ടുചേർന്നുകൊണ്ട് മലക്കുകൾ വരുകയോ (ചെയ്യാത്തതെന്ത്)?!

فَٱسۡتَخَفَّ قَوۡمَهُۥ فَأَطَاعُوهُۚ إِنَّهُمۡ كَانُواْ قَوۡمٗا فَٰسِقِينَ ﴿٥٤﴾

《54》 അങ്ങനെ, അവൻ തന്റെ ജനതയെ ലഘുവാക്കി [വിഡ്ഢികളാക്കി]ത്തീർത്തു; അതിനാൽ അവർ അവനെ അനുസരിച്ചു. നിശ്ചയമായും അവർ, തോന്നിയവാസികളായ ഒരു ജനതയായിരുന്നു.

《51》 وَنَادَىٰ فِرۡعَوۡنُ ഫിർഔൻ വിളിച്ചു (പറഞ്ഞു- വിളംബരപ്പെടുത്തി) فِي قَوۡمِهِۦ അവന്റെ ജനതയിൽ قَالَ അവൻ പറഞ്ഞു يَٰقَوۡمِ എന്റെ ജനങ്ങളേ أَلَيۡسَ لِي എനിക്കല്ലയോ مُلۡكُ مِصۡرَ മിസ്റി (ഈജിപ്തി)ലെ രാജത്വം, ആധിപത്യം وَهَٰذِهِ ٱلۡأَنۡهَٰرُ ഈ നദികൾ تَجۡرِي നടക്കുകയും ചെയ്യുന്നു مِن تَحۡتِيٓ എന്റെ അടിയിൽകൂടി أَفَلَا تُبۡصِرُونَ അപ്പോൾ നിങ്ങൾ കണ്ടറിയുന്നില്ലേ 《52》 أَمۡ أَنَا۠ അഥവാ (അതല്ല) ഞാൻ خَيۡرٞ ഉത്തമനാണ് مِّنۡ هَٰذَا ٱلَّذِي ഈ ഒരുവനെക്കാൾ هُوَ مَهِينٞ അവൻ നിന്ദ്യനാണ് (അങ്ങനെയുള്ള) وَلَا يَكَادُ അവൻ ആയേക്കുകയുമില്ല (ആകാറാകുകയുമില്ല) يُبِينُ വ്യക്തമാക്കും (വ്യക്തമായി സംസാരിക്കും) 《53》 فَلَوۡلَآ أُلۡقِيَ എന്നാൽ (എങ്കിൽ) ഇട്ടുകൊടുക്കപ്പെടാത്തതെന്ത്, എന്തുകൊണ്ട് ഇടപ്പെട്ടില്ല عَلَيۡهِ അവന്റെ മേൽ أَسۡوِرَةٞ വളകൾ مِّن ذَهَبٍ സ്വർണം കൊണ്ടുള്ള أَوۡ جَآءَ അല്ലെങ്കിൽ വരുകയോ (ചെയ്യാത്തതെന്ത്) مَعَهُ അവനോടൊപ്പം ٱلۡمَلَٰٓئِكَةُ മലക്കുകൾ مُقۡتَرِنِينَ ഇണ (കൂട്ട്) ചേർന്നവരായിക്കൊണ്ട് 《54》 فَٱسۡتَخَفَّ അങ്ങനെ അവൻ ലഘുവാക്കി (വിഡ്ഢികളാക്കി) قَوۡمَهُۥ തന്റെ ജനതയെ,ജനങ്ങളെ فَأَطَاعُوهُ അതിനാൽ (എന്നിട്ട്) അവർ അവനെ അനുസരിച്ചു إِنَّهُمۡ كَانُواْ നിശ്ചയമായും അവരായിരുന്നു, ആകുന്നു قَوۡمٗا فَٰسِقِينَ തോന്നിയവാസികളായ ഒരു ജനത

മിസ്റിലെ (ഈജിപ്തിലെ) ഭരണാധിപതിയാണ് താൻ; ആ നാടിനെ ഫലഭൂയിഷ്ടമാക്കുന്ന നീല നദിയും, അതിന്റെ ശാഖകളുമെല്ലാം തന്റെ രാജകൊട്ടാരങ്ങളുടെ താഴെ ഒഴുകുന്നു: അതവന്റെ അധികാരാതിർത്തിയിലും അധീനത്തിലുമാണ്താനും. എന്നിരിക്കെ, തനിക്കല്ലാതെ മറ്റൊരാൾക്കും ആ നാട്ടിൽ പ്രതാപത്തിന് അർഹതയില്ലെന്ന് എല്ലാവർക്കും അറിയാമല്ലോ. അതേസമയത്ത് മൂസാ നബി (അ)യാകട്ടെ, ഒരു ദരിദ്രൻ, അധമവർഗമായി ഗണിക്കപ്പെടുന്ന ഇസ്റാഈലിൽ ജനിച്ചവൻ; വാചാലതപോലുമില്ലാത്തവൻ! എന്നിരിക്കെ, അവൻ എങ്ങനെ നേതാവാകും? നേതാവായി നിശ്ചയിക്കപ്പെടുന്നവർക്ക്- നാട്ടിലെ പതിവുപ്രകാരം -അണിയിക്കപ്പെടാറുള്ള സ്വർണവളകളോ, ഔദ്യോഗിക ചിഹ്നങ്ങളോ വേണ്ടതുണ്ട്. അതും അവന് ലഭിച്ചിട്ടില്ല. അവൻ പറയുന്നത് ശരിയാണെന്ന് തെളിയിക്കുമാറ് അവന്റെ ഒന്നിച്ച് കുറെ മലക്കുകൾ അയക്കപ്പെട്ടിരുന്നുവെങ്കിൽ അവന്റെ

വാദം നമുക്ക് സമ്മതിക്കാമായിരുന്നു. അതും ഇല്ല. എന്നിങ്ങനെയുള്ള പല പ്രചാരവേലകൾ നടത്തി തന്റെ ജനതയെ സ്വന്തം അഭീഷ്ടത്തിന് ഫിർഔൻ അനുകൂലികളാക്കിത്തീർത്തു. ദുർന്നടപ്പിൽ മൂടുറച്ചിരുന്ന അവർ അവന്റെ ഇംഗിതത്തിന് വഴങ്ങുകയും ചെയ്തു.

فَلَمَّآ ءَاسَفُونَا ٱنتَقَمْنَا مِنْهُمْ فَأَغْرَقْنَٰهُمْ أَجْمَعِينَ ﴿٥٥﴾

《55》 അങ്ങനെ, അവർ നമ്മെ കോപിപ്പിച്ചപ്പോൾ, നാം അവരോട് പ്രതികാര (ശിക്ഷാ) നടപടിയെടുത്തു. എന്നിട്ട് അവരെ മുഴുവൻ നാം മുക്കി നശിപ്പിച്ചു.

فَجَعَلْنَٰهُمْ سَلَفًا وَمَثَلًا لِّلْءَاخِرِينَ ﴿٥٦﴾

《56》 അങ്ങനെ, പിന്നീടുള്ളവർക്ക് അവരെ നാം മുൻമാതൃകയും, ഉപമയും ആക്കി.

《55》 فَلَمَّآ ءَاسَفُونَا അങ്ങനെ അവർ നമ്മെ കോപിപ്പിച്ചപ്പോൾ (അതൃപ്തമായി) പെരുമാറിയപ്പോൾ ٱنتَقَمْنَا നാം പ്രതികാര (ശിക്ഷാ) നടപടിയെടുത്തു مِنْهُمْ അവരോട് فَأَغْرَقْنَٰهُمْ എന്നിട്ട് നാമവരെ മുക്കി (നശിപ്പിച്ചു) أَجْمَعِينَ എല്ലാവരെയും, മുഴുവനും 《56》 فَجَعَلْنَٰهُمْ അങ്ങനെ അവരെ നാം ആക്കി سَلَفًا ഒരു മുൻമാതൃക (മുൻകഴിഞ്ഞ സംഭവം) وَمَثَلًا ഒരു മാതൃകയും, ഉപമയും لِّلْءَاخِرِينَ പിന്നീടുള്ളവർക്ക്

ഫിർഔനെയും തന്റെ ജനതയെയും സമുദ്രത്തിൽ മുക്കി നശിപ്പിച്ച സംഭവം പ്രസിദ്ധമാണല്ലോ.

വിഭാഗം- 6

۞ وَلَمَّا ضُرِبَ ٱبْنُ مَرْيَمَ مَثَلًا إِذَا قَوْمُكَ مِنْهُ يَصِدُّونَ ﴿٥٧﴾

《57》 (നബിയേ) മർയമിന്റെ മകൻ ഒരു ഉപമയാ(യി കാണി)ക്കപ്പെട്ടപ്പോൾ, അപ്പോഴതാ, നിന്റെ ജനത അതിനെക്കുറിച്ച് (ആഹ്ളാദിച്ച്) ആർത്ത് വിളിക്കുന്നു!

وَقَالُوٓا۟ ءَأَٰلِهَتُنَا خَيْرٌ أَمْ هُوَ ۚ مَا ضَرَبُوهُ لَكَ إِلَّا جَدَلًۢا ۚ بَلْ هُمْ قَوْمٌ خَصِمُونَ ﴿٥٨﴾

《58》 അവർ പറയുകയും ചെയ്തു: ഞങ്ങളുടെ ആരാധ്യൻമാരാണോ ഉത്തമം, അതോ അദ്ദേഹമോ?! നിന്നോട് ഒരു തർക്കമായിട്ടല്ലാതെ അതിനെ അവർ ആക്കുന്നില്ല. പക്ഷേ, (അത്രയുമല്ല) അവർ തർക്കശീലൻമാരായ ഒരു ജനതയാകുന്നു.

إِنۡ هُوَ إِلَّا عَبۡدٌ أَنۡعَمۡنَا عَلَيۡهِ وَجَعَلۡنَٰهُ مَثَلٗا لِّبَنِيٓ إِسۡرَٰٓءِيلَ ﴿٥٩﴾

《59》 അദ്ദേഹം, നാം അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള ഒരു അടിയാനല്ലാതെ (മറ്റൊന്നും) അല്ല; ഇസ്റാഈൽ സന്തതികൾക്ക് അദ്ദേഹത്തെ നാം ഒരു മാതൃകയാക്കുകയും ചെയ്തിരിക്കുന്നു.

وَلَوۡ نَشَآءُ لَجَعَلۡنَا مِنكُم مَّلَٰٓئِكَةٗ فِي ٱلۡأَرۡضِ يَخۡلُفُونَ ﴿٦٠﴾

《60》 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഭൂമിയിൽ (നിങ്ങൾക്ക്) പകരം വരുമാറ് നിങ്ങളിൽനിന്നുതന്നെ മലക്കുകളെ നാം ഏർപ്പെടുത്തിയിരിക്കുന്നു.

《57》 وَلَمَّا ضُرِبَ ആക്കപ്പെട്ട (വിവരിക്കപ്പെട്ട)പ്പോൾ ٱبۡنُ مَرۡيَمَ മർയമിന്റെ മകൻ مَثَلًا ഒരു ഉപമ (ഉദാഹരണം, മാതൃക)യായി إِذَا قَوۡمُكَ അപ്പോഴതാ നിന്റെ ജനത مِنۡهُ അതിനെപ്പറ്റി, അതിനാൽ يَصِدُّونَ ആർത്ത്‌വിളിക്കുന്നു 《58》 وَقَالُوٓاْ അവർ പറഞ്ഞു, പറയുന്നു ءَأَٰلِهَتُنَا ഞങ്ങളുടെ ദൈവങ്ങളോ, ആരാധ്യൻമാരോ خَيۡرٌ ഉത്തമം أَمۡ هُوَ അതോ അദ്ദേഹമോ مَا ضَرَبُوهُ അതിനെ അവർ ആക്കിയിട്ടില്ല, വിവരിച്ചിട്ടില്ല لَكَ നിന്നോട് إِلَّا جَدَلَۢا ഒരു തർക്കമായിട്ട് (തർക്കത്തിന്) അല്ലാതെ بَلۡ هُمۡ പക്ഷേ (എന്നാൽ) അവർ قَوۡمٌ خَصِمُونَ തർക്കശീലരായ ഒരു ജനതയാണ് 《59》 إِنۡ هُوَ അദ്ദേഹമല്ല إِلَّا عَبۡدٌ ഒരു അടിയാൻ (അടിമ) അല്ലാതെ أَنۡعَمۡنَا നാം അനുഗ്രഹം ചെയ്ത عَلَيۡهِ അദ്ദേഹത്തിന്റെമേൽ وَجَعَلۡنَٰهُ അദ്ദേഹത്തെ നാം ആക്കുകയും ചെയ്തിരിക്കുന്നു مَثَلٗا ഒരു മാതൃക, ഉപമ لِّبَنِيٓ إِسۡرَٰٓءِيلَ ഇസ്റാഈൽ സന്തതികൾക്ക് 《60》 نَشَآءُ നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لَجَعَلۡنَا നാം ഉണ്ടാക്കു (ഏർപ്പെടുത്തു)മായിരുന്നു مِنكُم നിങ്ങളിൽ നിന്ന്, നിങ്ങൾക്ക് (പകരം) مَّلَٰٓئِكَةٗ മലക്കുകളെ فِي ٱلۡأَرۡضِ ഭൂമിയിൽ يَخۡلُفُونَ പകരം വരുന്ന, പിൻഗമിക്കുന്നവരായിട്ട്

നിങ്ങളും, അല്ലാഹുവിന്പുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിന്റെ ഇന്ധനമാകുന്നു. إنكم وما تعبدون من دون الله حصب جهنم–الأنبياء:٩٨ എന്ന് സൂ: അൻബിയാഉ് 98 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നുവല്ലോ. കിട്ടുന്ന സന്ദർഭമെല്ലാം കുതർക്കങ്ങൾക്ക് ഉപയോഗിക്കാറുള്ള ആ മുശ്‌രിക്കുകൾ ഇതുകേട്ടപ്പോൾ, ഒരവസരം കണ്ടെത്തി. അങ്ങനെയാണെങ്കിൽ, ചിലർ മലക്കുകളെയും, ചിലർ ഉസൈർ (റ)നെയും, മറ്റ് ചിലർ ഈസാ നബി (അ)യെയും ആരാധിച്ചു വരുന്നുണ്ടല്ലോ. ഇവരെല്ലാവരും നരകത്തിന്റെ വിറകായിരിക്കേണ്ടതല്ലേ? അതേ സമയത്ത് ഇവരെല്ലാം അല്ലാഹുവിങ്കൽ നല്ല ആളുകളാണെന്ന് മുഹമ്മദ് സമ്മതിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അക്കൂട്ടത്തിൽ ഞങ്ങളും, ഞങ്ങൾ ആരാധിച്ചുവരുന്ന

വസ്തുക്കളും നരകത്തിൽ പോകുകയാണെങ്കിൽ ആയിക്കൊള്ളട്ടെ. ഇതായിരുന്നു തർക്കം. ഇതിനുള്ള മറുപടി സൂ: അൻബിയാഉ്, 101 ൽ തന്നെ അല്ലാഹു പ്രസ്താവിച്ചിട്ടുമുണ്ട്. ബഹുദൈവാരാധനയെ ഒരിക്കലും തൃപ്തിപ്പെടാത്ത സജ്ജനങ്ങൾ അതിൽനിന്ന് ഒഴിവാണെന്നത്രെ ആ മറുപടിയുടെ സാരം. ഈസാ നബി (അ)യെ സംബന്ധിച്ചിടത്തോളം അദ്ദേഹം ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും, പ്രമുഖനായ ഒരു പ്രവാചകവര്യനാണെന്ന് മുസ്‌ലിംകളും വിശ്വസിക്കുന്നു. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ പേരിൽ തർക്കംകൊണ്ട് വരുന്ന മുശ്‌രിക്കുകൾ കൂടുതൽ ശ്രമം നടത്തുമല്ലോ. ഇതിനെപ്പറ്റിയാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്.

ഈസാ (അ) പിതാവില്ലാതെ ജനിച്ച ആളാണെന്നത്കൊണ്ട് അദ്ദേഹം ഒരു മനുഷ്യനല്ലാതാകുന്നില്ല. അല്ലാഹു പല അനുഗ്രഹങ്ങളും ചെയ്തുകൊടുത്തിട്ടുള്ള ഒരു അടിയാൻ മാത്രമാണദ്ദേഹം. ഇസ്റാഈല്യർക്ക് മാതൃകാപുരുഷനായി അദ്ദേഹം നിയോഗിക്കപ്പെട്ടിരുന്നു. എന്നല്ലാതെ, അദ്ദേഹം ഒരു ദൈവമോ, ദൈവപുത്രനോ, മലക്കോ ഒന്നുമല്ല. പിതാവില്ലാതെ മനുഷ്യനെ സൃഷ്ടിക്കുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒരു വമ്പിച്ച കാര്യമൊന്നുമല്ല. വേണമെങ്കിൽ, മനുഷ്യരിൽ നിന്നുതന്നെ മലക്കുകളെ സൃഷ്ടിക്കുവാനും, മനുഷ്യർക്ക് പകരം അവരെ ഭൂമിയിലെ പ്രതിനിധികളാക്കുവാനും അവന് കഴിയും. എന്നൊക്കെയാണ് 59, 60 എന്നീ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. ഈസാ (അ) നെപ്പറ്റി വീണ്ടും പറയുന്നു:-

وَإِنَّهُۥ لَعِلْمٌ لِّلسَّاعَةِ فَلَا تَمْتَرُنَّ بِهَا وَٱتَّبِعُونِ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦١﴾

﴾61﴿ അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിവും (അഥവാ അടയാളവും) ആകുന്നു. ആകയാൽ, നിങ്ങൾ അതിനെപ്പറ്റി സംശയിക്കുകതന്നെ വേണ്ടാ. നിങ്ങൾ എന്നെ [എന്റെ മാർഗത്തെ] പിൻപറ്റുകയും ചെയ്യുവിൻ. (ശരിക്ക്) ചൊവ്വായ പാതയാണ് ഇത്.

وَلَا يَصُدَّنَّكُمُ ٱلشَّيْطَٰنُ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٢﴾

﴾62﴿ പിശാച് നിങ്ങളെ (ഈ പാതവിട്ട്) തടയാതിരിക്കുകയും ചെയ്യട്ടെ. നിശ്ചയമായും, അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു.

﴾61﴿ وَإِنَّهُۥ നിശ്ചയമായും അദ്ദേഹം لَعِلْمٌ ഒരു അറിവ് (അടയാളം) തന്നെയാണ് لِّلسَّاعَةِ അന്ത്യസമയത്തിന് فَلَا تَمْتَرُنَّ ആകയാൽ നിങ്ങൾ സംശയിക്കുകതന്നെ വേണ്ടാ, സന്ദേഹം വെക്കരുത് بِهَا അതിനെപ്പറ്റി وَٱتَّبِعُونِ എന്നെ പിൻപറ്റുകയും

ചെയ്യുവിൻ هَٰذَا ഇത് صِرَٰطٌ പാതയാണ്, വഴിയാണ് مُّسْتَقِيمٌ ചൊവ്വായ, നേരായ ﴾62﴿ وَلَا يَصُدَّنَّكُمُ നിങ്ങളെ തടയാതിരിക്കട്ടെ ٱلشَّيْطَٰنُ പിശാച് إِنَّهُۥ لَكُمْ നിശ്ചയമായും നിങ്ങൾക്ക് അവൻ عَدُوٌّ ശത്രുവാണ് مُّبِينٌ പ്രത്യക്ഷമായ, (തനി)

وإنه لعلم الساعة (അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിവുമാകുന്നു.) എന്ന വാക്യത്തിന്റെ സാരം, അന്ത്യനാളിന്റെ ആസന്നതയെക്കുറിക്കുന്ന ഒരു അടയാളമാണ് ഈസാ നബി (അ) എന്നത്രെ. ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ച വ്യാഖ്യാനം ഇതാകുന്നു. عَلَم(അലമുൻ) എന്നും ഇവിടെ വായനയുണ്ട്. അടയാളം എന്നാണ് ആ വാക്കിനർത്ഥം. ഇത് ഈ അഭിപ്രായത്തിന് ബലം നൽകുന്നുമുണ്ട്; കൂടാതെ, ലോകാവസാനത്തിന് മുമ്പ് ഈസാ നബി (അ) ഭൂമിയിൽ ഇറങ്ങിവരുമെന്ന് പ്രബലമായ പല ഹദീഥുകളാലും സ്ഥാപിതമായതാണ്. ഇതെല്ലാം കണക്കിലെടുത്ത് കൊണ്ടത്രെ ബഹുഭൂരിഭാഗം ഖുർആൻ വ്യാഖ്യാതാക്കളും ഈ അർത്ഥവ്യാഖ്യാനം സ്വീകരിച്ചിരിക്കുന്നത്. ഈ അഭിപ്രായപ്രകാരം (അത് എന്നും, അദ്ദേഹംഎന്നും അർത്ഥം വരാവുന്ന) وإنه എന്ന വാക്കിലെ സർവ്വനാമം (ضمير) ഈസാ നബി (അ)യെക്കുറിച്ചാകുന്നു. ആ സർവ്വനാമം, ഖുർആനെ ഉദ്ദേശിച്ചാണെന്നും നബിﷺയെ ഉദ്ദേശിച്ചാണെന്നും, ചുരുക്കം ചിലർ അഭിപ്രായപ്പെട്ട് കാണാം. എങ്കിലും ആ അഭിപ്രായത്തിന് പ്രസക്തിയില്ല. കാരണം, 57 -ാം വചനം മുതൽ ഇതേവരേക്കുമുള്ള സംസാരം ഈസാ നബി (അ)യെക്കുറിച്ചാണല്ലോ. ഇടയ്ക്ക് വെച്ച് എവിടെയെങ്കിലും ഇവ രണ്ടിനെക്കുറിച്ചും ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. അതിന്റെ മുമ്പാകട്ടെ, മൂസാ നബി (അ) യെയും അദ്ദേഹത്തിന്റെ ജനതയെയും സംബന്ധിച്ചായിരുന്നു സംസാരിച്ചിരുന്നതും.

മുമ്പ് ആരും പറഞ്ഞുകാണാത്ത ഒരു വിചിത്രമായ അഭിപ്രായം ഈയിടെയായി ചിലർ പുറപ്പെടുവിച്ച് കാണുന്നു. ലോകാവസാനഘട്ടത്തെയും അതിനെത്തുടർന്നുണ്ടാകുന്ന സംഭവങ്ങളെയുമാണ് ആ സർവ്വനാമം കുറിക്കുന്നത് എന്നത്രെ അത്. وإنه لعلم للساعةالخ എന്ന വാക്യത്തിന് ഇവർ കൊടുക്കുന്ന അർത്ഥ വ്യാഖ്യാനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. അത്- മുമ്പ് പറഞ്ഞത്- അന്ത്യസമയത്തെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനം തന്നെയാകുന്നു. അഥവാ അല്ലാഹു അങ്ങനെ പറഞ്ഞിരിക്കുന്നത് അവന്റെ സൂക്ഷ്മജ്ഞാനത്തിൽനിന്ന് എടുത്ത് പറഞ്ഞതാണ്. അതിൽ സംശയിക്കേണ്ടതില്ല.പത്തിരുപത് ആയത്തുകൾക്കുമുമ്പ് (38, 39 ൽ) മാത്രം ഒരിടത്ത് അന്ത്യനാളിൽ ബഹുദൈവവിശ്വാസികളുടെ സ്ഥിതിയെപ്പറ്റി ഒരു പരാമർശമുണ്ടെന്നത് ശരിയാണ്. അതൊഴിച്ചാൽ, ആ വിഷയകമായി ഈ സൂറത്തിൽ എവിടെയും തന്നെ കാര്യമായൊന്നും പ്രസ്താവിക്കുന്നില്ല തന്നെ. എന്നിരിക്കെ, ഈ വ്യാഖ്യാനം ഒട്ടും സ്വീകാര്യമല്ല. ഈസാ (അ) ജീവിച്ചിരിപ്പുണ്ടെന്നും, അദ്ദേഹം ഭൂമിയിൽ ഇറങ്ങിവരുമെന്നും ഇവർക്ക് വിശ്വസിക്കുവാൻ കഴിയാത്തതാണ് യാതൊരടിസ്ഥാനവുമില്ലാത്ത ഈ പുതിയ വ്യാഖ്യാന

ത്തിന് മുതിരുവാൻ വാസ്തവത്തിൽ ഇവരെ പ്രേരിപ്പിച്ചത്. (ഈസാ നബി (അ) യുടെ വരവിനെയും, ജീവിച്ചിരിപ്പിനെയും സംബന്ധിച്ചും, അവയെ നിഷേധിക്കുന്നവരെ സംബന്ധിച്ചും കൂടുതൽ വിവരം സൂ: ആലുഇംറാനിലും, സൂ: നിസാഇലുംവെച്ച് പ്രതിപാദിച്ചിട്ടുണ്ട്.)

ഈസാ (അ) ലോകവസാനത്തിന്മുമ്പായി ഭൂമിയിൽ ഇറങ്ങിവരുമെന്ന് കാണിക്കുന്ന ഹദീഥുകൾ, പ്രധാനപ്പെട്ട എല്ലാ ഹദീഥ് പണ്ഡിതൻമാരും അവരവരുടെ ഹദീഥുഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. അവ മിക്കവാറും പരക്കെ അറിയപ്പെട്ടതുമാകുന്നു. ഇവിടെ അവ ഉദ്ധരിച്ച് ദീർഘിപ്പിക്കേണ്ടുന്ന ആവശ്യമില്ല. അന്ത്യനാളിന് മുമ്പായി അദ്ദേഹം ഇറങ്ങിവരുമെന്നും, നീതിമാനായ ഒരു വിധികർത്താവെന്ന നിലക്ക് ഇസ്‌ലാമിക വിധി വിലക്കുകൾ നടപ്പിലാക്കുമെന്നും, ഇസ്‌ലാമികബോധം വളർത്തുമെന്നുമാണ് അവയുടെ രത്നച്ചുരുക്കം. ഈ വിഷയകമായി ഇമാം ബുഖാരീ (റ)യും മുസ്‌ലിമും (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ അതിന് തെളിവായി സൂ: നിസാഇലെ ഈ വചനം ഉദ്ധരിച്ചിരിക്കുന്നത് കാണാം: وإن من أهل الكتاب إلا ليؤمنن به قبل موته–النساء)(സാരം: വേദക്കാരിൽ ഒരാളും, അദ്ദേഹത്തിന്റെ– ഈസാ നബിയുടെ– മരണത്തിന്മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കുകയില്ല.)

وَلَمَّا جَآءَ عِيسَىٰ بِٱلْبَيِّنَـٰتِ قَالَ قَدْ جِئْتُكُم بِٱلْحِكْمَةِ وَلِأُبَيِّنَ لَكُم بَعْضَ ٱلَّذِى تَخْتَلِفُونَ فِيهِ ۖ فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿٦٣﴾

﴾63﴿ വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നപ്പോൾ അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങൾക്ക് വിജ്ഞാനവും കൊണ്ടുവന്നിരിക്കുന്നു; നിങ്ങൾ (പരസ്പരം) ഭിന്നാഭിപ്രായത്തിലായിക്കൊണ്ടിരിക്കുന്നതിൽ ചിലത് നിങ്ങൾക്ക് വിവരിച്ചുതരുവാൻ വേണ്ടിയുമാകുന്നു (വന്നിരിക്കുന്നത്). ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

إِنَّ ٱللَّهَ هُوَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۚ هَـٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦٤﴾

﴾64﴿ നിശ്ചയമായും, അല്ലാഹു തന്നെയാണ് എന്റെ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും. അതിനാൽ, നിങ്ങൾ അവനെ ആരാധിക്കണം. ഇത് (ശരിക്കും) നേരായ പാതയാകുന്നു.

فَٱخْتَلَفَ ٱلْأَحْزَابُ مِنۢ بَيْنِهِمْ ۖ فَوَيْلٌ لِّلَّذِينَ ظَلَمُوا۟ مِنْ عَذَابِ يَوْمٍ أَلِيمٍ ﴿٦٥﴾

《65》 എന്നിട്ട് അവർക്കിടയിൽ നിന്ന് (പല) കക്ഷികൾ ഭിന്നിച്ചു. അതിനാൽ, അക്രമം പ്രവർത്തിച്ചവർക്ക് വേദനയേറിയ ഒരു ദിവസത്തെ ശിക്ഷമൂലം നാശം!

《63》 وَلَمَّا جَآءَ عِيسَىٰ ഈസാ വന്നപ്പോൾ بِٱلْبَيِّنَٰتِ തെളിവുകളുമായി قَالَ
അദ്ദേഹം പറഞ്ഞു قَدْ جِئْتُكُم തീർച്ചയായും ഞാൻ നിങ്ങൾക്ക് വന്നിരിക്കുന്നു
بِٱلْحِكْمَةِ വിജ്ഞാനം കൊണ്ട് وَلِأُبَيِّنَ لَكُم നിങ്ങൾക്ക് ഞാൻ വിവരിച്ചു (വ്യക്തമാ
ക്കി) തരുവാനും بَعْضَ ٱلَّذِى യാതൊന്നിൽ ചിലത് تَخْتَلِفُونَ فِيهِ അതിൽ നിങ്ങൾ
ഭിന്നിച്ചു (അഭിപ്രായ വ്യത്യാസത്തിലായി) കൊണ്ടിരിക്കുന്നു فَٱتَّقُوا۟ ٱللَّهَ
അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَأَطِيعُونِ എന്നെ അനുസരിക്കുകയും
ചെയ്യുവിൻ 《64》 إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു هُوَ رَبِّى അവൻ എന്റെ റബ്ബാണ്
وَرَبُّكُمْ നിങ്ങളുടെ റബ്ബുമാണ് فَٱعْبُدُوهُ ആകയാൽ നിങ്ങളവനെ ആരാധിക്കണം
هَٰذَا ഇത് صِرَٰطٌ مُّسْتَقِيمٌ നേരായ (ചൊവ്വായ പാതയാണ്)《65》 فَٱخْتَلَفَ എന്നിട്ട്
ഭിന്നിപ്പിലായി ٱلْأَحْزَابُ കക്ഷികൾ مِنۢ بَيْنِهِمْ അവർക്കിടയിൽ നിന്ന് فَوَيْلٌ അതി
നാൽ നാശം, കഷ്ടം لِّلَّذِينَ ظَلَمُوا۟ അക്രമം പ്രവർത്തിച്ചവർക്ക് مِنْ عَذَابِ ശിക്ഷ
മൂലം, ശിക്ഷയാൽ يَوْمٍ أَلِيمٍ വേദനയേറിയ ഒരു ദിവസത്തെ

هَلْ يَنظُرُونَ إِلَّا ٱلسَّاعَةَ أَن تَأْتِيَهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٦٦﴾

《66》 അന്ത്യസമയത്തെയല്ലാതെ (വല്ലതും) അവർ നോക്കി (ക്കാത്തു) കൊണ്ടിരിക്കുന്നുവോ? അതായത്, (ബോധപൂർവ്വം) അറിയാതിരിക്കെ, പെട്ടെന്ന് അതവർക്ക് വന്നെത്തുന്നതിനെ(യല്ലാതെ)!

ٱلْأَخِلَّآءُ يَوْمَئِذٍۭ بَعْضُهُمْ لِبَعْضٍ عَدُوٌّ إِلَّا ٱلْمُتَّقِينَ ﴿٦٧﴾

《67》 അന്നത്തെ ദിവസം, ചങ്ങാതിമാർ- അവരിൽ ചിലർ ചിലർക്ക്- ശത്രുവായിരിക്കും; (സൂക്ഷ്മതയുള്ള) ഭയഭക്തൻമാരൊഴികെ.

﴾66﴿ هَلۡ يَنظُرُونَ അവർ നോക്കി (കാത്ത്) കൊണ്ടിരിക്കുന്നുവോ إِلَّا ٱلسَّاعَةَ അന്ത്യസമയത്തെയല്ലാതെ أَن تَأۡتِيَهُم അതായത് അതവർക്ക് വരുന്നത് بَغۡتَةً പെട്ടെന്ന്, യാദൃശ്ചികമായി وَهُمۡ لَا يَشۡعُرُونَ അവർ അറിയാതിരിക്കെ ﴾67﴿ ٱلۡأَخِلَّآءُ ചങ്ങാതിമാർ يَوۡمَئِذِۭ ആ ദിവസം بَعۡضُهُمۡ لِبَعۡضٍ അവരിൽ ചിലർ ചിലർക്ക് عَدُوٌّ ശത്രുവായിരിക്കും إِلَّا ٱلۡمُتَّقِينَ സൂക്ഷിക്കുന്നവർ (ഭയഭക്തൻമാർ) ഒഴികെ

ഈസാ നബി (അ)യെ ക്രിസ്ത്യാനികൾ ആരാധിച്ചുവരുന്നതിന്റെ പേരിൽ മുശ്രിക്കുകൾ കൊണ്ടുവന്ന കുതർക്കങ്ങളെപ്പറ്റി മുമ്പ് പറഞ്ഞുവല്ലോ. എന്നാൽ, ഈസാ നബി (അ)യുടെ നില എന്തായിരുന്നു? അദ്ദേഹം അവരെ ഉപദേശിച്ചത് എന്തായിരുന്നു? എന്നൊക്കെ ഈ വചനങ്ങളിൽ വിവരിക്കുന്നു. അതായത്: അദ്ദേഹത്തിന്റെ ആഗമനത്തിനുമുമ്പ് തന്നെ ഇസ്റാഈല്യർ സത്യമാർഗത്തിൽനിന്ന് പിഴച്ചുപോയിരുന്നു. അവർക്ക് നേർമാർഗം കാണിച്ചുകൊടുക്കുന്നതിനാവശ്യമായ വേദവിജ്ഞാനങ്ങളും, ദൃഷ്ടാന്തങ്ങളും കൊണ്ടാണ് അദ്ദേഹം രംഗപ്രവേശം ചെയ്തത്. അദ്ദേഹം ഉപദേശിച്ചതാകട്ടെ, യഥാർത്ഥ തൗഹീദും അതിന്റെ അടിസ്ഥാനത്തിലുള്ള നേർമാർഗവുമായിരുന്നു. പക്ഷേ, അവരിൽ വീണ്ടും ഭിന്നിപ്പും ഛിദ്രവും ഉടലെടുക്കുകയും, നേർമാർഗത്തിൽനിന്ന് അവർ വ്യതിചലിക്കുകയുമാണുണ്ടായത്. അങ്ങനെ, ക്വിയാമത്ത് നാളിൽ വമ്പിച്ച ശിക്ഷക്ക് അവർ കാരണഭൂതരായിരിക്കുകയാണ്. ഇന്ന് അക്രമത്തിലും, ദുർമാർഗത്തിലും അന്യോന്യം സഹായിച്ചും സഹകരിച്ചും വർത്തിക്കുന്ന മിത്രങ്ങളെല്ലാം അന്ന് പരസ്പരം ശത്രുക്കളായി മാറും. സജ്ജനങ്ങളായ ഭയഭക്തൻമാർമാത്രമേ ഇതിൽനിന്നൊഴിവാകുകയുള്ളൂ. അവരോട് ഇപ്രകാരം പറയപ്പെടും:-

വിഭാഗം -7

يَٰعِبَادِ لَا خَوۡفٌ عَلَيۡكُمُ ٱلۡيَوۡمَ وَلَآ أَنتُمۡ تَحۡزَنُونَ ﴿٦٨﴾

﴾68﴿ എന്റെ അടിയാൻമാരേ, നിങ്ങളുടെമേൽ ഇന്ന് യാതൊരു ഭയവും ഇല്ല; നിങ്ങൾ വ്യസനപ്പെടുകയുമില്ല;

ٱلَّذِينَ ءَامَنُواْ بِـَٔايَٰتِنَا وَكَانُواْ مُسۡلِمِينَ ﴿٦٩﴾

﴾69﴿ അതായത്, നമ്മുടെ ആയത്തുകളിൽ [ലക്ഷ്യസന്ദേശങ്ങളിൽ] വിശ്വസിക്കുകയും, (ഇസ്ലാമിനെ അനുസരിച്ച്) മുസ്ലിംകളായിത്തീരുകയും ചെയ്തിട്ടുള്ളവർ!-

ٱدۡخُلُواْ ٱلۡجَنَّةَ أَنتُمۡ وَأَزۡوَٰجُكُمۡ تُحۡبَرُونَ ﴿٧٠﴾

﴾70﴿ നിങ്ങളും, നിങ്ങളുടെ ഇണകളും സന്തോഷഭരിതരായിക്കൊണ്ട് സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുവിൻ.

﴾68﴿ يَـٰعِبَادِ എന്റെ അടിയാൻമാരേ لَا خَوۡفٌ ഭയമില്ല عَلَيۡكُمُ നിങ്ങളുടെമേൽ
ٱلۡيَوۡمَ ഇന്ന് وَلَآ أَنتُمۡ നിങ്ങൾ ഇല്ലതാനും تَحۡزَنُونَ വ്യസനപ്പെടും ﴾69﴿ ٱلَّذِينَ ءَامَنُواْ
അതായത് വിശ്വസിച്ചവർ بِـَٔايَـٰتِنَا നമ്മുടെ ആയത്തുകളിൽ وَكَانُواْ مُسۡلِمِينَ
മുസ്‌ലിംകളായി (അനുസരിക്കുന്നവരായി)യിരിക്കുകയും ﴾70﴿ ٱدۡخُلُواْ ٱلۡجَنَّةَ
നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുവിൻ أَنتُمۡ وَأَزۡوَٰجُكُمۡ നിങ്ങളും നിങ്ങളുടെ ഇണ
കളും (ഭാര്യാഭർത്താക്കളും) تُحۡبَرُونَ നിങ്ങൾ സന്തോഷഭരിതരായ നിലയിൽ

ഇതാണവർക്ക് അവിടെ ലഭിക്കുന്ന സ്വീകരണത്തിന്റെ സ്വഭാവം. എനി, സ്വർഗീയജീവിതത്തിൽ അവർക്ക് ലഭിക്കുവാനിരിക്കുന്നതോ? അതിന്റെ സാമാന്യരൂപം ഇതായിരിക്കും:-

يُطَافُ عَلَيۡهِم بِصِحَافٖ مِّن ذَهَبٖ وَأَكۡوَابٖۖ وَفِيهَا مَا تَشۡتَهِيهِ ٱلۡأَنفُسُ وَتَلَذُّ ٱلۡأَعۡيُنُۖ وَأَنتُمۡ فِيهَا خَٰلِدُونَ ﴿٧١﴾

﴾71﴿ സ്വർണംകൊണ്ടുള്ള തളികളും, കോപ്പകളുമായി അവരിൽ ചുറ്റിനടക്കപ്പെടും. മനസ്സുകൾ ഇച്ഛിക്കുകയും, കണ്ണുകൾ രസിക്കുകയും ചെയ്യുന്നത് (എല്ലാം) അതിലുണ്ട്താനും. (ഹേ, ഭയഭക്തരേ,) അതിൽ നിങ്ങൾ നിത്യവാസികളുമായിരിക്കും.

وَتِلۡكَ ٱلۡجَنَّةُ ٱلَّتِيٓ أُورِثۡتُمُوهَا بِمَا كُنتُمۡ تَعۡمَلُونَ ﴿٧٢﴾

﴾72﴿ അതത്രെ, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് നിങ്ങൾക്ക് അവകാശമായി നൽകപ്പെട്ടിട്ടുള്ള സ്വർഗം!

لَكُمۡ فِيهَا فَٰكِهَةٞ كَثِيرَةٞ مِّنۡهَا تَأۡكُلُونَ ﴿٧٣﴾

﴾73﴿ നിങ്ങൾക്ക് അതിൽ ധാരാളം പഴവർഗങ്ങളുണ്ടായിരിക്കും; അതിൽനിന്ന് നിങ്ങൾ തിന്നുകൊണ്ടിരിക്കും.

مِّن ذَهَبٍ അവരിൽ ചുറ്റിനടക്കപ്പെടും بِصِحَافٍ തളികകളുമായി يُطَافُ عَلَيۡهِم ﴿71﴾
സ്വർണം കൊണ്ടുള്ള وَأَكۡوَابٍ കോപ്പകളുമായും وَفِيهَا അതിലുണ്ട്താനും ٱلۡأَنفُسُ
ഇച്ഛിക്കുന്നത് ٱلۡأَنفُسُ മനസ്സുകൾ, ദേഹങ്ങൾ وَتَلَذُّ രസിക്കുകയും ചെയ്യുന്ന
ٱلۡأَعۡيُنُ കണ്ണുകൾ وَأَنتُمۡ فِيهَا നിങ്ങൾ അതിൽ خَٰلِدُونَ നിത്യവാസികളുമായി
രിക്കും ﴿72﴾ وَتِلۡكَ ٱلۡجَنَّةُ അതത്രെ സ്വർഗം, അത് സ്വർഗമാണ് ٱلَّتِيٓ أُورِثۡتُمُوهَا
നിങ്ങൾക്കത് അവകാശമായി നൽകപ്പെട്ടതായ بِمَا كُنتُمۡ നിങ്ങളായിരുന്നത് കൊണ്ട്
تَعۡمَلُونَ പ്രവർത്തിക്കും ﴿73﴾ لَكُمۡ فِيهَا അതിൽ നിങ്ങൾക്കുണ്ട് فَٰكِهَةٌ പഴവർഗം
كَثِيرَةٌ വളരെ, ധാരാളം مِّنۡهَا تَأۡكُلُونَ അതിൽ നിന്ന് നിങ്ങൾ തിന്ന് (ഭുജിച്ചു) കൊണ്ടി
രിക്കും

നബിﷺ പറഞ്ഞതായി ഇബ്നുഉമർ (റ) പ്രസ്താവിക്കുന്നു: തന്റെ തോട്ടങ്ങൾ, തന്റെ ഭാര്യമാർ, ഭൃത്യൻമാർ, സുഖസൗകര്യത്തിനുള്ള വിഭവങ്ങൾ, കട്ടിലുകൾ മുതലായവയെ ആയിരം കൊല്ലത്തെ ദൂരത്തോളം നോക്കിക്കാണാവുന്നവനായിരിക്കും സ്വർഗക്കാരിൽ ഏറ്റവും താണ പടിയിലുള്ളവൻ. അല്ലാഹുവിങ്കൽ കൂടുതൽ ആദരണീയനായുള്ളവനാകട്ടെ, രാവിലെയും, വൈകുന്നേരവും അവന്റെ (അല്ലാഹുവിന്റെ) തിരുമുഖം ദർശിക്കുന്നവനുമായിരിക്കും. പിന്നീട് തിരുമേനി ഈ ഖുർആൻ വചനം ഓതി: وجوه يومئذ ناضرة إلى ربها ناظرة–القيامة (സന്തോഷത്താൽ പ്രശോഭിതമായ ചില മുഖങ്ങൾ അന്ന് അവയുടെ റബ്ബിങ്കലേക്ക് നോക്കിക്കാണുന്നവയായിരിക്കും. (അ; തി.) സത്യവിശ്വാസവും സൽക്കർമവും സ്വീകരിക്കുകവഴി ഭയഭക്തന്മാരായ ആളുകളുടെ പ്രതിഫലം വിവരിച്ച ശേഷംഅവിശ്വാസികളായ കുറ്റവാളികളുടെ പ്രതിഫലം വിവരിക്കുന്നു:-

إِنَّ ٱلۡمُجۡرِمِينَ فِي عَذَابِ جَهَنَّمَ خَٰلِدُونَ ﴿٧٤﴾

﴾74﴿ നിശ്ചയമായും, കുറ്റവാളികൾ നരകശിക്ഷയിൽ നിത്യവാസികളായിരിക്കും.

لَا يُفَتَّرُ عَنۡهُمۡ وَهُمۡ فِيهِ مُبۡلِسُونَ ﴿٧٥﴾

﴾75﴿ അവരിൽനിന്ന് അത് അയവ് വരുത്തപ്പെടുന്നതല്ല; അവരതിൽ ആശയറ്റവരുമായിരിക്കും.

وَمَا ظَلَمۡنَٰهُمۡ وَلَٰكِن كَانُواْ هُمُ ٱلظَّٰلِمِينَ ﴿٧٦﴾

﴾76﴿ നാം അവരോട് അക്രമം പ്രവർത്തിച്ചിട്ടില്ല; പക്ഷേ, അവർ തന്നെയാണ് അക്രമികളായിരിക്കുന്നത്.

وَنَادَوْا۟ يَـٰمَـٰلِكُ لِيَقْضِ عَلَيْنَا رَبُّكَ ۖ قَالَ إِنَّكُم مَّـٰكِثُونَ ﴿٧٧﴾

﴾77﴿ അവര്‍ വിളിച്ചുപറയും: മാലിക്കേ! തന്റെ റബ്ബ് ഞങ്ങളില്‍ (മരണത്തിന്) തീരുമാനമെടുക്കട്ടെ! അദ്ദേഹം പറയും: നിശ്ചയമായും നിങ്ങള്‍, (ശിക്ഷയില്‍തന്നെ) താമസിക്കുന്നവരാകുന്നു.

لَقَدْ جِئْنَـٰكُم بِٱلْحَقِّ وَلَـٰكِنَّ أَكْثَرَكُمْ لِلْحَقِّ كَـٰرِهُونَ ﴿٧٨﴾

﴾78﴿ തീര്‍ച്ചയായും, നിങ്ങള്‍ക്ക് നാം യഥാര്‍ത്ഥം കൊണ്ടുവ(ന്നു ത)ന്നിരിക്കുന്നു. പക്ഷേ, നിങ്ങളില്‍ അധികമാളും യഥാര്‍ത്ഥത്തെ വെറുക്കുന്നവരാണ്.

﴾74﴿ إِنَّ ٱلْمُجْرِمِينَ നിശ്ചയമായും കുറ്റവാളികള്‍ فِى عَذَابِ جَهَنَّمَ ജഹന്നമിന്റെ
(നരക) ശിക്ഷയില്‍ خَـٰلِدُونَ നിത്യവാസികളായിരിക്കും ﴾75﴿ لَا يُفَتَّرُ അത് അയവ്
(ഇളവ്, തളര്‍ച്ച) വരുത്തപ്പെടുകയില്ല عَنْهُمْ അവര്‍ക്ക്, അവരില്‍നിന്ന് وَهُمْ فِيهِ
അതില്‍ അവര്‍ مُبْلِسُونَ ആശയറ്റ (ആശ മുറിഞ്ഞ)വരുമാകുന്നു ﴾76﴿ وَمَا ظَلَمْنَـٰهُمْ
നാമവരോട് അക്രമം (അനീതി) ചെയ്തിട്ടില്ല وَلَـٰكِن പക്ഷേ, എങ്കിലും كَانُوا۟ هُمُ
അവര്‍ തന്നെയാകുന്നു ٱلظَّـٰلِمِينَ അക്രമികള്‍ ﴾77﴿ وَنَادَوْا۟ അവര്‍ വിളിച്ചുപറയും
يَـٰمَـٰلِكُ മാലിക്കേ لِيَقْضِ عَلَيْنَا ഞങ്ങളില്‍ വിധിക്കട്ടെ, തീരുമാനം വരുത്തട്ടെ رَبُّكَ
തന്റെ (താങ്കളുടെ) റബ്ബ് قَالَ അദ്ദേഹം പറയും إِنَّكُم مَّـٰكِثُونَ നിശ്ചയമായും നിങ്ങള്‍
താമസിക്കുന്ന (കഴിഞ്ഞുകൂടുന്ന) വരാണ് ﴾78﴿ لَقَدْ جِئْنَـٰكُم തീര്‍ച്ചയായും നാം
നിങ്ങള്‍ക്ക്വന്നു, വന്നിരിക്കുന്നു بِٱلْحَقِّ യഥാര്‍ത്ഥവും കൊണ്ട് وَلَـٰكِنَّ أَكْثَرَكُمْ എങ്കിലും
നിങ്ങളിലധികവും لِلْحَقِّ യഥാര്‍ത്ഥത്തെ (സത്യത്തെ, ന്യായത്തോട്) كَـٰرِهُونَ വെറു
ക്കുന്നവരാണ്, വെറുത്തവരാണ്, അനിഷ്ടക്കാരാണ്

ശിക്ഷ സഹിക്കവയ്യാതെ ഗതിമുട്ടുമ്പോള്‍, തങ്ങളുടെ യാതനക്ക് ഒരറുതി ലഭിച്ചെങ്കിലോ എന്ന് മോഹിച്ചുകൊണ്ട് നരകവാസികള്‍ അതിന്റെ മേല്‍നോട്ടം വഹിക്കുന്ന മലക്കിനും- മാലികിനെ- വിളിച്ച് അപേക്ഷിക്കുകയാണ്, തങ്ങള്‍ മരണപ്പെട്ട് പോകത്തക്കവണ്ണം അല്ലാഹുവില്‍നിന്നും ഒരു വിധി കിട്ടുവാന്‍ ശുപാര്‍ശ ചെയ്യണമെന്ന്. എന്നാല്‍, എനി- പരലോകത്തുവെച്ച്- മരണം ഇല്ലെന്ന കാര്യം അല്ലാഹു തീര്‍ച്ചപ്പെടുത്തിക്കഴിഞ്ഞതാണ്. അതുകൊണ്ട് മാലികിന്റെ മറുപടി, അതിന് നിവൃത്തിയില്ല- നിങ്ങള്‍ ശിക്ഷയില്‍ സ്ഥിരമായി കഴിഞ്ഞുകൂടേണ്ടവരാണ്- എന്നായിരിക്കും. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീന്‍.

أَمْ أَبْرَمُوٓا۟ أَمْرًا فَإِنَّا مُبْرِمُونَ ﴿٧٩﴾

《79》 അതല്ല (-ഒരുപക്ഷേ) അവർ വല്ല കാര്യവും [പരിപാടിയും] ഉറപ്പിച്ചുവെച്ചിരിക്കുന്നുവോ?! എന്നാൽ, നിശ്ചയമായും നാമും (ചിലത്) ഉറപ്പിച്ചു വെക്കുന്നവരാകുന്നു.

أَمْ يَحْسَبُونَ أَنَّا لَا نَسْمَعُ سِرَّهُمْ وَنَجْوَىٰهُم ۚ بَلَىٰ وَرُسُلُنَا لَدَيْهِمْ يَكْتُبُونَ ﴿٨٠﴾

《80》 അതല്ലെങ്കിൽ, അവർ വിചാരിക്കുന്നുണ്ടോ, അവരുടെ രഹസ്യവും, (സ്വകാര്യ) മന്ത്രവും നാം കേൾക്കുന്നില്ലെന്ന്?! ഇല്ലാതെ! (കേൾക്കുന്നുണ്ട്.) നമ്മുടെ ദൂതൻമാർ അവരുടെ അടുക്കൽ എഴുതിക്കൊണ്ടുമിരിക്കുന്നു.

《79》 أَمْ أَبْرَمُوٓا۟ അതല്ല അവർ ഉറപ്പിച്ചുവെച്ചോ أَمْرًا വല്ല കാര്യവും فَإِنَّا എന്നാൽ നാം مُبْرِمُونَ ഉറപ്പിക്കുന്നവരാണ് 《80》 أَمْ يَحْسَبُونَ അതല്ല അവർ വിചാരിക്കുന്നു (കണക്കാക്കുന്നു)വോ أَنَّا لَا نَسْمَعُ നാം കേൾക്കയില്ലെന്ന് سِرَّهُمْ അവരുടെ രഹസ്യം, സ്വകാര്യം وَنَجْوَىٰهُم അവരുടെ മന്ത്രവും, ഗൂഢഭാഷണവും بَلَىٰ അല്ലാതെ, ഇല്ലാതേ (ഉണ്ട്) وَرُسُلُنَا നമ്മുടെ ദൂതൻമാർ لَدَيْهِمْ അവരുടെ അടുക്കൽ يَكْتُبُونَ എഴുതുകയും (രേഖപ്പെടുത്തുകയും) ചെയ്യുന്നു.

സത്യപ്രബോധനത്തെ പരാജയപ്പെടുത്തുവാനുള്ള വല്ല പരിപാടിയോ കുതന്ത്രമോ നടത്തുവാൻ അവർ തീർച്ചപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതവർക്ക് നല്ലതിനല്ല; അവരുടെമേൽ തക്ക നടപടി എടുക്കുവാനുള്ള പരിപാടി അല്ലാഹുവും എടുക്കും; അല്ലാഹുവിന്റെ നടപടി വിജയിക്കാതിരിക്കയില്ല. രഹസ്യമായി വല്ലതും നടത്തിക്കളയാമെന്ന ധാരണയും വേണ്ട. അവരുടെ ഏത് രഹസ്യവും അല്ലാഹു അറിയാത്തതായിട്ടില്ല. മാത്രമല്ല, അവരുടെ ചെയ്തികളെല്ലാം രേഖപ്പെടുത്തുവാൻ ഏല്പിക്കപ്പെട്ട മലക്കുകൾ അവരുടെ ഓരോ ചെയ്തിയും രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. എന്ന് സാരം.

قُلْ إِن كَانَ لِلرَّحْمَـٰنِ وَلَدٌ فَأَنَا۠ أَوَّلُ ٱلْعَـٰبِدِينَ ﴿٨١﴾

《81》 (നബിയേ) പറയുക: പരമകാരുണികന് വല്ല സന്താനവും ഉണ്ടെന്ന് വരികിൽ, ഞാൻ (അതിന്റെ) ആരാധകൻമാരിൽ ഒന്നാമത്തേവനായിരിക്കും.

سُبۡحَـٰنَ رَبِّ ٱلسَّمَـٰوَٰتِ وَٱلۡأَرۡضِ رَبِّ ٱلۡعَرۡشِ عَمَّا يَصِفُونَ ﴿٨٢﴾

《82》 ആകാശങ്ങളുടെയും, ഭൂമിയുടെയും റബ്ബ്- അതായത്, അർശിന്റെ [സിംഹാസനത്തിന്റെ] റബ്ബ്- അവർ വർണിച്ച് പറയുന്നതിൽനിന്ന് എത്രയോ പരിശുദ്ധൻ!

《81》 قُلْ നീ പറയുക إِن كَانَ ഉണ്ടെങ്കിൽ, ഉണ്ടായിരുന്നെങ്കിൽ لِلرَّحْمَـٰنِ റഹ്മാന്ന്
وَلَدٌ വല്ല സന്താനവും, മക്കളും فَأَنَا۠ എന്നാൽ ഞാൻ أَوَّلُ ٱلْعَـٰبِدِينَ ആരാധിക്കുന്നവ
രിൽ ഒന്നാമത്തേവനായിരിക്കും 《82》 سُبْحَـٰنَ മഹാ പരിശുദ്ധൻ, പരിശുദ്ധപ്പെടു
ത്തുന്നു رَبِّ ٱلسَّمَـٰوَٰتِ ആകാശങ്ങളുടെ റബ്ബ്, റബ്ബിനെ وَٱلْأَرْضِ ഭൂമിയുടെയും
رَبِّ ٱلْعَرْشِ അർശിന്റെ റബ്ബ് عَمَّا يَصِفُونَ അവർ വർണിക്കുന്ന (വിവരിക്കുന്നതിൽ
നിന്ന്)

മക്കളെ സ്വീകരിക്കുക, മക്കൾ ജനിക്കുക എന്നിങ്ങനെ സൃഷ്ടികളുടേതായ സകലഗുണവിശേഷങ്ങളിൽനിന്നും പരിശുദ്ധനാണവൻ. അതൊന്നും പരമോന്നതനായ അവന്റെ മഹത്വത്തിന് യോജിച്ചതല്ല.

فَذَرْهُمْ يَخُوضُوا۟ وَيَلْعَبُوا۟ حَتَّىٰ يُلَـٰقُوا۟ يَوْمَهُمُ ٱلَّذِى يُوعَدُونَ ﴿٨٣﴾

《83》 ആകയാൽ അവരെ വിട്ടേക്കുക; അവരോട് താക്കീത് ചെയ്യപ്പെട്ടുവരുന്ന അവരുടെ (ആ) ദിവസവുമായി കണ്ടുമുട്ടുന്നതുവരേക്കും അവർ (തോന്നിയവാസത്തിൽ) മുഴുകിയും, കളിച്ചുംകൊണ്ടിരിക്കട്ടെ!

وَهُوَ ٱلَّذِى فِى ٱلسَّمَآءِ إِلَـٰهٌ وَفِى ٱلْأَرْضِ إِلَـٰهٌ ۚ وَهُوَ ٱلْحَكِيمُ ٱلْعَلِيمُ ﴿٨٤﴾

《84》 അവനത്രെ, ആകാശത്തിൽ ആരാധ്യനും, ഭൂമിയിൽ ആരാധ്യനുമായുള്ളവൻ. അവൻതന്നെയാണ്, അഗാധജ്ഞനും, സർവ്വജ്ഞനും.

وَتَبَارَكَ ٱلَّذِى لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا وَعِندَهُۥ عِلْمُ ٱلسَّاعَةِ وَإِلَيْهِ تُرْجَعُونَ ﴿٨٥﴾

《85》 ആകാശങ്ങളുടെയും, ഭൂമിയുടെയും, അവക്കിടയിലുള്ളതിന്റെയും രാജാധിപത്യം യാതൊരുവന്നുള്ളതാണോ അവൻ, വളരെ മഹത്വം (അഥവാ നന്മ) ഏറിയവനുമാകുന്നു. അവന്റെ അടുക്കലാണ് അന്ത്യസമയത്തിന്റെ അറിവുള്ളതും. അവങ്കലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു .

وَلَا يَمۡلِكُ ٱلَّذِينَ يَدۡعُونَ مِن دُونِهِ ٱلشَّفَٰعَةَ إِلَّا مَن شَهِدَ بِٱلۡحَقِّ وَهُمۡ يَعۡلَمُونَ ﴿٨٦﴾

﴿86﴾ അവന് പുറമെ അവർ വിളിച്ചു (പ്രാർത്ഥിച്ചു) കൊണ്ടിരിക്കുന്നവർക്ക് ശുപാർശ ചെയ്യാൻ അധികാരം (അഥവാ കഴിവ്) ഉണ്ടാകുന്നതല്ല; തങ്ങൾ അറിഞ്ഞു കൊണ്ട് യഥാർത്ഥത്തിന് സാക്ഷ്യം വഹിച്ചതാരോ അവർക്കല്ലാതെ.

﴿83﴾ فَذَرۡهُمۡ ആകയാൽ (എന്നാൽ) അവരെ വിട്ടേക്കുക يَخُوضُواْ അവർ മുഴുകട്ടെ, മുഴുകുമാറ് وَيَلۡعَبُواْ വിളയാടുകയും, കളിക്കുകയും حَتَّىٰ يُلَٰقُواْ അവർ കണ്ടെത്തുന്നതുവരെ يَوۡمَهُمُ അവരുടെ ദിവസം ٱلَّذِي يُوعَدُونَ അവരോട് വാഗ്ദത്തം (താക്കീത്) ചെയ്യപ്പെടുന്ന ﴿84﴾ فَذَرۡهُمۡ അവൻ യാതൊരുവനാണ് فِي ٱلسَّمَآءِ إِلَٰهٌ ആകാശത്തിൽ ആരാധ്യനായ (ദൈവമായ) وَفِي ٱلۡأَرۡضِ إِلَٰهٌ ഭൂമിയിലും ആരാധ്യനായ ﴿85﴾ وَتَبَارَكَ ٱلَّذِي അവൻ തന്നെ അഗാധജ്ഞൻ ٱلۡعَلِيمُ സർവ്വജ്ഞൻ وَهُوَ ٱلۡحَكِيمُ യാതൊരുവൻ മഹത്വം (മേൻമ, ഗുണം) ഏറിയവനുമാകുന്നു لَهُۥ അവനാണ് مُلۡكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ ആധിപത്യം وَٱلۡأَرۡضِ ഭൂമിയുടെയും وَمَا بَيۡنَهُمَا രണ്ടിന്നിടയിലുള്ളതിന്റെയും وَعِندَهُۥ അവന്റെ അടുക്കലാണ്താനും عِلۡمُ ٱلسَّاعَةِ അന്ത്യഘട്ടത്തിന്റെ അറിവ് وَإِلَيۡهِ അവനിലേക്ക്തന്നെ تُرۡجَعُونَ നിങ്ങൾ മടക്കപ്പെടുന്നു ﴿86﴾ وَلَا يَمۡلِكُ സ്വാധീനമാക്കുക (അധികാരപ്പെടുക, കഴിയുക)യില്ല ٱلشَّفَٰعَةَ ശുപാർശക്ക് ٱلَّذِينَ يَدۡعُونَ അവർ വിളിച്ചു പ്രാർത്ഥിക്കുന്നവർ مِن دُونِهِ അവന് പുറമെ إِلَّا مَن شَهِدَ സാക്ഷ്യം വഹിച്ചവരല്ലാതെ بِٱلۡحَقِّ യഥാർത്ഥത്തിന് وَهُمۡ يَعۡلَمُونَ അവർ അറിഞ്ഞുകൊണ്ട്

അല്ലാഹു അല്ലാത്ത ആരാധ്യന്മാർക്ക് തങ്ങളുടെ ആരാധകന്മാർക്കുവേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യാനോ, സ്വാധീനം ചെലുത്തുവാനോ സമീപിക്കുന്നതല്ല. പക്ഷേ, തൗഹീദിനെപ്പറ്റി ബോധപൂർവ്വം അറിഞ്ഞുകൊണ്ട് അതിന് സാക്ഷ്യംവഹിച്ചിരുന്ന ഈസാ നബി (അ), ഉസൈർ (റ), മലക്കുകൾ മുതലായവർ അതിൽനിന്ന് ഒഴിവാകുന്നു. തങ്ങളെ ആരാധിച്ചുവന്നിരുന്നവരുടെ ആരാധനയെക്കുറിച്ച് അവർ ഒന്നും അറിയുന്നതല്ല. അതിനെ അനുകൂലിക്കുന്നവരുമല്ല അവർ. ഇങ്ങനെയുള്ളവർ അല്ലാഹുവിന്റെ അനുമതിപ്രകാരം സജ്ജനങ്ങൾക്ക് വേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്തെന്ന് വരാം. يومئذ لا تنفع الشفاعة إلا من اذن له الرحمن ورضي له قولا–طه:١٠٩ (അന്നത്തെ ദിവസം, പരമകാരുണികൻ യാതൊരാൾക്ക് അനുമതി നൽകുകയും, അവന്നുവേണ്ടി പറയുവാൻ തൃപ്തിപ്പെടുകയും

ചെയ്തുവോ അങ്ങനെയുള്ളവനല്ലാതെ ശുപാർശ ഫലം ചെയ്കയില്ല). ولا يشفعون إلا لمن ارتضى –الأنبياء:٢٨ (അവൻ തൃപ്തിപ്പെട്ട് കൊടുത്തവർക്ക് വേണ്ടിയല്ലാതെ അവർ- മലക്കുകൾ- ശുപാർശ ചെയ്കയില്ല.)

وَلَا يَمْلِكُ ٱلَّذِينَ يَدْعُونَ مِن دُونِهِ ٱلشَّفَٰعَةَ إِلَّا مَن شَهِدَ بِٱلْحَقِّ وَهُمْ يَعْلَمُونَ ﴿٨٦﴾

﴿87﴾ ആരാണ്, അവരെ സൃഷ്ടിച്ചതെന്ന് അവരോട് നീ ചോദിച്ചെങ്കിൽ, അവർ നിശ്ചയമായും പറയും; അല്ലാഹു എന്ന്. അപ്പോൾ, എങ്ങനെയാണവർ (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്?!

﴿87﴾ وَلَئِن سَأَلْتَهُم നീ അവരോട് ചോദിച്ചുവെങ്കിൽ مَّنْ خَلَقَهُمْ അവരെ സൃഷ്ടിച്ചതാരെന്ന് لَيَقُولُنَّ ٱللَّهُ നിശ്ചയമായും അവർ പറയും അല്ലാഹു എന്ന് فَأَنَّىٰ അപ്പോൾ എങ്ങനെയാണ്, എവിടെ നിന്നാണ് يُؤْفَكُونَ അവർ തെറ്റിക്കപ്പെടുന്നത്

സ്രഷ്ടാവ് അല്ലാഹുവാണെന്ന ബോധ്യമുള്ള സ്ഥിതിക്ക് അവനല്ലാത്തവരെ ആരാധ്യരായി സ്വീകരിക്കുന്നത് യുക്തിക്കും, ന്യായത്തിനും നിരക്കാത്ത ഒരപരാധമാണ്; വൈരുദ്ധ്യം നിറഞ്ഞതും ആശ്ചര്യകരവുമാണ്.

وَقِيلِهِۦ يَٰرَبِّ إِنَّ هَٰٓؤُلَآءِ قَوْمٌ لَّا يُؤْمِنُونَ ﴿٨٨﴾

﴿88﴾ അദ്ദേഹത്തിന്റെ [റസൂലിന്റെ] വാക്കിനെപ്പറ്റിയും (അല്ലാഹുവിങ്കൽ അറിവുണ്ട്); എന്റെ റബ്ബേ, ഇക്കൂട്ടർ വിശ്വസിക്കാത്ത ഒരു ജനതയാണ്!

﴿88﴾ وَقِيلِهِ അദ്ദേഹത്തിന്റെ വാക്കും (അദ്ദേഹം പറയുന്നതും) يَٰرَبِّ എന്റെ റബ്ബേ إِنَّ هَٰٓؤُلَآءِ നിശ്ചയമായും ഇക്കൂട്ടർ قَوْمٌ لَّا يُؤْمِنُونَ വിശ്വസിക്കാത്ത ഒരു ജനതയാണ്

وعنده علم الساعة (അന്ത്യസമയത്തെക്കുറിച്ചുള്ള അറിവ് അല്ലാഹുവിങ്കലാണ്) എന്ന് 85 -ാം വചനത്തിൽ പറഞ്ഞുവല്ലോ. അതിനോട് ചേർന്നതാണ് ഈ വചനവും. അതായത്, ജനങ്ങളെ സത്യത്തിലേക്ക് വളരെയധികം ക്ഷണിച്ചിട്ടും അവരത് സ്വീകരിക്കാതിരിക്കുന്നതിനെപ്പറ്റി റസൂൽ തിരുമേനിﷺ അല്ലാഹുവിനോട് സങ്കടപ്പെടുന്നതും അല്ലാഹു അറിയുന്നുണ്ടെന്ന് സാരം. തിരുമേനിയെ സാന്ത്വനപ്പെടുത്തിക്കൊണ്ടും, അതേസമയം വിശ്വസിക്കാത്തവരെ താക്കീത് ചെയ്തുകൊണ്ടും അല്ലാഹു പറയുന്നു:

فَٱصۡفَحۡ عَنۡهُمۡ وَقُلۡ سَلَٰمٞۚ فَسَوۡفَ يَعۡلَمُونَ ﴿٨٩﴾

《89》 എന്നാൽ, (നബിയേ) അവരെ വിട്ട് പിരിഞ്ഞുപോരുക. (അവരോട്) പറഞ്ഞേക്കുകയും ചെയ്യുക; സലാം! അവർ വഴിയെ അറിഞ്ഞുകൊള്ളും!

《89》 فَٱصۡفَحۡ ആകയാൽ തിരിഞ്ഞു (മാറി) കളയുക عَنۡهُمۡ അവരെ വിട്ട്, അവരിൽ നിന്ന് وَقُلۡ നീ പറയുകയും ചെയ്യുക سَلَٰمٞ സലാം എന്ന് فَسَوۡفَ എന്നാൽ പിന്നീട്, വഴിയെ يَعۡلَمُونَ അവർ അറിയുന്നതാണ്

തൽക്കാലം അവരിൽനിന്ന് സമാധാനപൂർവ്വം സലാം പറഞ്ഞു പിരിഞ്ഞ് ക്ഷമ കൈക്കൊള്ളുക, അധികം താമസിയാതെ അവരുടെ ധിക്കാരത്തിന്റെ ഫലം അവർക്കറിയാറാകും എന്ന് താൽപര്യം. ഈ വചനം അവതരിച്ച് അൽപ വർഷങ്ങൾക്കകം ഈ വാഗ്ദാനം പുലർന്നുകാണുവാനുള്ള മഹാഭാഗ്യം നബി തിരുമേനിﷺക്ക് ലഭിക്കുകയും ചെയ്തു. ശത്രുക്കൾ അമ്പേ പരാജയപ്പെടുകയും, ജനങ്ങൾ കൂട്ടംകൂട്ടമായി സത്യവിശ്വാസം സ്വീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ മതത്തിൽ പ്രവേശിക്കുകയും ചെയ്തു.

سبحان وبك رب العزة عما يصفون وسلام على المرسلين والحمد لله رب العامين

سورة الدخان

44. സൂറത്തുദ്ദുഖാൻ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 59 - വിഭാഗം (റുകൂഅ്) 3

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

حمٓ ﴿١﴾

《1》 ഹാ മീം .

وَٱلۡكِتَٰبِ ٱلۡمُبِينِ ﴿٢﴾

《2》 സ്പഷ്ടമായ വേദഗ്രന്ഥം തന്നെയാണ (സത്യം)!

إِنَّآ أَنزَلۡنَٰهُ فِي لَيۡلَةٖ مُّبَٰرَكَةٍۚ إِنَّا كُنَّا مُنذِرِينَ ﴿٣﴾

《3》 നിശ്ചയമായും, നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു.
(കാരണം:) നാം മുന്നറിയിപ്പ് നൽകുന്നവരാകുന്നു.

فِيهَا يُفۡرَقُ كُلُّ أَمۡرٍ حَكِيمٍ ﴿٤﴾

《4》 യുക്തിമത്തായ എല്ലാ കാര്യവും അതിൽ [ആ രാത്രിയിൽ] വേർതിരി(ച്ചു വിവരി)ക്കപ്പെടുന്നു;

أَمۡرٗا مِّنۡ عِندِنَآۚ إِنَّا كُنَّا مُرۡسِلِينَ ﴿٥﴾

《5》 -നമ്മുടെ പക്കൽനിന്നുള്ള കൽപനയായിക്കൊണ്ട്. (കാരണം;) നാം ദൗത്യം നൽകുന്ന [റസൂലുകളെ അയക്കുന്ന] വരാകുന്നു;

رَحۡمَةٗ مِّن رَّبِّكَۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡعَلِيمُ ﴿٦﴾

《6》 നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള കാരുണ്യമായിക്കൊണ്ട്, നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും അറിയുന്നവനും.

رَبِّ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَمَا بَيۡنَهُمَآۖ إِن كُنتُم مُّوقِنِينَ ﴿٧﴾

﴿7﴾ അതായത്, ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും രക്ഷിതാവിന്റെ (കാരുണ്യം);- നിങ്ങൾ ദൃഢവിശ്വാസികളാണെങ്കിൽ

لَآ إِلَٰهَ إِلَّا هُوَ يُحۡيِۦ وَيُمِيتُۖ رَبُّكُمۡ وَرَبُّ ءَابَآئِكُمُ ٱلۡأَوَّلِينَ ﴿٨﴾

﴿8﴾ അവനല്ലാതെ ആരാധ്യനേയില്ല;അവൻ ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ രക്ഷിതാവും,നിങ്ങളുടെ പൂർവ്വികൻമാരായ പിതാക്കളുടെ രക്ഷിതാവുമാകുന്നു (അവൻ).

﴿1﴾ حم ഹാമീം ﴿2﴾ وَٱلۡكِتَٰبِ ഗ്രന്ഥം തന്നെ ٱلۡمُبِينِ സ്പഷ്ടമായ 3. إِنَّآ أَنزَلۡنَٰهُ
നിശ്ചയമായും നാം അത് അവതരിപ്പിച്ചു فِي لَيۡلَةٖ ഒരു രാത്രിയിൽ مُّبَٰرَكَةٍ അനുഗൃ
ഹീതമായ, ആശീർവദിക്കപ്പെട്ട إِنَّا كُنَّا നിശ്ചയമായും നാം ആകുന്നു مُنذِرِينَ മുന്ന
റിയിപ്പ് നൽകുന്നവർ ﴿4﴾ فِيهَا അതിൽ يُفۡرَقُ വേർതിരിക്കപ്പെടുന്നു, വിവേചിക്ക
പ്പെടും كُلُّ أَمۡرٍ എല്ലാ കാര്യവും حَكِيمٍ യുക്തിമത്തായ, തത്വപൂർണമായ, ബലവ
ത്തായ ﴿5﴾ أَمۡرًا കല്പനയായിട്ട്, കാര്യമെന്നനിലക്ക് مِّنۡ عِندِنَآ നമ്മുടെ പക്കലുള്ള
إِنَّا كُنَّا നിശ്ചയമായും നാം ആകുന്നു مُرۡسِلِينَ അയക്കുന്നവർ, ദൗത്യം നൽകുന്നവർ
﴿6﴾ رَحۡمَةً കാരുണ്യമായിട്ട് مِّن رَّبِّكَ നിന്റെ റബ്ബിങ്കൽ നിന്നുള്ള إِنَّهُۥ هُوَ അവൻ
തന്നെയാണ് ٱلسَّمِيعُ കേൾക്കുന്നവൻ ٱلۡعَلِيمُ അറിയുന്നവൻ ﴿7﴾ رَبِّ ٱلسَّمَٰوَٰتِ അതാ
യത് ആകാശങ്ങളുടെ റബ്ബിന്റെ وَٱلۡأَرۡضِ ഭൂമിയുടെയും وَمَا بَيۡنَهُمَآ രണ്ടിനുമിടയിലു
ള്ളതിന്റെയും إِن كُنتُم നിങ്ങളാണെങ്കിൽ مُّوقِنِينَ ദൃഢ (ഉറച്ച) വിശ്വാസികൾ
﴿8﴾ لَآ إِلَٰهَ ഒരു ആരാധ്യനുമില്ല إِلَّا هُوَ അവനല്ലാതെ يُحۡيِ അവൻ ജീവിപ്പിക്കുന്നു
وَيُمِيتُ മരിപ്പിക്കുകയും ചെയ്യുന്നു. رَبُّكُمۡ നിങ്ങളുടെ റബ്ബാണ് وَرَبُّ ءَابَآئِكُمُ നിങ്ങ
ളുടെ പിതാക്കളുടെയും റബ്ബാണ് ٱلۡأَوَّلِينَ പൂർവ്വികൻമാരായ

വാചകഘടനയിൽ പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്ന ഈ വചനങ്ങളിൽ പല വിഷയങ്ങളും അല്ലാഹു ഉണർത്തുന്നു. വക്രതയും കെട്ടിപ്പിണക്കവും കൂടാതെ വിഷയങ്ങൾ സ്പഷ്ടമായി വിവരിക്കുന്ന വിശുദ്ധ ക്വുർആന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ആ ഗ്രന്ഥം ഒരു അനുഗൃഹീത രാത്രിയിലാണ് അവതരിപ്പിക്കുന്നതെന്നും, ജനങ്ങൾ അറിഞ്ഞിരിക്കേണ്ടുന്നതും, അവർക്ക് നേരിടുവാ

നിരിക്കുന്നതുമായ കാര്യങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയാണ് അതിന്റെ അവതരണോദ്ദേശ്യമെന്നും 2 ഉം 3 ഉം വചനങ്ങളിൽ പ്രസ്താവിക്കുന്നു.

'അനുഗൃഹീതമായ ഒരു രാത്രി'(ليلة مباركة) കൊണ്ട് വിവക്ഷ റമദ്വാൻ മാസത്തിൽ ലൈലത്തുൽ ക്വദ്ർ(ليلة القدر) എന്ന പേരിൽ അറിയപ്പെടുന്ന ദിവസ മത്രെ. ക്വുർആൻ അവതരിപ്പിക്കപ്പെട്ടത് റമദ്വാൻ മാസത്തിൽ ആണെന്ന് (شهر رمضان الذي أنزل فيه القرآن) സൂറത്തുൽ ബക്വറഃയിലും, അതിനെ ലൈലത്തുൽ ക്വദ്റിൽ അവതരിപ്പിച്ചിരിക്കുന്നു എന്ന് (إنا أنزلناه في ليلة القدر) സൂറത്തുൽ ക്വദ്റിലും പ്രസ്താവിച്ചിരിക്കുന്നു. ശഅ്ബാൻ മാസത്തിലെ പതിനഞ്ചാം രാത്രിയാണ് ഉദ്ദേ ശ്യമെന്ന് ചിലർ പറയാറുള്ളത് ശരിയല്ലെന്ന് പ്രധാനപ്പെട്ട മുഫസ്സിറുകളെല്ലാം ചൂണ്ടിക്കാട്ടുന്നത് ഇതുകൊണ്ടാകുന്നു.

നബിﷺക്ക് പ്രവാചകത്വം ലഭിച്ചത് മുതൽ 23 കൊല്ലക്കാലംകൊണ്ടാ യിരുന്നു ക്വുർആന്റെ അവതരണം പൂർത്തിയായതെന്ന വസ്തുത പ്രസിദ്ധമാ ണ്. രാവും പകലും, നാട്ടിലും യാത്രയിലും, ഗ്രീഷ്മത്തിലും വസന്തത്തിലുമെന്നീ വ്യത്യാസമൊന്നും കൂടാതെ, സന്ദർഭത്തിനും ആവശ്യത്തിനും അനുസരിച്ചായി രുന്നു അത്. എന്നിരിക്കെ, ഒരു രാത്രിയിൽ ക്വുർആൻ അവതരിപ്പിച്ചു എന്ന് പറ ഞ്ഞതിന്റെ താൽപര്യം എന്താണ്? ഈ വിഷയത്തിൽ രണ്ട് അഭിപ്രായങ്ങളാണ് പ്രസക്തമായിട്ടുള്ളത്.

1) അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന മൂലഗ്രന്ഥത്തി(أم الكتاب)ൽ നിന്ന്- അഥവാ ലൗഹുൽ മഹ്ഫൂദ്വി(اللوح المحفوظ)ൽ നിന്ന് -ക്വുർആന്റെ മുഴുവൻ ഭാഗവും അടുത്ത ആകാശലോകത്തേക്ക് ആ രാത്രിയിൽ അവതരിപ്പിച്ചു; പിന്നീട് ആവശ്യാനുസരണം കുറേശ്ശെയായി നബിﷺക്ക് അവിടെനിന്ന് അവതരിപ്പിച്ചു കൊണ്ടിരുന്നു. ഇബ്നു അബ്ബാസ് (റ) മുതലായവരുടെ വ്യാഖ്യാനമാണിത്. മുഫ സ്സിറുകളിൽ അധികമാളുകളും ഈ അഭിപ്രായമാണ് സ്വീകരിച്ചുകാണുന്നത്. ഇബ്നു അബ്ബാസ് (റ)ൽ നിന്ന് ഹാകിം, ബൈഹക്വീ, നസാഈ, ത്വബ്റാനീ (റ) മുതലായ പല മഹാൻമാരും ഇത് നിവേദനം ചെയ്തിട്ടുണ്ട്. (كما في الإتقان) ഇതാണ് ശരിക്കും സ്വീകാര്യവുമായ അഭിപ്രായമെന്ന് ഇമാം അസ്ക്വലാനീ (റ) പ്രത്യേകം എടുത്തുപറയുകയും ചെയ്തിരിക്കുന്നു.

2) ക്വുർആന്റെ അവതരണം ആരംഭിച്ചത് പ്രസ്തുത രാത്രിയിലാകുന്നു വെന്നാണ് ഇമാം ശുഅ്ബീ (റ) മുതലായവരുടെ വ്യാഖ്യാനം. പല മുഫസ്സിറു കളും ഈ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ രണ്ട് അഭിപ്രായങ്ങളും തമ്മിൽ പരസ്പര വൈരുദ്ധ്യമില്ലാത്ത സ്ഥിതിക്ക് രണ്ടും ശരിയായിരിക്കുന്നതിന് വിരോ ധമില്ലതാനും. الله أعلم

പക്ഷേ, ഹിറാഗുഹയിൽവെച്ച് നബിﷺക്ക് ഒന്നാമതായി ക്വുർആൻ അവ തരിച്ചത് ഏത് ദിവസത്തിലായിരുന്നുവെന്ന് തിട്ടപ്പെടുത്തിപ്പറയുവാൻ മതിയായ

തെളിവുകളില്ല. റമദാൻ പതിനേഴായിരുന്നുവെന്നാണ് സൂക്ഷ്മാന്വേഷികളായ ചില പണ്ഡിതൻമാർ പറയുന്നത്. അതല്ല, റമദാന്റെ ഒടുവിലത്തെ പത്തിൽ ഒരു രാത്രിയായിരുന്നുവെന്നാണ് മറ്റൊരഭിപ്രായം. ഇതിനെപ്പറ്റി സൂറത്തുൽ ക്വദ്റിൽവെച്ച് കുറെക്കൂടി വിവരം പ്രതീക്ഷിക്കാവുന്നതാണ്. إن شاء الله ഏതായാലും, ആ രാത്രിയെപ്പറ്റി അനുഗൃഹീതമായത്- അഥവാ ആശീർവ്വദിക്കപ്പെട്ടത്(مباركة)എന്ന് വിശേഷിപ്പിച്ചതിൽ അടങ്ങിയ തത്വം ശ്രദ്ധേയമാകുന്നു. യുക്തിമത്തായ എല്ലാ കാര്യങ്ങളും ആ രാത്രിയിൽ വേർതിരിച്ച് വിവേചനം ചെയ്യപ്പെടുന്നു. (فيها يفرق كل امر حكيم) ഇതാണത്.

كل أمر حكيم എന്ന വാക്കിന് യുക്തമായ എല്ലാ കാര്യങ്ങളും എന്നും ബലവത്തായ എല്ലാ കാര്യങ്ങളും എന്നും ഉദ്ദേശ്യാർത്ഥങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. 'നമ്മുടെ പക്കൽനിന്നുള്ള കല്പനയായിക്കൊണ്ട്'(أمر من عندنا) എന്ന് പറഞ്ഞിരിക്കകൊണ്ട് രണ്ടാമത്തെ അർത്ഥത്തിനാണ് കൂടുതൽ ന്യായം കാണുന്നത്. അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാകയാൽ മാറ്റത്തിരുത്തുകൾക്കോ, ഏതെങ്കിലും ന്യൂനതകൾക്കോ ഇടമില്ലാത്തവിധം സുശക്തവും ബലവത്തുമായ കാര്യങ്ങൾ ആ രാത്രിയിൽ പ്രത്യേകം പ്രത്യേകം വിവരിക്കപ്പെടുമെന്ന് ഈ വാക്ക് സൂചിപ്പിക്കുന്നു. എല്ലാ കാര്യങ്ങളുടെയും മൂലരേഖയായ 'ലൗഹുൽ മഹ്ഫൂദ്വി'ൽ നിന്ന് അതത് കൊല്ലങ്ങളിൽ ലോകത്ത് നടക്കുന്നതും, നടക്കേണ്ടതുമായ കാര്യങ്ങൾ മലക്കുകൾക്ക് ആ രാത്രിയിൽ വിവരിച്ചുകൊടുക്കുമെന്നാണ് 4 -ാം വചനത്തിന്റെ വ്യാഖ്യാനമായി പ്രധാന മുഫസ്സിറുകൾ പൊതുവിൽ അംഗീകരിച്ചിട്ടുള്ളത്. ഇബ്നു ഉമർ (റ), മുജാഹിദ് (റ), അബൂമാലിക് (റ), ദ്വഹ്ഹാക് (റ) തുടങ്ങിയവർ പ്രസ്താവിക്കുന്നതും അതുതന്നെയാകുന്നു.ലൈലത്തുൽ ക്വദ്ർകൊല്ലംതോറും ആവർത്തിക്കപ്പെടുന്ന ഒരു വിശേഷരാത്രിയാണെന്ന അടിസ്ഥാനത്തിലാണ് ഈ വ്യാഖ്യാനം എന്ന് സ്പഷ്ടമാണ്. ക്വുർആൻ അവതരിപ്പിക്കുവാൻ തുടങ്ങിയ ആ ഒരേ ഒരു രാത്രിക്കാണ് 'ലൈലത്തുൽ ക്വദ്ർ' എന്ന് പറയുന്നതെന്നത്രെ മറ്റു ചിലരുടെ അഭിപ്രായം. ക്വുർആന്റെ അവതരണംമുഖേന, സത്യാസത്യവിവേചനവും, ലോകർക്ക് വേണ്ടുന്ന മാർഗദർശനവും നൽകുവാൻ ആരംഭിച്ചതിനെയാണ് ഈ വചനം ചൂണ്ടിക്കാട്ടുന്നത് എന്നുമാണ് ഈ അഭിപ്രായക്കാർ പറയുന്നത്.

ലൈലത്തുൽ ക്വദ്റിൽ ക്വുർആൻ അവതരിപ്പിച്ചുവെന്ന് പറഞ്ഞത് ക്വുർആൻ അവതരിപ്പിക്കുവാൻ തുടങ്ങിയതിനെ ഉദ്ദേശിച്ചാണെന്നുവെച്ചാൽപോലും ലൈലത്തുൽ ക്വദ്ർ കൊല്ലംതോറും ആവർത്തിക്കുമെന്നുള്ളതിന് അത് വിരുദ്ധമാകുന്നില്ല. പ്രബലവും പ്രസിദ്ധവുമായ പല ഹദീഥുകൾ മുഖേനയും സ്ഥാപിതമായിട്ടുള്ളതുമാണത്. ക്വുർആന്റെ വാചകങ്ങൾ ഇതിന് ബലം കൂട്ടുകയും ചെയ്യുന്നു. ക്വുർആന്റെ അവതരണത്തെപ്പറ്റി നാം അതിനെ അവതരിപ്പിച്ചു(إنا أنزلناه) എന്ന് ഭൂതകാലരൂപത്തിലാണ് ഇവിടെയും സൂ: ക്വദ്റിലും അല്ലാഹു പറഞ്ഞിരിക്കുന്നത്. അവതരിപ്പിച്ചുവെന്ന് പറഞ്ഞത് ലൗഹുൽ മഹ്ഫൂദ്വിൽനിന്ന് ആകാശത്തിലേക്ക് അവതരിപ്പിച്ചതിനെ ഉദ്ദേശിച്ചാകട്ടെ, നബിﷺക്ക് അവതരി

പ്പിച്ചു കൊടുക്കുവാൻ തുടങ്ങിയതിനെ ഉദ്ദേശിച്ചാകട്ടെ, പ്രസ്തുത രാത്രിയെപ്പറ്റി പറഞ്ഞപ്പോൾ അതിൽ വേർതിരിച്ച് വിവരിക്കപ്പെടുന്നു(فيها يفرق)എന്ന് ഇവിടെയും, ആ രാത്രിയിൽ മലക്കുകൾ ഇറങ്ങുമെന്നും മറ്റും(تنزل الملئكة)സൂറത്തുൽ ക്വദ്റിലും പ്രസ്താവിച്ചിരിക്കുന്നതും ശ്രദ്ധേയമാകുന്നു. ഇത് പോലെയുള്ള ക്രിയാരൂപങ്ങൾ വർത്തമാനകാലത്തെയോ ഭാവികാലത്തെയോ ആണ് കുറിക്കുന്നതെന്ന് പറയേണ്ടതില്ല. അപ്പോൾ, മലക്കുകളുടെ വരവും, കാര്യങ്ങളെ വേർതിരിക്കലും ഒരിക്കൽ ഉണ്ടായിക്കഴിഞ്ഞുവെന്നല്ല- ഉണ്ടായിക്കൊണ്ടിരിക്കും എന്നത്രെ- ഈ വാക്കുകൾ നേർക്കുനേരെ കാട്ടിത്തരുന്നത്. ഹദീഥുകളിലാണെങ്കിൽ ഈ സംഗതി തുറന്നഭാഷയിൽ വ്യക്തമായിത്തന്നെ പ്രസ്താവിക്കുന്നുമുണ്ട്. കൂടുതൽ വിവരം സൂറത്തുൽ ക്വദ്റിന്റെ വ്യാഖ്യാനത്തിൽ വരുന്നതാണ്. إن شاء الله

ലോകരുടെ എല്ലാ സ്ഥിതിഗതികളും, ആവശ്യങ്ങളും കണ്ടറിയുന്നവനാണ് അല്ലാഹു. അവന്റെ കാരുണ്യം നിമിത്തമാണ് അവൻ ക്വുർആൻ മുതലായ വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചും, പ്രവാചകൻമാരെ അയച്ചും ജനങ്ങൾക്ക് സന്ദേശങ്ങൾ എത്തിക്കുന്നത്. അവനാണ് സർവ്വലോകനിയന്താവും, ആരാധനക്കർഹനും എന്നൊക്കെയാണ് തുടർന്നുള്ള വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ ചുരുക്കം.

بَلْ هُمْ فِى شَكٍّ يَلْعَبُونَ ﴿٩﴾

﴿9﴾ എങ്കിലും, അവർ [അവിശ്വാസികൾ] സംശയത്തിൽ (പെട്ട്) കളിച്ചുകൊണ്ടിരിക്കുകയാണ്.

فَٱرْتَقِبْ يَوْمَ تَأْتِى ٱلسَّمَآءُ بِدُخَانٍ مُّبِينٍ ﴿١٠﴾

﴿10﴾ അതിനാൽ, ആകാശം സ്പഷ്ടമായ ഒരു (തരം) പുകയും കൊണ്ടുവരുന്ന ദിവസം നീ പ്രതീക്ഷിക്കുക;-

يَغْشَى ٱلنَّاسَ ۖ هَٰذَا عَذَابٌ أَلِيمٌ ﴿١١﴾

﴿11﴾ അത് മനുഷ്യരെ മൂടുന്നതാണ്. ഇത് വേദനയേറിയ ഒരു ശിക്ഷയായിരിക്കും.

رَّبَّنَا ٱكْشِفْ عَنَّا ٱلْعَذَابَ إِنَّا مُؤْمِنُونَ ﴿١٢﴾

﴿12﴾ (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് ശിക്ഷ ഒഴിവാക്കിത്തരേണമേ! നിശ്ചയമായും ഞങ്ങൾ വിശ്വസിക്കുന്നവരാണ്.

أَنَّىٰ لَهُمُ ٱلذِّكْرَىٰ وَقَدْ جَآءَهُمْ رَسُولٌ مُّبِينٌ ﴿١٣﴾

﴿13﴾ എവിടെനിന്നാണ് അവർക്ക് ഉപദേശം (ഫലപ്രദമാകുന്നത്)? അവരുടെ അടുക്കൽ സ്പഷ്ടമായ ഒരു റസൂൽ [ദൈവദൂതൻ] ചെന്നിട്ടുണ്ടല്ലോ!-

ثُمَّ تَوَلَّوْا۟ عَنْهُ وَقَالُوا۟ مُعَلَّمٌ مَّجْنُونٌ ﴿١٤﴾

﴿14﴾ എന്നിട്ട് അവർ അദ്ദേഹത്തിൽ നിന്ന് പിൻമാറിക്കളയുകയാണ് ചെയ്തത്. അവർ പറയുകയും ചെയ്തു: അഭ്യസിപ്പിക്കപ്പെട്ടവൻ, ഭ്രാന്തൻ (എന്നൊക്കെ)!

إِنَّا كَاشِفُوا۟ ٱلْعَذَابِ قَلِيلًا ۚ إِنَّكُمْ عَآئِدُونَ ﴿١٥﴾

﴿15﴾ നാം ശിക്ഷ അൽപമൊന്ന് ഒഴിവാക്കിക്കൊടുക്കുന്നതാണ്. (അവിശ്വാസികളേ) നിശ്ചയമായും നിങ്ങൾ (വീണ്ടും) മടങ്ങുന്നവരാകുന്നു.

يَوْمَ نَبْطِشُ ٱلْبَطْشَةَ ٱلْكُبْرَىٰٓ إِنَّا مُنتَقِمُونَ ﴿١٦﴾

﴿16﴾ ഏറ്റവും വലിയ പിടുത്തും നാം പിടിക്കുന്ന ദിവസം! നിശ്ചയമായും (അന്ന്) നാം പ്രതികാര (ശിക്ഷാ) നടപടി എടുക്കുന്നവരായിരിക്കും.

﴿9﴾ بَلْ هُمْ എങ്കിലും (പക്ഷേ) അവർ فِى شَكٍّ സംശയത്തിൽ يَلْعَبُونَ കളിക്കുകയാണ്, വിളയാടുന്നു ﴿10﴾ فَٱرْتَقِبْ അതിനാൽ നീ പ്രതീക്ഷിക്കുക يَوْمَ تَأْتِى വരുന്ന ദിവസം ٱلسَّمَآءُ ആകാശം بِدُخَانٍ ഒരു പുകയും കൊണ്ട് مُّبِينٍ സ്പഷ്ടമായ, വ്യക്തമായ ﴿11﴾ يَغْشَى ٱلنَّاسَ അത് മനുഷ്യരെ മൂടും هَـٰذَا ഇത് عَذَابٌ أَلِيمٌ വേദനയേറിയ ഒരു ശിക്ഷയാണ് ﴿12﴾ رَّبَّنَا ഞങ്ങളുടെ റബ്ബേ ٱكْشِفْ عَنَّا ഞങ്ങളിൽനിന്ന് ഒഴിവാക്കി (തുറവിയാക്കി)ത്തരണേ ٱلْعَذَابَ ശിക്ഷയെ إِنَّا مُؤْمِنُونَ നിശ്ചയമായും ഞങ്ങൾ വിശ്വസിക്കുന്നവരാണ് ﴿13﴾ أَنَّىٰ എങ്ങനെ (എവിടെ നിന്ന്) لَهُمُ അവർക്ക് ٱلذِّكْرَىٰ ഓർമ, ബോധം, ഉപദേശം وَقَدْ جَآءَهُمْ അവർക്ക് വന്നിട്ടുണ്ട് رَسُولٌ مُّبِينٌ സ്പഷ്ടമായ ഒരു റസൂൽ ﴿14﴾ ثُمَّ تَوَلَّوْا۟ عَنْهُ എന്നിട്ട് അദ്ദേഹത്തിൽനിന്ന് അവർ പിൻമാറി (തിരിഞ്ഞുപോയി) وَقَالُوا۟ അവർ പറയുകയും ചെയ്തു مُعَلَّمٌ അഭ്യസിപ്പിക്കപ്പെട്ട (പഠിപ്പിക്കപ്പെട്ട) ഒരുവൻ مَّجْنُونٌ ഭ്രാന്തൻ ﴿15﴾ إِنَّا كَاشِفُوا۟ നാം ഒഴിവാ

ക്കുന്ന (തുറവിയാക്കുന്ന) വരാണ് ٱلْعَذَابِ ശിക്ഷയെ قَلِيلاً അൽപം, കുറച്ച് إِنَّكُمْ
നിശ്ചയമായും നിങ്ങൾ عَآئِدُونَ മടങ്ങുന്നവരാണ്, ആവർത്തിക്കുന്നവരാണ് ﴾16﴿
يَوْمَ نَبْطِشُ നാം പിടിക്കുന്ന ദിവസം ٱلْبَطْشَةَ ٱلْكُبْرَىٰٓ ഏറ്റവും വലിയപിടുത്തം
إِنَّا مُنتَقِمُونَ നിശ്ചയമായും നാം പ്രതികാര (ശിക്ഷാ) നടപടി എടുക്കുന്നവരാണ്.

ആകാശം പുകകൊണ്ടുവരുന്ന ദിവസം (يوم تأتي السماء بدخان مبين) എന്ന് പറഞ്ഞത് കഴിഞ്ഞുപോയ ഒരു സംഭവത്തെ ഉദ്ദേശിച്ചാണോ, ക്വിയാമത്തുനാളിൽ അടയാളങ്ങളിൽ ഒന്നായി വരുവാനിരിക്കുന്ന ഒരു സംഭവത്തെ ഉദ്ദേശിച്ചാണോ എന്ന് വ്യാഖ്യാതാക്കൾക്കിടയിൽ രണ്ട് പക്ഷമുണ്ട്. ഇബ്നുമസ്ഊദ് (റ)ന്റെയും മിക്ക ക്വുർആൻ വ്യാഖ്യാതാക്കളുടെയും അഭിപ്രായവുമാണ്. ഇമാം ബുഖാരിയും മുസ്ലിമും (റ) ഉദ്ധരിച്ച ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു; ക്വിയാമത്ത് നാളിന്നടുത്തു സംഭവിക്കാനിരിക്കുന്ന ഒരു പുകയാണ് ഇത് എന്ന് കൂഫായിൽ വെച്ച് ഒരാൾ പ്രസ്താവിക്കുകയുണ്ടായി. അതിനെപ്പറ്റി മസ്റൂക് (مسروق رضـ) ഇബ്നു മസ്ഊദ് (റ) നോട് ചോദിച്ചു.നിശ്ചയമില്ലാത്തതിനെക്കുറിച്ച് അല്ലാഹു വിനറിയാം എന്ന് പറഞ്ഞാൽപോരേ എന്നും മറ്റും പറഞ്ഞ് ആക്ഷേപിച്ചുകൊണ്ട് ഇബ്നു മസ്ഊദ് (റ) ഇങ്ങനെ പ്രസ്താവിച്ചു:-

ക്വുറൈശികളുടെ ധിക്കാരം മുഴുത്തപ്പോൾ, മുമ്പ് യൂസുഫ് നബി(അ)യുടെ കാലത്തുണ്ടായതുപോലെയുള്ള ഒരു ക്ഷാമം വഴി അവരെ പാക പ്പെടുത്തണമെന്ന് നബിﷺ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അങ്ങനെ,ക്ഷാമം പിടി പെടുകയും, അവർ എല്ലും ശവവും ഭക്ഷിക്കേണ്ടിവരികയും ചെയ്തു. പട്ടിണി യുടെ കാഠിന്യം നിമിത്തം മേൽപ്പോട്ട് നോക്കിയാൽ ആകമാനം പുകമൂടിയതായി അവർക്ക് തോന്നിയിരുന്നു. ഈ ശിക്ഷയിൽ നിന്ന് തങ്ങളെ ഒഴിവാക്കിത്തരുവാൻ പ്രാർത്ഥിക്കണമെന്നും, തങ്ങൾ വിശ്വസിച്ചുകൊള്ളാമെന്നും അവർ നബിﷺയോട് അപേക്ഷിച്ചു. തിരുമേനി പ്രാർത്ഥിക്കുകയും മഴ വർഷിച്ച് സുഖം കൈവരുകയും ഉണ്ടായി. ഈ അവസരത്തിലായിരുന്നു إنا كاشفوا العذاب قليلا الخ (നാം ശിക്ഷ അൽപ മൊന്ന് ഒഴിവാക്കുന്നതാണ്. നിശ്ചയമായും നിങ്ങൾ വീണ്ടും മടങ്ങുന്നവരാണ്.) എന്ന് അല്ലാഹു അവതരിപ്പിച്ചത്. സൗഖ്യം ലഭിച്ചപ്പോൾ അവർ പഴയപടി തന്നെ ആയിത്തീരുകയും ചെയ്തു. അപ്പോൾ يوم نبطش (നാം ഏറ്റവും വലിയ പിടുത്തം പിടിക്കുന്ന ദിവസം! നാം പ്രതികാരശിക്ഷ നടത്തുന്നവരാണ്.) എന്ന വചനം അവതരിച്ചു. അങ്ങനെ, ബദ്ർ യുദ്ധത്തിൽവെച്ച് അല്ലാഹു അവരിൽ ശിക്ഷാ നട പടി എടുക്കുകയും ചെയ്തു. (ബു; മു.)

കഴിഞ്ഞുപോയ രണ്ട് സംഭവങ്ങളാണ് പുക(الدخان)യും ഏറ്റവും വലിയ പിടുത്ത(البطشة الكبرى)വും എന്ന് ഈ ഹദീഥിൽ നിന്ന് വ്യക്തമാകുന്നു. ഈ ശിക്ഷ ക്കുള്ള കാരണമാണ് 9 -ാം വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. ശിക്ഷയെക്കുറിച്ചുള്ള താക്കീതും, അതിന്റെ സ്വഭാവവുമാണ് 10 ഉം 11 ഉം വചനങ്ങളിൽ കാണുന്നത്.

12 -ാം വചനത്തിൽ ശിക്ഷയിൽനിന്ന് മോചനം നൽകുവാനുള്ള അവരുടെ അപേക്ഷയാണ്. നബിﷺയുടെ ദൗത്യവും, ഉപദേശങ്ങളും സ്വീകരിക്കാത്തതിരിക്കട്ടെ, നബിﷺയെപ്പറ്റി അവർ പല അസംബന്ധങ്ങളും പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവനെ ആരൊക്കെയോ എന്തൊക്കെയോ പഠിപ്പിച്ചുവിട്ടതാണ്എന്നും, ഇവനൊരു ഭ്രാന്തനാണ്എന്നുമൊക്കെപ്പറഞ്ഞ് പരിഹസിച്ചുകൊണ്ടിരിക്കുകയാണവർ. എന്നിരിക്കെ, ഇപ്പോൾ അവർക്ക് എവിടെ നിന്നാണ് ഈ ബോധം വന്നത്? എന്നത്രെ 13, 14 വചനങ്ങളിൽ ചോദിക്കുന്നത്. ഏതായാലും, കുറച്ച് കാലത്തേക്ക് ശിക്ഷയിൽ നിന്ന് അവർക്ക് ഒഴിവ് നൽകാം. പക്ഷേ, അവരുടെ മനസ്സ് മടങ്ങിയിട്ടില്ല; അവർ എനിയും പഴയ സ്വഭാവം ആവർത്തിക്കുക തന്നെ ചെയ്യും, എന്നിങ്ങനെയുള്ള ഒരു പ്രവചനമാണ് 15 -ാം വചനം. വീണ്ടും പഴയ നിലയിലേക്ക് മടങ്ങുന്നപക്ഷം ഉണ്ടാകുന്ന പ്രതികാരശിക്ഷയെക്കുറിച്ച് 16 -ാം വചനത്തിൽ താക്കീത് നൽകുകയും ചെയ്യുന്നു. ഈ പ്രതികാരശിക്ഷയായിരുന്നു ബദ്റിൽവെച്ച് മുശ്രിക്കുകൾ അനുഭവിക്കേണ്ടിവന്നത്.

ക്വിയാമത്ത്നാളിന്റെ അടയാളങ്ങളായി നബിﷺപ്രസ്താവിച്ച കൂട്ടത്തിൽ ഒന്ന് പുക(الدخان) യാണെന്ന് ഹുദൈഫഃ (റ)യും അബൂഹുറയ്റഃ (റ)യും പറഞ്ഞതായി മുസ്ലിം (റ) നിവേദനം ചെയ്തിട്ടുണ്ട്. ഈ പുകയാണ് ഇവിടെയും ഉദ്ദേശ്യമെന്നും, വമ്പിച്ച പിടുത്തം കൊണ്ടുദ്ദേശ്യം ക്വിയാമത്ത്നാളിലെ പിടുത്തമാണെന്നുമാണ് ഇബ്നു അബ്ബാസ് (റ) മുതലായ ചിലരുടെ അഭിപ്രായം. ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി ഇബ്നുജരീർ (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു; ഏറ്റവും വലിയ പിടുത്തം എന്ന് പറഞ്ഞത് ബദർ യുദ്ധമാണെന്ന് ഇബ്നു മസ്ഊദ് പറയുന്നു.എന്റെ അഭിപ്രായം അത് ക്വിയാമത്ത് നാളാണെന്നാകുന്നു. ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഇബ്നുമസ്ഊദ് (റ)ന്റെ വ്യാഖ്യാനം അനുസരിച്ച് ഒരു പുക യഥാർത്ഥത്തിൽ ഉണ്ടായിട്ടില്ലെന്നും, പട്ടിണിയുടെ കാഠിന്യം നിമിത്തം മേല്പോട്ട് നോക്കിയാൽ പുക മൂടിയ പ്രതീതി ക്വുറൈശികൾക്ക് തോന്നുകമാത്രമേ ഉണ്ടായിട്ടുള്ളൂവെന്നും വ്യക്തമാണ്. ക്വുർആനിലാകട്ടെ, ആകാശം പുക കൊണ്ടുവരുമെന്നും, അത് സ്പഷ്ടമായ പുകയായിരിക്കുമെന്നും ആ പുക മനുഷ്യരെ മൂടുമെന്നും, ഇത് വേദനയേറിയ ഒരു ശിക്ഷയാണെന്നും വ്യക്തമായി പ്രസ്താവിച്ചിരിക്കയാണ്. ഇത് കണക്കിലെടുക്കുമ്പോൾ ഇബ്നു അബ്ബാസ് (റ)ന്റെ അഭിപ്രായത്തിനാണ് കൂടുതൽ പ്രസക്തി കാണുന്നത്. എനി, ഈ ആയത്തിൽ പ്രസ്താവിച്ച പുക ഇബ്നു മസ്ഊദ് (റ) പ്രസ്താവിച്ച അതേപുക തന്നെയാണെന്നുവച്ചാലും, ക്വിയാമത്തുനാളിൽ മറ്റൊരു പുക- നബിവചനത്തിൽ പ്രസ്താവിക്കപ്പെട്ട പുക- വേറെയും ഉണ്ടാകുന്നതിന് വിരോധമില്ല. എല്ലാറ്റിലും വെച്ച് ഏറ്റവും വമ്പിച്ച പിടുത്തത്തിന്റെ ദിവസം അതാണല്ലോ. ക്വിയാമത്ത്നാളിൽ ശിക്ഷയിൽ നിന്ന് ഒഴിവാക്കിക്കൊടുത്താൽ ഞങ്ങൾ മേലിൽ വിശ്വസിച്ചുകൊള്ളാമെന്ന് അവിശ്വാസികൾ അപേക്ഷിക്കുമെന്നും, ഐഹികജീവിതത്തിലേക്ക് രണ്ടാമത് മടക്കിയാലും അവർ പഴയ നിലതന്നെ ആവർത്തിക്കുമെന്നും ക്വുർആൻ പലപ്പോഴും പ്രസ്താവിക്കാറുള്ളതുമാകുന്നു. الله أعلم

۞ وَلَقَدْ فَتَنَّا قَبْلَهُمْ قَوْمَ فِرْعَوْنَ وَجَآءَهُمْ رَسُولٌ كَرِيمٌ ﴿١٧﴾

﴿17﴾ തീർച്ചയായും, ഇവരുടെ മുമ്പ് ഫിർഔന്റെ ജനതയെ നാം പരീക്ഷണം ചെയ്കയുണ്ടായി. മാന്യനായ ഒരു റസൂൽ അവരുടെ അടുക്കൽ ചെല്ലുകയും ചെയ്തു.

أَنْ أَدُّوٓا۟ إِلَىَّ عِبَادَ ٱللَّهِ ۖ إِنِّى لَكُمْ رَسُولٌ أَمِينٌ ﴿١٨﴾

﴿18﴾ (ദൗത്യം ഇവയാണ്:) അല്ലാഹുവിന്റെ അടിയാന്മാരെ എനിക്ക് വിട്ടുതന്നേക്കുവിൻ; നിശ്ചയമായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു റസൂലാകുന്നു എന്നും;-

وَأَن لَّا تَعْلُوا۟ عَلَى ٱللَّهِ ۖ إِنِّىٓ ءَاتِيكُم بِسُلْطَٰنٍ مُّبِينٍ ﴿١٩﴾

﴿19﴾ നിങ്ങൾ അല്ലാഹുവിനെതിരിൽ ഔന്നത്യം [പൊങ്ങച്ചം] കാണിക്കരുത്; നിശ്ചയമായും ഞാൻ നിങ്ങൾക്ക് സ്പഷ്ടമായ (അധികൃതലക്ഷ്യം) കൊണ്ടുവന്നു തരാം എന്നും.

وَإِنِّى عُذْتُ بِرَبِّى وَرَبِّكُمْ أَن تَرْجُمُونِ ﴿٢٠﴾

﴿20﴾ നിങ്ങൾ എന്നെ എറിഞ്ഞാട്ടുന്നതിനെപ്പറ്റി എന്റെയും നിങ്ങളുടെയും രക്ഷിതാവായുള്ളവനിൽ ഞാൻ ശരണം പ്രാപിക്കുന്നു.

وَإِن لَّمْ تُؤْمِنُوا۟ لِى فَٱعْتَزِلُونِ ﴿٢١﴾

﴿21﴾ നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ, എന്നെ നിങ്ങൾ വിട്ടകന്നുപോയിക്കൊള്ളുവിൻ.

﴿17﴾ وَلَقَدْ فَتَنَّا തീർച്ചയായും നാം പരീക്ഷിക്കുകയുണ്ടായി قَبْلَهُمْ ഇവരുടെ മുമ്പ് قَوْمَ فِرْعَوْنَ ഫിർഔന്റെ ജനതയെ وَجَآءَهُمْ അവർക്ക് ചെല്ലുക (വരുക)യും ചെയ്തു رَسُولٌ كَرِيمٌ മാന്യനായ ഒരു ദൂതൻ ﴿18﴾ أَنْ أَدُّوٓا۟ നിങ്ങൾ വിട്ടുതരുവിൻ (ചേർത്തുതരുവിൻ) إِلَىَّ എനിക്ക്, എന്നിലേക്ക് عِبَادَ ٱللَّهِ അല്ലാഹുവിന്റെ അടിയാൻമാരെ إِنِّى لَكُمْ നിശ്ചയമായും ഞാൻ നിങ്ങൾക്ക് വരാം, തരാം رَسُولٌ أَمِينٌ പ്രത്യക്ഷമായ അധികൃതലക്ഷ്യംകൊണ്ട് ﴿19﴾ وَأَن لَّا تَعْلُوا۟ നിങ്ങൾ ഔന്നിത്യം (പൊ

ങ്ങച്ചം) കാട്ടരുതെന്നും عَلَى ٱللَّهِ അല്ലാഹുവിന്റെ മേൽ إِنِّىٓ ءَاتِيكُم നിശ്ചയമായും ഞാൻ നിങ്ങൾക്ക് വരാം,തരാം بِسُلْطَٰنٍ مُّبِينٍ പ്രത്യക്ഷമായ അധികൃതലക്ഷ്യം കൊണ്ട് ﴾20﴿ وَإِنِّى عُذْتُ ഞാൻ ശരണം (രക്ഷ) പ്രാപിക്കുന്നു بِرَبِّى എന്റെ റബ്ബിൽ وَرَبِّكُمْ നിങ്ങളുടെ റബ്ബ് أَن تَرْجُمُونِ നിങ്ങളെന്നെ എറിഞ്ഞാട്ടുന്ന (എറിഞ്ഞുകൊല്ലുന്ന)തിനെപ്പറ്റി ﴾21﴿ وَإِن لَّمْ تُؤْمِنُوا۟ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ لِى എന്നെ (ഞാൻ പറയുന്നത്) فَٱعْتَزِلُونِ നിങ്ങളെന്നെ വിട്ടു (അകന്നു) പോകുക

ഇസ്റാഈല്യരെ മർദ്ദിക്കുന്നത് നിറുത്തൽ ചെയ്യുകയും അവരെ തന്നോടൊപ്പം (ഫലസ്തീനിലേക്ക്) വിട്ടയക്കുകയും വേണമെന്ന് മൂസാ നബി (അ) ആവശ്യപ്പെട്ടിരുന്നു. (ത്വാഹാ: 47) അല്ലാഹുവിന്റെ അടിയാൻമാരെ വിട്ടുതരണംഎന്ന് പറഞ്ഞതിന്റെ താൽപര്യവും അതുതന്നെയാകുന്നു. എറിഞ്ഞാട്ടുകഎന്നർത്ഥം കൽപിച്ച ترجمون എന്ന പദത്തിന് എറിഞ്ഞുകൊല്ലുക, ബഹിഷ്കരിക്കുക, മർദ്ദിക്കുകഎന്നിങ്ങനെയുള്ള അർത്ഥങ്ങളും വരാവുന്നതാണ്. ഞാൻ പറയുന്നത് നിങ്ങൾക്ക് വിശ്വാസമില്ലെങ്കിൽ നിങ്ങളെന്നെ സ്വൈരം കെടുത്താതിരിക്കുകയെങ്കിലും വേണമെന്നും അദ്ദേഹം ഉപദേശിച്ചു. ഫിർഔനും ജനതയും അദ്ദേഹത്തിന്റെ വാക്കുകൾ ഒന്നും ചെവിക്കൊണ്ടില്ല; അവർ ധിക്കാരം തുടരുകതന്നെ ചെയ്തു.

فَدَعَا رَبَّهُۥٓ أَنَّ هَٰٓؤُلَآءِ قَوْمٌ مُّجْرِمُونَ ﴿٢٢﴾

﴾22﴿ അങ്ങനെ, അദ്ദേഹം തന്റെ റബ്ബിനെ വിളി(ച്ചു പ്രാർത്ഥി)ച്ചു; ഇക്കൂട്ടർ കുറ്റവാളികളായ ഒരു ജനതയാണ്! [വേണ്ടുന്ന നടപടി എടുക്കണേ!] എന്ന്.

فَأَسْرِ بِعِبَادِى لَيْلًا إِنَّكُم مُّتَّبَعُونَ ﴿٢٣﴾

﴾23﴿ (റബ്ബ് മറുപടി നൽകി:) എന്നാൽ, നീ എന്റെ അടിയാൻമാരെയും കൊണ്ട് ഒരു രാത്രിയിൽ രാപ്രയാണം ചെയ്യുക; നിശ്ചയമായും, നിങ്ങൾ പിൻതുടരപ്പെടുന്നവരായിരിക്കും.

وَٱتْرُكِ ٱلْبَحْرَ رَهْوًا ۖ إِنَّهُمْ جُندٌ مُّغْرَقُونَ ﴿٢٤﴾

﴾24﴿ തുറന്ന് വിശാലമായ നിലയിൽ സമുദ്രത്തെ നീ വിട്ടുപോകുകയും ചെയ്യുക.

നിശ്ചയമായും, അവർ മുക്കി നശിപ്പിക്കപ്പെടുന്ന ഒരു സൈന്യമാകുന്നു.

أَنَّ هَٰٓؤُلَآءِ അപ്പോഴദ്ദേഹം, വിളിച്ചു, പ്രാർത്ഥിച്ചു رَبَّهُۥ തന്റെ റബ്ബിനെ فَدَعَا ﴿22﴾
ഇക്കൂട്ടരാണെന്ന് قَوْمٌ مُّجْرِمُونَ കുറ്റവാളികളായ ഒരു ജനത ﴿23﴾ فَأَسْرِ എന്നാൽ നീ
രാവുയാത്ര ചെയ്യുക بِعِبَادِى എന്റെ അടിയാന്മാരെയും കൊണ്ട് لَيْلًا രാത്രിയിൽ
إِنَّكُم നിശ്ചയമായും നിങ്ങൾ مُّتَّبَعُونَ പിൻതുടരപ്പെടുന്നവരാണ് ﴿24﴾ وَٱتْرُكِ നീ
വിട്ടുപോകുക (ഉപേക്ഷിക്കുക)യും ചെയ്യുക ٱلْبَحْرَ സമുദ്രത്തെ رَهْوًا തുറന്നതായി,
വിശാലമായതായി, ശാന്തമായി إِنَّهُمْ നിശ്ചയമായും അവർ جُند ഒരു സൈന്യമാ
ണ്, പട്ടാളമാണ് مُّغْرَقُون മുക്കി നശിപ്പിക്കപ്പെടുന്നവരായ

ഒരു രാത്രി ഇസ്റാഈല്യരെയും കൂട്ടി രഹസ്യമായി പുറപ്പെട്ട് കടന്നു പോകണം. നിങ്ങൾ അക്കരെ പറ്റുമ്പോഴേക്കും ഫിർഔനും ജനതയും നിങ്ങളുടെ പിന്നാലെ വരും, നിങ്ങൾക്കുവേണ്ടി സമുദ്രത്തിൽ തുറക്കപ്പെടുന്ന മാർഗത്തിൽകൂടി അവർ നിങ്ങളെ പിൻതുടർന്നുവരുമാറ് ആ സമുദ്രമാർഗം തുറന്നിരുന്നുകൊള്ളട്ടെ, അവരതിൽ പ്രവേശിച്ചുകഴിഞ്ഞാൽ വെള്ളം അന്യോന്യം കൂട്ടിമുട്ടി അവർ മുങ്ങി നശിച്ചുകൊള്ളും എന്ന് സാരം. മൂസാ നബി (അ)യോട് സമുദ്രത്തെ വടികൊണ്ട് അടിക്കുവാൻ കൽപ്പിച്ചതും, അപ്പോൾ സമുദ്രജലം മലന്തിണ്ണപോലെ ഇരുവശത്തേക്കും ചിറച്ചുനിന്നതും, ആ വഴിയിൽ കൂടി അവർ സമുദ്രം കടന്ന് രക്ഷപ്പെട്ടതും സൂ: ത്വാഹായിലും, ശുഅറാഇലും അല്ലാഹു വിവരിച്ചതാണ്.

ഇസ്റാഈൽ ജനത സമുദ്രം കടന്ന് കഴിഞ്ഞശേഷം തങ്ങളുടെ പിന്നാലെ ഫിർഔനും കൂട്ടരും വരുന്നത് കണ്ട് അവർ തങ്ങളെ പിടികൂടിയേക്കുമോ എന്ന് ഭയപ്പെടുകയും, സമുദ്രം ആയിത്തീരുവാൻവേണ്ടി മൂസാനബി (അ) വീണ്ടും വടികൊണ്ട് സമുദ്രത്തെ അടിക്കുവാൻ ഉദ്യമിക്കുകയും ചെയ്തപ്പോഴായിരുന്നു واترك البحر رهوا (സമുദ്രത്തെ തുറന്ന് വിശാലമായ നിലയിൽ വിട്ടുപോകുക.) എന്ന കൽപന ഉണ്ടായത് എന്ന് ക്വത്താദഃ (റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഈ വാക്യത്തിന് സമുദ്രത്തെ അതിന്റെ പാട്ടിന് വിട്ടേക്കുക (واترك البحر على حالته) എന്ന് പ്രധാന മുഫസ്സിറുകൾ അർത്ഥം നൽകുന്നത്. നേരം പുലർന്നപ്പോഴേക്കും ഫിർഔനും കൂട്ടരും പിന്നാലെ വന്നെത്തിയെന്നും, രണ്ടുകൂട്ടരും പരസ്പരം കണ്ടുതുടങ്ങിയപ്പോൾ ഇസ്റാഈല്യർ മൂസാ നബി (അ)യോട് സങ്കടപ്പെട്ടുവെന്നും, അദ്ദേഹം അവരെ സമാധാനിപ്പിച്ചുവെന്നും ശുഅറാഉ് 61– 63 ലും പ്രസ്താവിച്ചിട്ടുണ്ടല്ലോ. അപ്പോൾ, ചിറച്ചുനിൽക്കുന്ന സമുദ്രജലം തമ്മിൽ കൂട്ടി ആ മാർഗം അടഞ്ഞുകാണുവാൻ ഇസ്റാഈല്യർ ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്.

മൂസാ നബി (അ)യും ഇസ്റാഈല്യരും ചെങ്കടൽ കടന്ന് രക്ഷപ്പെട്ടത് ഒരു അസാധാരണ സംഭവമൊന്നുമല്ലെന്നും അവർ സമുദ്രത്തിൽ ആഴം കുറഞ്ഞ

സ്ഥലങ്ങളിൽക്കൂടി വടി കുത്തി രക്ഷപ്പെട്ടതാണെന്നും, ഫിർഔനും കൂട്ടുകാരുമാകട്ടെ, മുമ്പും പിമ്പും നോക്കാതെ ദ്രുതഗതിയിൽ സമുദ്രത്തിൽ ഇറങ്ങി നടന്നതുകൊണ്ട് ഒരു കയത്തിൽ മുങ്ങിപ്പോയതാണെന്നും മറ്റും തനിപരിഹാസ്യവും ബാലിശവുമായ ചില പുത്തൻ യുക്തിവാദങ്ങൾ അടുത്തകാലത്ത് രംഗപ്രവേശം ചെയ്തിട്ടുള്ളതിനെയും, അതിനുവേണ്ടി പല കുർആൻ വാക്യങ്ങളെയും ദുർവ്യാഖ്യാനം ചെയ്തും, കള്ളത്തെളിവുകൾ നിർമിച്ചും അവർ സാഹസപ്പെടുത്തി വന്നിട്ടുള്ളതിനെയും സംബന്ധിച്ച് സൂ: ത്വാഹായുടെ അവസാനത്തിലുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം വിശദീകരിച്ചിരിക്കുന്നു. 24 -ാം വചനത്തിലെ رهوا എന്ന വാക്കിന്റെ അർത്ഥത്തിൽ ഇവർ നടത്തിയ കൃത്രിമങ്ങളും അതിൽ തുറന്നുകാട്ടിയിട്ടുണ്ട്. അതുകൊണ്ട് അതിനെപ്പറ്റി ഇവിടെ സംസാരിക്കുന്നില്ല.

كَمْ تَرَكُوا۟ مِن جَنَّـٰتٍ وَعُيُونٍ ﴿٢٥﴾

﴾25﴿ എത്രയാണവർ ഉപേക്ഷിച്ച് (വിട്ടു) പോയത്? തോട്ടങ്ങളായും, അരുവികളായും!-

وَزُرُوعٍ وَمَقَامٍ كَرِيمٍ ﴿٢٦﴾

﴾26﴿ കൃഷികളായും, മാന്യമായ വാസസ്ഥലമായും!!-

وَنَعْمَةٍ كَانُوا۟ فِيهَا فَـٰكِهِينَ ﴿٢٧﴾

﴾27﴿ സുഖസൗകര്യമായും !!! അവർ തമ്മിൽ സുഖിയൻമാരായിരുന്നു.

كَذَٰلِكَ ۖ وَأَوْرَثْنَـٰهَا قَوْمًا ءَاخَرِينَ ﴿٢٨﴾

﴾28﴿ അപ്രകാരമാണ് (അവരുടെ കലാശം)! വേറെ ഒരു ജനതക്ക് നാം അവയെ(ല്ലാം) അനന്തരാവകാശമാക്കുകയും ചെയ്തു.

فَمَا بَكَتْ عَلَيْهِمُ ٱلسَّمَآءُ وَٱلْأَرْضُ وَمَا كَانُوا۟ مُنظَرِينَ ﴿٢٩﴾

﴾29﴿ എന്നിട്ട്, അവരുടെ പേരിൽ ആകാശവും, ഭൂമിയും കരഞ്ഞില്ല; അവർ കാലതാമസം നൽകപ്പെട്ടവരായതുമില്ല.

﴾25﴿ كَمْ تَرَكُوا۟ എത്രയാണവർ ഉപേക്ഷിച്ച് (വിട്ടു)പോയത് مِن جَنَّـٰتٍ തോട്ടങ്ങളായും وَعُيُونٍ അരുവി (നീരുറവ)കളും **﴾26﴿** وَزُرُوعٍ വിള(കൃഷി)കളും وَمَقَامٍ വാസസ്ഥലവും, പാർപ്പിടവും كَرِيمٍ മാന്യമായ **﴾27﴿** وَنَعْمَةٍ സുഖസൗകര്യവും, അനുഗ്രഹവും كَانُوا۟ فِيهَا അതിൽ അവരായിരുന്നു فَـٰكِهِينَ സൗഖ്യം അനുഭവിക്കുന്നവർ, സുഖിയൻമാർ **﴾28﴿** كَذَٰلِكَ അപ്രകാരമാണ് وَأَوْرَثْنَـٰهَا നാമതിനെ അനന്തരമാക്കിക്കൊടുക്കയും ചെയ്തു قَوْمًا ءَاخَرِينَ വേറെ ഒരു ജനതക്ക് **﴾29﴿** فَمَا بَكَتْ എന്നിട്ട്

കരഞ്ഞില്ല عَلَيۡهِم അവരുടെ പേരിൽ ٱلسَّمَآءُ ആകാശം وَٱلۡأَرۡضُ ഭൂമിയും وَمَا كَانُواْ അവർ ആയിരുന്നത് (ആയതു)മില്ല مُنظَرِينَ കാലതാമസം (ഒഴിവ്) നൽകപ്പെടുന്നവർ

ഫലഭൂയിഷ്ഠമായ തോട്ടങ്ങൾ, സമൃദ്ധമായ കൃഷിനിലങ്ങൾ, നാടാകെ സമ്പന്നമാക്കുന്ന നീല ജലാശയങ്ങൾ സുഖസമ്പൂർണമായ വാസസ്ഥലങ്ങൾ, മണിമാളികകൾ എന്നിങ്ങനെ ജീവിതത്തിന്റെയും ആഡംബരത്തിന്റെയും കണക്കറ്റ ഉപാധികളെ എന്നെന്നേക്കമായി ഈജിപ്തിൽ മറ്റുള്ളവർക്കായി വിട്ടേച്ചു കൊണ്ടാണവർ ചെങ്കടലിൽ മുങ്ങി നശിച്ചത്. ലോകചരിത്രത്തിൽ ഇണ കാണാത്ത ഒരു മഹാ സംഭവമായിരുന്നു അത്. ഫിർഔന്റെയും ജനതയുടെയും മുൻനില നോക്കുകയാണെങ്കിൽ, ഇതുകണ്ട് ആകാശവും ഭൂമിയും പൊട്ടിക്കരയേണ്ടതായിരുന്നുവെന്നുവേണം പറയുവാൻ. പക്ഷേ, അതൊന്നും ഉണ്ടായില്ല. അവർക്കുവേണ്ടി കണ്ണുനീരൊഴുക്കുവാൻ ആരും ഉണ്ടായതുമില്ല. കാരണം, ഭൂമിയിൽ അവരുടേതായ സൽപ്രവർത്തനങ്ങളൊന്നും അവശേഷിച്ചിട്ടില്ല. ആകാശത്തേക്ക് അവരുടെ സൽക്കർമങ്ങളൊന്നും കയറിപ്പോയിട്ടുമില്ല. അവരുടെ ഇതപര്യന്തമുള്ള പ്രതാപത്തെ ഓർത്തോ, ഇപ്പോഴത്തെ ദാരുണാവസ്ഥ ഓർത്തോ ഫിർഔൻ പശ്ചാത്തപിച്ചുനോക്കി. പക്ഷേ, ഇതുവരെയും ധിക്കാരം പ്രവർത്തിക്കുകയും കുഴപ്പമുണ്ടാക്കുകയും ചെയ്തു. ഇപ്പോഴാണോ വിശ്വസിക്കുവാൻ തയ്യാറാകുന്നത്?! എന്നായിരുന്നു അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള മറുപടി. (സൂ: യൂനുസ് 91)

ഐശ്വര്യം, സമൃദ്ധി, പരിഷ്കാരം, ഭൗതികപ്രതാപം എന്നീ തുറകളിൽ ക്രിസ്ത്വബ്ദത്തിന് ഏകദേശം നാലായിരം കൊല്ലം മുതൽക്കേ വളരെ കീർത്തിയാർജ്ജിച്ച രാജ്യമാണ് ഈജിപ്ത്. പൗരാണികചരിത്രത്തിൽ മാത്രമല്ല, ആധുനിക ചരിത്രത്തിലും ഈജിപ്തിന്റെ സ്ഥാനം പ്രസിദ്ധമാണ്. ലോകപ്രസിദ്ധമായ നീലനദിയും, അതിന്റെ നിരവധി ശാഖോപശാഖകളും, അവയ്ക്കിടയിൽ പച്ചവിരിച്ച് പരന്നുകിടക്കുന്ന ഫലഭൂയിഷ്ടമായ കൃഷിസ്ഥലങ്ങളും അല്ലാഹു ആ രാജ്യത്തിന് നൽകിയ വമ്പിച്ച അനുഗ്രഹമത്രെ. പ്രകൃത്യാതന്നെ അല്ലാഹു നൽകിയ ഈ അനുഗ്രഹങ്ങൾ നീലനദിയുടെ പല അണക്കെട്ടുകൾമൂലം പൂർവ്വാധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അസ്വാൻ അണക്കെട്ട് എന്ന പേരിൽ അറിയപ്പെടുന്നതും, ലോകത്തെ അണക്കെട്ടുകളിൽവെച്ച് ഏറ്റവും വമ്പിച്ചതും ഭീമവുമായ ഒരു അണക്കെട്ടുകെട്ടി നീലനദിയിലെ വെള്ളം ഉപയോഗപ്പെടുത്തി ലക്ഷക്കണക്കിൽ ഏക്ര സ്ഥലങ്ങൾ കൃഷിനിലങ്ങളാക്കി മാറ്റുവാനുള്ള സംരംഭങ്ങൾ ഈജിപ്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.വളരെക്കാലം നീണ്ടുനിന്ന ഫറോവാ രാജവംശത്തിനുശേഷം, ആ രാജ്യത്തെ പലരും ഭരിച്ചുപോന്നിട്ടുണ്ട്. അശ്ശൂരികൾ, ബാബിലോണ്യർ, അബിസീനിയക്കാർ, പേർഷ്യക്കാർ, ഗ്രീക്കുകാർ, എന്നിവരും, പിന്നീട് റോമാക്കാരും, പിന്നീട് അറബികളും ഭരിച്ചു.പിന്നീട് തൂലൂൻകാർ, ഇഖ്ശീദികൾ, ഫാത്തിമികൾ, അടിമരാജാക്കൾ, തുർക്കികൾ, ഫ്രാൻസുകാർ, ഇംഗ്ലീഷുകാർ എന്നിവരെല്ലാം അവിടെ ആധിപത്യം നടത്തിയിട്ടുണ്ട്.

വിഭാഗം- 2

وَلَقَدْ نَجَّيْنَا بَنِيٓ إِسْرَٰٓءِيلَ مِنَ ٱلْعَذَابِ ٱلْمُهِينِ ﴿٣٠﴾

﴿30﴾ തീർച്ചയായും, ഇസ്റാഈൽ സന്തതികളെ നിന്ദ്യമായ ശിക്ഷയിൽനിന്ന് നാം രക്ഷപ്പെടുത്തി;-

مِن فِرْعَوْنَ ۚ إِنَّهُۥ كَانَ عَالِيًا مِّنَ ٱلْمُسْرِفِينَ ﴿٣١﴾

﴿31﴾ അതായത്, ഫിർഔനിൽനിന്ന്. കാരണം, അവൻ അതിരുകവിഞ്ഞവരിൽപെട്ട ഒരു പൊങ്ങച്ചക്കാരനായിരുന്നു.

وَلَقَدِ ٱخْتَرْنَٰهُمْ عَلَىٰ عِلْمٍ عَلَى ٱلْعَٰلَمِينَ ﴿٣٢﴾

﴿32﴾ അറിഞ്ഞുകൊണ്ടുതന്നെ ലോകരെക്കാൾ അവരെ നാം (ഉത്തമൻമാരാക്കി) തിരഞ്ഞെടുക്കുകയുണ്ടായി.

وَءَاتَيْنَٰهُم مِّنَ ٱلْءَايَٰتِ مَا فِيهِ بَلَٰٓؤٌا۟ مُّبِينٌ ﴿٣٣﴾

﴿33﴾ ദൃഷ്ടാന്തങ്ങളിൽനിന്നും വ്യക്തമായ പരീക്ഷണം ഉൾക്കൊള്ളുന്നവ (പലതും) അവർക്ക് നാം നൽകുകയും ചെയ്തിരിക്കുന്നു.

﴿30﴾ وَلَقَدْ نَجَّيْنَا തീർച്ചയായും നാം രക്ഷപ്പെടുത്തി بَنِيٓ إِسْرَٰٓءِيلَ ഇസ്റാഈൽ സന്തതികളെ مِنَ ٱلْعَذَابِ ശിക്ഷയിൽനിന്ന് ٱلْمُهِينِ നിന്ദ്യമായ, അപമാനപ്പെടുത്തുന്ന **﴿31﴾** مِن فِرْعَوْنَ അതായത് ഫിർഔനിൽ നിന്ന് إِنَّهُۥ كَانَ നിശ്ചയമായും അവനായിരുന്നു عَالِيًا പൊങ്ങച്ചക്കാരൻ, ഉന്നതൻ, ഗർവ്വിഷ്ഠൻ مِّنَ ٱلْمُسْرِفِينَ അതിരുകവിഞ്ഞവരിൽപെട്ട **﴿32﴾** وَلَقَدِ ٱخْتَرْنَٰهُمْ അവരെ നാം തിരഞ്ഞെടുത്തിട്ടുണ്ട്, ഉത്തമമാക്കുകയുണ്ടായി عَلَىٰ عِلْمٍ അറിവോടെ (അറിഞ്ഞുകൊണ്ട്) عَلَى ٱلْعَٰلَمِينَ ലോകരെക്കാൾ **﴿33﴾** وَءَاتَيْنَٰهُم അവർക്ക് നാം കൊടുക്കുകയും ചെയ്തു مِّنَ ٱلْءَايَٰتِ ദൃഷ്ടാന്തങ്ങളിൽനിന്ന് مَا യാതൊന്ന് فِيهِ അതിലുണ്ട് بَلَٰٓؤٌا۟ مُّبِينٌ സ്പഷ്ടമായ പരീക്ഷണം

അവരുടെ എല്ലാ സ്ഥിതിഗതികളും അറിഞ്ഞും, കണക്കിലെടുത്തുംകൊണ്ടുതന്നെയാണ് അവരുടെ കാലത്തുള്ള ഇതര സമുദായങ്ങളെക്കാൾ അവർക്ക് പല ശ്രേഷ്ഠതകളും നൽകി അല്ലാഹു അനുഗ്രഹിച്ചത്. എത്രയോ പ്രവാചകൻമാ

രും, രാജാക്കളും അവരിൽ ഉണ്ടായി. കൂടാതെ നിയമപ്രമാണവും വേദഗ്രന്ഥവുമായ തൗറാത്ത് ലഭിച്ചതും, സീനാതാഴ്‌വരയിൽ വെച്ച് മന്നായും സൽവായും (ഒരുതരം പക്ഷിയും കട്ടിത്തേനും)ലഭിച്ചതും, മേഘത്തണൽ നൽകിയതും -അങ്ങനെ പലതും- ഇസ്റാഈല്യർക്ക് ലഭിച്ച പ്രത്യേകാനുഗ്രഹങ്ങളത്രെ. സംസ്കാരത്തിലും, പരിഷ്കാരത്തിലും മറ്റുള്ളവരെ അപേക്ഷിച്ച് അവർ മുമ്പിലായിരുന്നു. ഇതര സമുദായങ്ങൾക്ക് കാണുവാൻ കഴിഞ്ഞിട്ടില്ലാത്ത പല പ്രത്യക്ഷ ദൃഷ്ടാന്തങ്ങളും അല്ലാഹു അവർക്ക് കാട്ടിക്കൊടുക്കുകയുമുണ്ടായി. അതെല്ലാം അവർ എങ്ങനെ ഉപയോഗപ്പെടുത്തുമെന്നുള്ള ഒരു പരീക്ഷണവും കൂടിയായിരുന്നു അത്. അടുത്ത വചനങ്ങളിൽ അറബി മുശ്‌രിക്കുകളെപ്പറ്റി പറയുന്നു:

إِنَّ هَٰٓؤُلَآءِ لَيَقُولُونَ ﴿٣٤﴾

﴾34﴿ നിശ്ചയമായും ഇക്കൂട്ടർ (ഇതാ) പറഞ്ഞുകൊണ്ടിരിക്കുന്നു:

إِنْ هِىَ إِلَّا مَوْتَتُنَا ٱلْأُولَىٰ وَمَا نَحْنُ بِمُنشَرِينَ ﴿٣٥﴾

﴾35﴿ കാര്യം; നമ്മുടെ ഒന്നാമത്തെ മരണമല്ലാതെ (മറ്റൊന്നും) ഇല്ല; നാം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരുമല്ല.

فَأْتُوا۟ بِـَٔابَآئِنَآ إِن كُنتُمْ صَٰدِقِينَ ﴿٣٦﴾

﴾36﴿ എന്നാൽ, (അങ്ങനെയുണ്ടെങ്കിൽ) നമ്മുടെ പിതാക്കളെ നിങ്ങൾ കൊണ്ടുവരുവിൻ- നിങ്ങൾ സത്യവാൻമാരാണെങ്കിൽ

﴾34﴿ إِنَّ هَٰٓؤُلَآءِ നിശ്ചയമായും ഇക്കൂട്ടർ لَيَقُولُونَ പറയുന്നു ﴾35﴿ إِنْ هِىَ അത് (കാര്യം) അല്ല, ഇല്ല إِلَّا مَوْتَتُنَا നമ്മുടെ മരണമല്ലാതെ ٱلْأُولَىٰ ഒന്നാമത്തെ وَمَا نَحْنُ നാം അല്ലതാനും بِمُنشَرِينَ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവർ ﴾36﴿ فَأْتُوا എന്നാൽ നിങ്ങൾ വരുവിൻ بِـَٔابَآئِنَا നമ്മുടെ പിതാക്കളെക്കൊണ്ട് إِن كُنتُمْ നിങ്ങളാണെങ്കിൽ صَٰدِقِينَ സത്യവാൻമാർ

മരണത്തോടുകൂടി മനുഷ്യന്റെ കഥ അവസാനിച്ചുപോകുന്നു. പിന്നീട് മറ്റൊരു ജീവിതമോ സുഖദുഃഖമോ ഒന്നും സംഭവിക്കുവാനില്ല എന്നത്രെ മുശ്‌രിക്കുകൾ പറയുന്നത്. മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപ്പിനെപ്പറ്റി പറയുമ്പോൾ, അതിനെ നിഷേധിക്കുവാൻ അവർ പറയാറുള്ള ഒരു ദുർന്യായമാണ്; അങ്ങനെയാണെങ്കിൽ മരിച്ചുപോയ നമ്മുടെ പൂർവ്വികൻമാരെ എന്താണ് കാണാത്തത്? അവരെ നിങ്ങളൊന്ന് ഇങ്ങുകൊണ്ടുവരിൻ........ എന്നൊക്കെ മരണാനന്തര

ജീവിതം ഈ ലോകത്ത് വെച്ചല്ലാത്ത സ്ഥിതിക്ക് ഈ ന്യായം കേവലം ബാലിശ മാണെന്ന് പറയേണ്ടതില്ലല്ലോ. അല്ലാഹു അവരെ താക്കീത് ചെയ്യുന്നു:

أَهُمْ خَيْرٌ أَمْ قَوْمُ تُبَّعٍ وَٱلَّذِينَ مِن قَبْلِهِمْ ۚ أَهْلَكْنَـٰهُمْ ۖ إِنَّهُمْ كَانُوا۟ مُجْرِمِينَ ﴿٣٧﴾

﴾37﴿ ഇവരാണോ ഉത്തമൻമാർ, അതല്ല, തുബ്ബഇന്റെ ജനതയും, അവരുടെ മുമ്പുണ്ടായിരുന്നവരുമോ?- അവരെ(യെല്ലാം) നാം നശിപ്പിച്ചിരിക്കുന്നു. (കാരണം) അവർ കുറ്റവാളികളായിരുന്നു.

﴾37﴿ أَهُمْ അവരാണോ, ഇവരാണോ خَيْرٌ ഉത്തമം أَمْ قَوْمُ تُبَّعٍ അതല്ല തുബ്ബ ഇന്റെ ജനതയോ وَٱلَّذِينَ യാതൊരുവരും مِن قَبْلِهِمْ അവരുടെ മുമ്പുള്ള أَهْلَكْنَـٰهُمْ അവരെ നാം നശിപ്പിച്ചു إِنَّهُمْ كَانُوا۟ നിശ്ചയമായും അവരായിരുന്നു مُجْرِمِينَ കുറ്റവാളികൾ

സത്യനിഷേധത്തിന്റെയും അക്രമത്തിന്റെയും കാരണമായി ഇവരെക്കാൾ ഊക്കൻമാരായിരുന്നവരെല്ലാം നമ്മുടെ ശിക്ഷക്ക് പാത്രമായിത്തീർന്നു. അവരുടെ അതേനില ഇവരും തുടരുകയാണെങ്കിൽ, അവരെപ്പോലെ ഇവരും നമ്മുടെ ശിക്ഷക്ക് ബാധ്യസ്ഥരായിത്തീരുമെന്ന് ഓർത്തുകൊള്ളട്ടെ എന്നുസാരം.

ഈജിപ്തിലെ ഖിബ്ത്വീ (കൊപ്തീ) രാജാക്കൾക്ക് ഫിർഔൻമാർ (الفراعنةഫറോവമാർ) എന്ന് പറയപ്പെടുന്നതുപോലെ, യമനിലെ ഒരു പുരാതന രാജകുടുംബത്തിന് തുബ്ബഉകൾ (التبابعة) എന്ന് പറയപ്പെടുന്നു. ക്രിസ്ത്വബ്ദത്തിനു 115 കൊല്ലം മുമ്പുമുതൽ ക്രിസ്ത്വബ്ദം 525 വരെയുള്ള 640 കൊല്ലക്കാലം യമനും പരിസരങ്ങളും വളരെ പ്രശസ്തമാംവണ്ണം ഇവർ ഭരിച്ചു പോന്നു. സുലൈമാൻ നബി (അ)യെ സന്ദർശിച്ച ബൽക്വീസ് രാജ്ഞിയും സൂറത്തുൽ കഹ്ഫിൽ പ്രസ്താവിച്ച ദുൽക്വർനൈനി (ذو القرنين)യാണെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുള്ള ഇഫ്രീക്വശും (افريقش) ഈ രാജവർഗത്തിൽ പെട്ടവരത്രെ. ഈ ആയത്തിൽ പ്രസ്താവിച്ച തുബ്ബഉ് (تبع) ഒരു സൽപുരുഷനായിരുന്നു. അദ്ദേഹം സത്യവിശ്വാസത്തിലേക്കും സദാചാരത്തിലേക്കും ജനങ്ങളെ ക്ഷണിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ജനത വഴിപിഴക്കുകയാണ് ചെയ്തത്. ഇദ്ദേഹത്തിന്റെ പേർ അബൂ കർബ് എന്ന അസ്അദ് (اسعد أبو كرب) എന്നാണ് അറിയപ്പെടുന്നത്. ദുൽക്വർനൈനി യമൻകാരനായിരുന്നുവെന്ന അഭിപ്രായക്കാരിൽ ചിലരാണ് ഇദ്ദേഹമായിരുന്നു ദുൽക്വർനൈനി എന്ന് പ്രസ്താവിക്കുന്നത്. ഒരു നബി വചനത്തിൽ തുബ്ബഇനെ നിങ്ങൾ പഴിക്കരുത്; അദ്ദേഹം മുസ്‌ലിമായിരുന്നു.എന്ന് വന്നിട്ടുണ്ട്. (അ; ത്വ.) ആയിശഃ (റ) ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. തുബ്ബഉ്

ഒരു സൽപുരുഷനായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ജനതയെപ്പറ്റി ആക്ഷേപിച്ച് പറഞ്ഞതും, അദ്ദേഹത്തെപ്പറ്റി ആക്ഷേപിക്കാതിരുന്നതും കണ്ടുകൂടേ?! (ഹാകിം.).

وَمَا خَلَقْنَا ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا لَـٰعِبِينَ ﴿٣٨﴾

﴾38﴿ ആകാശങ്ങളെയും, ഭൂമിയെയും രണ്ടിനുമിടയിലുള്ളവയെയും നാം കളിച്ചുകൊണ്ട് (വൃഥാ) സൃഷ്ടിച്ചിരിക്കുകയല്ല.

مَا خَلَقْنَـٰهُمَآ إِلَّا بِٱلْحَقِّ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٣٩﴾

﴾39﴿ (ന്യായമായ) കാര്യത്തോടുകൂടിയല്ലാതെ അവ രണ്ടിനെയും നാം സൃഷ്ടിച്ചിട്ടില്ല. പക്ഷേ, അവരിൽ അധികമാളും അറിയുന്നില്ല.

﴾38﴿ وَمَا خَلَقْنَا നാം സൃഷ്ടിച്ചിട്ടില്ല, സൃഷ്ടിച്ചതല്ല ٱلسَّمَـٰوَٰتِ ആകാശങ്ങളെ وَٱلْأَرْضَ ഭൂമിയെയും وَمَا بَيْنَهُمَا രണ്ടിനുമിടയിലുള്ളതും لَـٰعِبِينَ കളിക്കുന്നവരായി, കളിച്ചുകൊണ്ട് ﴾39﴿ مَا خَلَقْنَـٰهُمَآ അത് രണ്ടും നാം സൃഷ്ടിച്ചിട്ടില്ല إِلَّا بِٱلْحَقِّ കാര്യ (ന്യായ)ത്തോടെയല്ലാതെ وَلَـٰكِنَّ أَكْثَرَهُمْ എങ്കിലും അവരിൽ അധികവും لَا يَعْلَمُونَ അറിയുന്നില്ല

അതിമഹത്തായ ഉദ്ദേശ്യലക്ഷ്യത്തോടും, വമ്പിച്ച പരിപാടിയോടും കൂടി സൃഷ്ടിച്ചതാണ് ഈ പ്രപഞ്ചവും, അതിലെ സർവ്വചരാചരങ്ങളും. ഗൗരവമേറിയ പല യുക്തിരഹസ്യങ്ങളും അതിലുണ്ട്. അല്ലാതെ, കേവലം ഒരു കളിവിനോദമെന്ന നിലക്ക് വൃഥാ സൃഷ്ടിച്ചതല്ല. ഈ യാഥാർത്ഥ്യം മിക്ക ജനങ്ങളും മനസ്സിലാക്കുന്നില്ല. മനുഷ്യൻ ജനിക്കുന്നു. കുറെ കഴിയുമ്പോൾ അവൻ മരണമടയുന്നു എന്നതിൽ കവിഞ്ഞ് മറ്റൊന്നും അവർക്ക് അറിഞ്ഞുകൂടാ. അങ്ങനെ, അവരുടെ ജീവിതലക്ഷ്യമെന്താണെന്ന് അവർക്ക് എത്തും പിടിയുമില്ലാതിരിക്കുകയാണ് أفحسبتم أنما خلقناكم عبثا وإنكم إلينا لا ترجعون–المؤمنون (നിങ്ങളെ നാം വൃഥാ സൃഷ്ടിച്ചിരിക്കുകമാത്രമാണെന്നും, നിങ്ങൾ നമ്മുടെ അടുക്കലേക്ക് മടക്കപ്പെടുന്നതല്ലെന്നും നിങ്ങൾ വിചാരിച്ചുവോ?! 23: 115)

إِنَّ يَوْمَ ٱلْفَصْلِ مِيقَـٰتُهُمْ أَجْمَعِينَ ﴿٤٠﴾

﴾40﴿ നിശ്ചയമായും (അന്തിമ) തീരുമാനത്തിന്റെ ദിവസം; അവരെല്ലാവരുടെയും നിശ്ചിത [നിർണായക] സമയമാകുന്നു;-

يَوۡمَ لَا يُغۡنِي مَوۡلًى عَن مَّوۡلًى شَيۡـٔٗا وَلَا هُمۡ يُنصَرُونَ ﴿٤١﴾

﴿41﴾ **അതായത്, ഒരു ബന്ധുവും (വേറെ) ഒരു ബന്ധുവിന് ഒട്ടും ഉപകരിക്കാത്ത ദിവസം. അവർ, സഹായിക്കപ്പെടുന്നതുമല്ല;**

إِلَّا مَن رَّحِمَ ٱللَّهُۚ إِنَّهُۥ هُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿٤٢﴾

﴿42﴾ **അല്ലാഹു കരുണചെയ്തവരൊഴികെ. നിശ്ചയമായും, അവൻതന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും.**

﴿40﴾ إِنَّ يَوۡمَ ٱلۡفَصۡلِ നിശ്ചയമായും തീരുമാനത്തിന്റെ (അന്തിമ വിധിയുടെ) ദിവസം مِيقَٰتُهُمۡ അവരുടെ നിശ്ചിത സമയമാണ്, നിർണായക അവധിയാണ് أَجۡمَعِينَ എല്ലാവരുടെയും ﴿41﴾ يَوۡمَ لَا يُغۡنِي ഉപകാരം (പരിഹാരം) ചെയ്യാത്ത ദിവസം مَوۡلًى ഒരു ബന്ധു, മിത്രം عَن مَّوۡلًى ഒരു ബന്ധുവിന്, മിത്രത്തിന് شَيۡـٔٗا യാതൊന്നും, ഒട്ടും وَلَا هُمۡ അവർ ഇല്ലതാനും يُنصَرُونَ സഹായിക്കപ്പെടുക ﴿42﴾ إِلَّا مَن رَّحِمَ കരുണ (കൃപ) ചെയ്തവരൊഴികെ ٱللَّهُ അല്ലാഹു إِنَّهُۥ هُوَ നിശ്ചയമായും അവൻ തന്നെ ٱلۡعَزِيزُ പ്രതാപശാലി ٱلرَّحِيمُ കരുണാനിധി

തീരുമാനത്തിന്റെ ദിവസമാകുന്ന കിയാമത്തുനാളിൽ കുറ്റവാളികൾക്ക് നരകശിക്ഷയാണല്ലോ ആധാരം. നരകത്തിലെ സ്ഥിതിഗതികളാണ് തുടർന്ന് വിവരിക്കുന്നത്.

വിഭാഗം- 3

إِنَّ شَجَرَتَ ٱلزَّقُّومِ ﴿٤٣﴾

﴿43﴾ **നിശ്ചയമായും സക്കൂം വൃക്ഷം,-**

طَعَامُ ٱلۡأَثِيمِ ﴿٤٤﴾

﴿44﴾ **പാപിയായുള്ളവന്റെ ഭക്ഷണമായിരിക്കും.**

كَٱلۡمُهۡلِ يَغۡلِي فِي ٱلۡبُطُونِ ﴿٤٥﴾

﴿45﴾ **ഉരുകിയ (ലോഹ) ദ്രാവകം പോലെയിരിക്കും (അത്); വയറുകളിൽ അത് തിളച്ചുമറിയും;-**

كَغَلۡيِ ٱلۡحَمِيمِ ﴿٤٦﴾

﴿46﴾ **ചുട്ടവെള്ളം തിളച്ചുമറിയുന്നത്പോലെ!**

﴾43﴿ إِنَّ شَجَرَتَ നിശ്ചയമായും വൃക്ഷം ٱلزَّقُّومِ സക്കൂമാകുന്ന ﴾44﴿ طَعَامُ ٱلْأَثِيمِ പാപിയുടെ ഭക്ഷണമാണ് ﴾45﴿ كَٱلْمُهْلِ ഉരുകിയ (ലോഹത്തിന്റെ) ദ്രാവകംപോലെ يَغْلِى അത് തിളച്ചുകൊണ്ടിരിക്കും ٱلْبُطُونِ വയറുകളിൽ ﴾46﴿ كَغَلْىِ തിളക്കൽപോലെ ٱلْحَمِيمِ ചൂടുവെള്ളത്തിന്റെ

നരകത്തിലെ ഒരു വൃക്ഷമായ സക്കൂമിനെപ്പറ്റി സൂ: സ്വാഫ്ഫാത്ത് 62-66 ൽ വിവരിച്ചിട്ടുണ്ട്. അതിന്റെ ഫലമായിരിക്കും നരകക്കാരുടെ ആഹാരം. അത് കഴിച്ചാലുണ്ടാകുന്ന അനുഭവമാണ് അല്ലാഹു വിവരിച്ചത്. അവരുടെ ഭക്ഷണം ഇതാണെങ്കിൽ, അവരുടെ പാനീയം, കിടപ്പുസ്ഥാനം മുതലായവയും അതുപോലത്തന്നെ ഭയങ്കരങ്ങളായിരിക്കുമല്ലോ? അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ.

خُذُوهُ فَٱعْتِلُوهُ إِلَىٰ سَوَآءِ ٱلْجَحِيمِ ﴿٤٧﴾

﴾47﴿ (പറയപ്പെടും:) അവനെ പിടിക്കുവിൻ; എന്നിട്ടവനെ ജ്വലിക്കുന്ന നരകത്തിന്റെ മദ്ധ്യത്തിലേക്ക് വലിച്ചിഴക്കുവിൻ!

ثُمَّ صُبُّوا۟ فَوْقَ رَأْسِهِۦ مِنْ عَذَابِ ٱلْحَمِيمِ ﴿٤٨﴾

﴾48﴿ പിന്നീടവന്റെ തലക്കുമീതെ ചുട്ടുതിളക്കുന്ന വെള്ളമാകുന്ന ശിക്ഷയിൽനിന്നും ചൊരിയുവിൻ!

ذُقْ إِنَّكَ أَنتَ ٱلْعَزِيزُ ٱلْكَرِيمُ ﴿٤٩﴾

﴾49﴿ (അവനോട് പറയപ്പെടും;) രുചി നോക്കൂ! നിശ്ചയമായും നീ തന്നെയാണ് പ്രതാപശാലിയും മാന്യനും!

إِنَّ هَـٰذَا مَا كُنتُم بِهِۦ تَمْتَرُونَ ﴿٥٠﴾

﴾50﴿ ഇത് നിങ്ങൾ സംശയപ്പെട്ടുകൊണ്ടിരുന്ന (ആ) കാര്യമാണ്.

﴾47﴿ خُذُوهُ അവനെ പിടിക്കുവിൻ فَٱعْتِلُوهُ എന്നിട്ടവനെ വലിച്ചിഴക്കുവിൻ, പിടിച്ചിടുവിൻ إِلَىٰ سَوَآءِ മദ്ധ്യത്തിലേക്ക് ٱلْجَحِيمِ ജ്വലിക്കുന്ന നരകത്തിന്റെ ﴾48﴿ ثُمَّ صُبُّوا۟ പിന്നെ ചൊരിയുവിൻ فَوْقَ رَأْسِهِ അവന്റെ തലക്കുമീതെ مِنْ عَذَابِ ٱلْحَمِيمِ ചൂടുവെള്ളത്തിന്റെ ശിക്ഷയിൽനിന്ന് ﴾49﴿ ذُقْ രുചി നോക്കുക, അനുഭവിക്കുക إِنَّكَ أَنتَ നിശ്ചയമായും നീയാണ് ٱلْعَزِيزُ പ്രതാപശാലി ٱلْكَرِيمُ മാന്യൻ ﴾50﴿ إِنَّ هَـٰذَا നിശ്ചയമായും ഇത് مَا كُنتُم നിങ്ങൾ ആയിരുന്ന ഒരു കാര്യമാണ് بِهِ അതിനെപ്പറ്റി تَمْتَرُونَ നിങ്ങൾ സംശയിക്കപ്പെട്ടുകൊണ്ടിരിക്കും

ഇഹത്തിൽവെച്ച് വലിയ പ്രതാപവും മാന്യതയും നടിച്ചുകൊണ്ടും, പരലോകജീവിതത്തെയും ശിക്ഷയെയും കുറിച്ച് സംശയപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നുവല്ലോ നീ. ഇപ്പോഴിതാ ആ ശിക്ഷ അനുഭവത്തിൽ വന്നിരിക്കുന്നു. അന്നത്തെ അന്തസ്സും യോഗ്യതയുമെല്ലാം ഇപ്പോൾ നഷ്ടപ്പെട്ടില്ലേ?! എനി അത് അനുഭവിച്ചുകൊള്ളുക എന്ന് സാരം. നീ തന്നെയാണ് പ്രതാപശാലിയും മാന്യനുംഎന്ന് അവനെ പരിഹസിച്ച് പറയുന്നതാണെന്ന് പറയേണ്ടതില്ല; പാപികളുടെ ശിക്ഷയെക്കുറിച്ച് പറഞ്ഞശേഷം സജ്ജനങ്ങളുടെ സുഖസൗകര്യങ്ങളെക്കുറിച്ച് പറയുന്നു:

إِنَّ ٱلْمُتَّقِينَ فِى مَقَامٍ أَمِينٍ ﴿٥١﴾

﴿51﴾ നിശ്ചയമായും, ഭയഭക്തരായുള്ളവർ വിശ്വസ്തമായ ഒരു വാസസ്ഥലത്തിൽ ആയിരിക്കും;-

فِى جَنَّٰتٍ وَعُيُونٍ ﴿٥٢﴾

﴿52﴾ അതായത്, സ്വർഗത്തോപ്പുകളിലും അരുവികളിലും.

يَلْبَسُونَ مِن سُندُسٍ وَإِسْتَبْرَقٍ مُّتَقَٰبِلِينَ ﴿٥٣﴾

﴿53﴾ നേർമപ്പട്ടും, കട്ടിപ്പട്ടും കൊണ്ട് അവർ (വസ്ത്രം) ധരിക്കുന്നതാണ്;- അന്യോന്യം അഭിമുഖരായിക്കൊണ്ട് (സല്ലാപം നടത്തും).

كَذَٰلِكَ وَزَوَّجْنَٰهُم بِحُورٍ عِينٍ ﴿٥٤﴾

﴿54﴾ അപ്രകാരമാണ് (കാര്യം). (കൂടാതെ) വിശാലനേത്രകളായ വെള്ളമെയ്യാമണികളെ നാം അവർക്ക് ഇണചേർത്ത് കൊടുക്കുന്നതുമാണ്.

يَدْعُونَ فِيهَا بِكُلِّ فَٰكِهَةٍ ءَامِنِينَ ﴿٥٥﴾

﴿55﴾ അവിടത്തിൽ എല്ലാ (തരം) പഴവർഗങ്ങൾക്കും നിർഭയരായ നിലയിൽ അവർ വിളിച്ച് (ആവശ്യപ്പെട്ടു) കൊണ്ടിരിക്കും.

﴿51﴾ إِنَّ ٱلْمُتَّقِينَ നിശ്ചയമായും ഭയഭക്തൻമാർ, സൂക്ഷിക്കുന്നവർ فِى مَقَامٍ ഒരു സ്ഥാനത്തിൽ (വാസസ്ഥലത്തിൽ) ആയിരിക്കും أَمِينٍ നിർഭയമായ, വിശ്വസ്തമായ ﴿52﴾ فِى جَنَّٰتٍ അതായത് സ്വർഗങ്ങളിൽ, തോപ്പുകളിൽ وَعُيُونٍ അരുവി (നീരുറവ)കളിലും﴿53﴾ يَلْبَسُونَ അവർ (വസ്ത്രം) ധരിക്കും مِن سُندُسٍ നേർമപ്പെട്ടുകൊണ്ട് وَإِسْتَبْرَقٍ കട്ടിപ്പട്ടും مُّتَقَٰبِلِينَ അഭിമുഖരായിക്കൊണ്ട് ﴿54﴾ كَذَٰلِكَ അപ്രകാരമാണ് وَزَوَّجْنَٰهُم അവർക്ക് നാം ഇണചേർത്ത് (ഭാര്യമാരാക്കി) കൊടുക്കയും

يَدْعُونَ ﴾55﴿ വിശാലനേത്രകളായ عِينٍ വെളുത്ത മെയ്യാമണികളെ بِحُورٍ ചെയ്യും
അവർ വിളിക്കും, ആവശ്യപ്പെടും فِيهَا അതിൽ, അവിടത്തിൽ بِكُلِّ فَـٰكِهَةٍ എല്ലാ
പഴവർഗങ്ങൾക്കും ءَامِنِينَ നിർഭയരായിക്കൊണ്ട്, വിശ്വസ്തരായിക്കൊണ്ട്

حور (ഹൂർ) എന്ന വാക്കിന് വെളുത്ത സുന്ദരികൾ എന്നും, കണ്ണിന്റെ വെള്ള ഭാഗം നല്ല വെളുപ്പും കറുത്തഭാഗം നല്ല കറുപ്പുമായി ആകർഷകത്വമുള്ളവർ എന്നും അർത്ഥങ്ങൾ നൽകപ്പെടുന്നു. عين (ഈൗൻ) എന്ന വാക്കിന് വിശാലനേത്രമുള്ളവർ എന്നും ആകർഷിക്കുന്ന കണ്ണുകളോടുകൂടിയവർ എന്നിങ്ങനെയും അർത്ഥങ്ങളുണ്ട്. ചുരുക്കത്തിൽ, ആകർഷകവും അതിസുന്ദരവുമായ ശരീരത്തോടും നേത്രങ്ങളോടും കൂടിയ തരുണീമണികൾ എന്ന് വിവക്ഷ. തങ്ങൾ സ്വർഗത്തിൽ നിന്ന് പുറത്തുപോകേണ്ടിവരുമെന്നോ, തങ്ങളുടെ ഏതെങ്കിലും സുഖസൗകര്യങ്ങൾക്ക് ഭംഗം നേരിട്ടേക്കുമെന്നോ, അവ നിർല്ലോഭം ഉപയോഗിക്കുന്നതിൽ വല്ല മുടക്കവും ബാധിക്കുമെന്നോ ഉള്ള ഭയത്തിനോ ആശങ്കക്കോ അവിടെ അവകാശമില്ല. آمنين (നിർഭയരായ നിലയിൽ) എന്നും في مقام أمين (വിശ്വസ്തമായ വാസസ്ഥലത്തിൽ) എന്നും പറഞ്ഞതിന്റെ താൽപര്യം അതാണ്. ഇങ്ങനെയുള്ള സൽഭാഗ്യവാൻമാരിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

لَا يَذُوقُونَ فِيهَا ٱلْمَوْتَ إِلَّا ٱلْمَوْتَةَ ٱلْأُولَىٰ ۖ وَوَقَىٰهُمْ عَذَابَ ٱلْجَحِيمِ ﴿٥٦﴾

﴾56﴿ ആദ്യത്തെ (ഒരു) മരണമല്ലാതെ, അവിടത്തിൽ വെച്ച് (എനി) അവർ മരണം അനുഭവിക്കുന്നതല്ല. ജ്വലിക്കുന്ന നരകശിക്ഷയെ അവൻ [അല്ലാഹു] അവർക്ക് കാത്തുകൊടുക്കുകയും ചെയ്തിരിക്കുന്നു;

فَضْلًا مِّن رَّبِّكَ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٥٧﴾

﴾57﴿ -നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള അനുഗ്രഹത്താൽ! അതുതന്നെയാണ് മഹത്തായ ഭാഗ്യം!

﴾56﴿ لَا يَذُوقُونَ അവർ ആസ്വദിക്ക (അനുഭവിക്ക)യില്ല فِيهَا അതിൽ ٱلْمَوْتَ
മരണം إِلَّا ٱلْمَوْتَةَ മരണമല്ലാതെ ٱلْأُولَىٰ ഒന്നാമത്തെ, ആദ്യത്തെ وَوَقَىٰهُمْ അവർക്ക്
അവൻ കാത്തു (ഒഴിവാക്കി) കൊടുക്കുകയും ചെയ്തിരിക്കുന്നു عَذَابَ ٱلْجَحِيمِ
ജ്വലിക്കുന്ന നരകശിക്ഷ ﴾57﴿ فَضْلًا അനുഗ്രഹമായിട്ട്, ദയവായി مِّن رَّبِّكَ നിന്റെ
റബ്ബിങ്കൽനിന്നുള്ള ذَٰلِكَ هُوَ അതുതന്നെയാണ് ٱلْفَوْزُ ഭാഗ്യം, വിജയം ٱلْعَظِيمُ മഹ
ത്തായ, വമ്പിച്ച

നബി തിരുമേനിﷺ ഇപ്രകാരം പ്രസ്താവിച്ചതായി ബുഖാരിയും, മുസ്‌ലിമും (റ) ഉദ്ധരിക്കുന്നു: ഒരു നല്ല ആട്ടുകൊറ്റന്റെ രൂപത്തിലായിക്കൊണ്ട് സ്വർഗത്തിനും നരകത്തിനുമിടക്ക് മരണത്തെ കൊണ്ട് വരപ്പെടും പിന്നീട് അതിനെ അറുക്കപ്പെടും. എന്നിട്ട് ഇങ്ങനെ പറയപ്പെടും: ഹേ, സ്വർഗക്കാരേ, ശാശ്വതജീവിതം! എനി മരണമില്ല!!ഹേ, നരകക്കാരേ, ശാശ്വതജീവിതം! എനി മരണമില്ല!!(متفق عليه) വേറൊരു നബിവചനത്തിൽ ഇപ്രകാരം പറയുന്നു: സ്വർഗക്കാരോട് പറയപ്പെടും: നിങ്ങൾക്ക് ആരോഗ്യത്തോടു കൂടിയിരിക്കാം- എനി നിങ്ങൾക്ക് ഒരിക്കലും രോഗം പിടിപെടുകയില്ല. നിങ്ങൾക്ക് ജീവിച്ചിരിക്കുകയും ചെയ്യാം. -എനി ഒരിക്കലും നിങ്ങൾ മരണപ്പെടുകയില്ല. നിങ്ങൾക്ക് സുഖസൗകര്യത്തോടെയിരിക്കാം- എനി ഒരിക്കലും നിങ്ങൾക്ക് നിരാശ ബാധിക്കയില്ല. നിങ്ങൾക്ക് യുവത്വത്തോട് കൂടിയിരിക്കാം- എനി ഒരിക്കലും നിങ്ങളെ വാർദ്ധക്യം പിടിപെടുകയില്ല. (മുസ്‌ലിം) അല്ലാഹു ഈ അദ്ധ്യായം ഇങ്ങനെ അവസാനിപ്പിക്കുന്നു:-

فَإِنَّمَا يَسَّرْنَٰهُ بِلِسَانِكَ لَعَلَّهُمْ يَتَذَكَّرُونَ ﴿٥٨﴾

﴾58﴿ എന്നാൽ, (നബിയേ) നാം ഇതിനെ (ക്വുർആനെ) നിന്റെ ഭാഷയിൽ എളുപ്പമാക്കി (സൗകര്യപ്പെടുത്തി) ത്തന്നിരിക്കുന്നത്, അവർ ഉറ്റാലോചിക്കുവാൻ വേണ്ടി മാത്രമാകുന്നു.

فَٱرْتَقِبْ إِنَّهُم مُّرْتَقِبُونَ ﴿٥٩﴾

﴾59﴿ ആകയാൽ, നീ പ്രതീക്ഷിച്ചുകൊള്ളുക; നിശ്ചയമായും അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരാണ്.

﴾58﴿ فَإِنَّمَا يَسَّرْنَٰهُ എന്നാൽ നാം അതിനെ എളുപ്പമാക്കി بِلِسَانِكَ നിന്റെ ഭാഷയിൽ لَعَلَّهُمْ يَتَذَكَّرُونَ അവർ ഉറ്റാലോചിക്കുവാൻ വേണ്ടി (മാത്രം) ﴾59﴿ فَٱرْتَقِبْ ആകയാൽ നീ പ്രതീക്ഷിച്ചുകൊള്ളുക إِنَّهُم നിശ്ചയമായും അവർ مُّرْتَقِبُونَ പ്രതീക്ഷിക്കുന്നവരാണ്.

ക്വുർആൻ അവതരിക്കുന്നത് അറബികളിലാണല്ലോ. അവർ മുഖാന്തരമാണ് അത് മറ്റുള്ളവരിൽ എത്തിച്ചേരുന്നതും. അതുകൊണ്ടാണത് അറബിഭാഷയിലായതും, നിഷ്പ്രയാസം ഗ്രഹിക്കുവാനും കൈകാര്യം ചെയ്യാനും അവർക്ക് സൗകര്യപ്പെടത്തക്കവിധം അവതരിപ്പിച്ചിരിക്കുന്നതും. പക്ഷേ, അവർ ചിന്തിക്കുന്നില്ല, ഉറ്റാലോചിക്കുന്നുമില്ല. അതാണ് അവർക്ക് പറ്റിയ നാശം. എന്നത്രെ 58-ാം വചനത്തിലെ ആശയം. അവസാനം അല്ലാഹു നബിﷺയോട് പറയുന്നു; തനിക്ക്

അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള സഹായങ്ങൾ താമസംവിനാ ലഭിക്കുന്നതാണ്. അത് സുപ്രതീക്ഷയോടെ കാത്തിരുന്നുകൊള്ളുക. വല്ല ആപത്തും പിണഞ്ഞേക്കുമെന്നും, അങ്ങനെ തൗഹീദിന്റെ പ്രസ്ഥാനം തടയപ്പെട്ട് പോകുമെന്നും മറ്റുമുള്ള ചില പ്രതീക്ഷകളോടുകൂടി കാത്തിരിക്കുകയാണ് മുശ്‌രിക്കുകൾ ചെയ്യുന്നത്. ആരുടെ പ്രതീക്ഷയാണ് അനുഭവത്തിൽ വരുകയെന്ന് കാണാമല്ലോ. **الله اعلم**

اللهم اجعلنا من المتقين الفائزون والحمد لله أولا وآخرا

سورة الجاثية

45. സൂറത്തുൽ ജാഥിയഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 37 - വിഭാഗം (റുകൂഉ്) 4

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

حمٓ ﴿١﴾

(1) ഹാ മീം.

تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡحَكِيمِ ﴿٢﴾

(2) (ഈ) വേദഗ്രന്ഥം അവതരിപ്പിക്കുന്നത് പ്രതാപശാലിയായ, അഗാധജ്ഞനായ, അല്ലാഹുവിങ്കൽ നിന്നാകുന്നു.

إِنَّ فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ لَأٓيَٰتٖ لِّلۡمُؤۡمِنِينَ ﴿٣﴾

(3) നിശ്ചയമായും, ആകാശങ്ങളിലും, ഭൂമിയിലും സത്യവിശ്വാസികൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

وَفِي خَلۡقِكُمۡ وَمَا يَبُثُّ مِن دَآبَّةٍ ءَايَٰتٞ لِّقَوۡمٖ يُوقِنُونَ ﴿٤﴾

(4) നിങ്ങളുടെ സൃഷ്ടിയിലും, ജീവികളായി അവൻ വ്യാപിപ്പിച്ചു കൊണ്ടിരിക്കുന്നതിലും ഉണ്ട്, ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും

وَٱخۡتِلَٰفِ ٱلَّيۡلِ وَٱلنَّهَارِ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن رِّزۡقٖ فَأَحۡيَا بِهِ ٱلۡأَرۡضَ بَعۡدَ مَوۡتِهَا وَتَصۡرِيفِ ٱلرِّيَٰحِ ءَايَٰتٞ لِّقَوۡمٖ يَعۡقِلُونَ ﴿٥﴾

﴾5﴿ രാവും പകലും വ്യത്യാസപ്പെടുന്നതിലും, ആകാശത്തുനിന്ന് ആഹാരമായിക്കൊണ്ട് അല്ലാഹു (മഴ) ഇറക്കി അത്മൂലം ഭൂമിയെ- അത് നിർജ്ജീവമായതിന്ശേഷം- ജീവിപ്പിക്കുന്നതിലും, കാറ്റുകളെ (കൈകാര്യം ചെയ്ത്) നടത്തിപ്പോരുന്നതിലും, ബുദ്ധി ഉപയോഗി(ച്ചു മനസ്സിലാ)ക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

﴾1﴿ حم ഹാ- മീം ﴾2﴿ تَنزِيلُ ٱلۡكِتَٰبِ വേദഗ്രന്ഥം അവതരിപ്പിച്ചത് مِنَ ٱللَّهِ അല്ലാഹുവിങ്കൽ നിന്നാണ് ٱلۡعَزِيزِ പ്രതാപശാലിയായ ٱلۡحَكِيمِ അഗാധജ്ഞനായ, യുക്തിമാനായ ﴾3﴿ إِنَّ فِي ٱلسَّمَٰوَٰتِ നിശ്ചയമായും ആകാശങ്ങളിലുണ്ട് وَٱلۡأَرۡضِ ഭൂമിയിലും لَأٓيَٰتٖ പല ദൃഷ്ടാന്തങ്ങൾ لِّلۡمُؤۡمِنِينَ സത്യവിശ്വാസികൾക്ക് ﴾4﴿ وَفِي خَلۡقِكُمۡ നിങ്ങളുടെ സൃഷ്ടിയിലുമുണ്ട് وَمَا يَبُثُّ അവൻ വ്യാപിപ്പിക്കുന്ന (വിതരണം ചെയ്യുന്ന)തിലും مِن دَآبَّةٖ ജീവിയായിട്ട് ءَايَٰتٞ പല ദൃഷ്ടാന്തങ്ങൾ لِّقَوۡمٖ ജനങ്ങൾക്ക് يُوقِنُونَ ഉറപ്പിക്കുന്ന ഉറപ്പായി വിശ്വസിക്കുന്ന ﴾5﴿ وَٱخۡتِلَٰفِ ٱلَّيۡلِ രാത്രി വ്യത്യാസപ്പെടുന്നതിലും وَٱلنَّهَارِ പകലും وَمَآ أَنزَلَ ٱللَّهُ അല്ലാഹു ഇറക്കിയതിലും مِنَ ٱلسَّمَآءِ ആകാശത്തുനിന്ന് مِن رِّزۡقٖ ആഹാര(ഉപജീവന മാർഗ)മായിട്ട് فَأَحۡيَا بِهِ എന്നിട്ടതുകൊണ്ട് ജീവിപ്പിക്കുകയും ചെയ്തു ٱلۡأَرۡضَ ഭൂമിയെ بَعۡدَ مَوۡتِهَا അത് ചത്ത് (നിർജ്ജീവമായ) ശേഷം وَتَصۡرِيفِ നടത്തുന്ന (നിയന്ത്രിക്കുന്ന, കൈകാര്യം ചെയ്യുന്ന)തിലും ٱلرِّيَٰحِ കാറ്റുകളെ ءَايَٰتٞ ദൃഷ്ടാന്തങ്ങളുണ്ട് لِّقَوۡمٖ يَعۡقِلُونَ ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക്

മേൽ ചൂണ്ടിക്കാട്ടിയ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അല്ലാഹു പലപ്പോഴും ഉണർത്താറുള്ളതാണ്. സന്ദർഭോചിതം നാം അവയെപ്പറ്റി വിവരിക്കുകയും ചെയ്യാറുണ്ട്. ഇവിടെ ആദ്യം (3 -ാം വചനത്തിൽ) സത്യവിശ്വാസികൾക്ക് ദൃഷ്ടാന്തമുണ്ടെന്നും, പിന്നീട് (4 ൽ) ദൃഢവിശ്വാസംകൊള്ളുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നും, അവസാനം (5 ൽ) ബുദ്ധി ഉപയോഗിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നുമാണല്ലോ പ്രസ്താവിച്ചിരിക്കുന്നത്. ഇതിനെപ്പറ്റി അൽപം ചിലത് മനസ്സിലാക്കുന്നത് നന്നായിരിക്കും.

നിഷ്കളങ്ക ഹൃദയത്തോടുകൂടി ആകാശഭൂമികളിലേക്ക് കണ്ണോടിക്കുന്ന ഒരാൾക്ക് ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ടെന്നും, അവന്റെ പ്രവർത്തനങ്ങളാണ് ഇക്കാണുന്നതെല്ലാമെന്നുമുള്ള ഈമാൻ(സത്യവിശ്വാസം) ഉണ്ടാവാതിരിക്കുകയില്ല. പിന്നീടവൻ സ്വന്തം ദേഹമടക്കമുള്ള ജന്തുജാലങ്ങളെയും, അവയുടെ വൈവിധ്യം, സ്ഥിതിഗതികൾ ആദിയായവയെയും സംബന്ധിച്ച് ചിന്തിക്കുന്നപക്ഷം, ആ വിശ്വാസം യകീൻ(ദൃഢവിശ്വാസം) ആയി മാറുന്നു. കുറേക്കൂടി മുന്നോട്ട് കടന്ന് ആഴത്തിൽ ചിന്തിക്കുകയും, അങ്ങനെ മഴ, കാറ്റ്, സസ്യലതാദികളുടെ ഉൽപാദനം മുതലായവയെക്കുറിച്ചും, അവയിലടങ്ങിയ അതിസമർത്ഥമായ യുക്തിരഹസ്യങ്ങളെക്കുറിച്ചും പരിശോധിക്കുകയും ചെയ്യുമ്പോൾ, ആ വിശ്വാസം കൂടുതൽ യുക്തിപരവും, ബുദ്ധിപൂർവ്വകവും ആയി ശോഭിക്കുന്നു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, ഹൃദയശുദ്ധിയോടുകൂടിയുള്ള ചിന്ത അതിനെ സുദൃഢമാക്കുന്നു. ദൃഢമായ ഈമാനോടുകൂടി ചിന്തിക്കുമ്പോൾ അത് അതിനെ പരിപൂർണവും ഉൽകൃഷ്ടവുമാക്കി ഉയർത്തുന്നു.

ബുദ്ധി കൊടുത്ത് ഗ്രഹിക്കുക, അല്ലെങ്കിൽ ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുക എന്ന അർത്ഥത്തിൽ (يعقلون മുതലായ) ചില വാക്കുകൾ ക്വുർആനിൽ സാധാരണ ഉപയോഗിച്ച് കാണാം. മൃഗങ്ങളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന ആ പ്രാകൃത ബുദ്ധിയല്ല ഇവിടെ ഉദ്ദേശ്യം. ബുദ്ധി രണ്ട് തരത്തിലുണ്ട്. ഒന്ന്: മനുഷ്യന്റെ കഴിവിനോ പ്രവർത്തനത്തിനോ പങ്കില്ലാത്തതും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രം സിദ്ധിക്കുന്നതുമായ പ്രകൃതബുദ്ധി (العقل المطبوع). രണ്ട്: പ്രകൃതബുദ്ധിക്ക് ലഭിക്കുന്ന അറിവും പരിചയവും ഉപയോഗിച്ച് വെളിയിൽനിന്ന് സിദ്ധിക്കുന്ന വികസിതബുദ്ധി (العقل المسموع). ഒന്നാമത്തെ ബുദ്ധി ലഭിച്ചിട്ടില്ലാത്തവർക്ക് രണ്ടാമത്തെ ബുദ്ധിയും ഉണ്ടായിരിക്കുകയില്ല. ഒന്നാമത്തേതിന്റെ തോതും, അത് ഉപയോഗപ്പെടുത്തുന്ന അളവും സാഹചര്യവും അനുസരിച്ച് രണ്ടാമത്തേതിന് വികാസം സിദ്ധിക്കുന്നു. ബുദ്ധിമാൻമാരല്ലാതെ ഉറ്റാലോചിക്കുകയില്ല.അവർ ബുദ്ധി കൊടുക്കുന്നില്ലഎന്നും മറ്റുമുള്ള പ്രശംസകളും, ആക്ഷേപങ്ങളും രണ്ടാമത്തെ ബുദ്ധിയില്ലാത്തവർ മതശാസനങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടവരുമായിരിക്കും.

تِلْكَ ءَايَـٰتُ ٱللَّهِ نَتْلُوهَا عَلَيْكَ بِٱلْحَقِّ ۖ فَبِأَىِّ حَدِيثٍۭ بَعْدَ ٱللَّهِ وَءَايَـٰتِهِۦ يُؤْمِنُونَ ﴿٦﴾

(6) (നബിയേ) അല്ലാഹുവിന്റെ ആയത്തുകൾ [വചനങ്ങളാകുന്ന ലക്ഷ്യങ്ങൾ] ആകുന്നു അവ. യഥാർത്ഥമായ നിലക്ക് അവയെ നിനക്ക് നാം ഓതികേൾക്കിപ്പിക്കുന്നു. അല്ലാഹുവിനും അവന്റെ ആയത്തുകൾക്കും പുറമെ, എനി ഏതൊരു വൃത്താന്തത്തിലാണ് അവർ വിശ്വസിക്കുന്നത്?!

﴾6﴿ تِلْكَ അവ ءَايَٰتُ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകളാണ് نَتْلُوهَا നാമത് ഓതിത്തരുന്നു عَلَيْكَ നിനക്ക് بِٱلْحَقِّ യഥാർത്ഥമായ നിലക്ക് فَبِأَيِّ حَدِيثٍۭ എനി ഏതൊരു വൃത്താന്തംകൊണ്ടാണ് بَعْدَ ٱللَّهِ അല്ലാഹുവിന് ശേഷം (പുറമെ) وَءَايَٰتِهِۦ അവന്റെ ആയത്തുകൾക്കും يُؤْمِنُونَ അവർ വിശ്വസിക്കുന്നത്

അല്ലാഹു അവന്റെ റസൂലിനെ അവതരിപ്പിച്ചുകൊടുക്കുകയും, അദ്ദേഹം പ്രബോധനം ചെയ്യുകയും ചെയ്യുന്ന തത്വങ്ങളിലും, ദൃഷ്ടാന്തങ്ങളിലും വിശ്വസിക്കുവാൻ അവർ തയ്യാറില്ലെങ്കിൽ, അവർക്ക് വിശ്വസിക്കാവുന്ന -അതിനെക്കാൾ ഉത്തമമായ- മറ്റൊരു വൃത്താന്തം എവിടെനിന്ന് ലഭിക്കുവാനാണ്?! നിശ്ചയമായും ഇല്ല. എന്ന് സാരം. الأيات(ആയത്തുകൾ) എന്ന വാക്കിന് ദൃഷ്ടാന്തങ്ങൾ, അടയാളങ്ങൾ, തെളിവുകൾ, ലക്ഷ്യങ്ങൾഎന്നൊക്കെയാണ് വാക്കാർത്ഥമെന്നും, ക്വുർആൻ വചനങ്ങളെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ള ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും ഉൾക്കൊള്ളുന്നവയായതുകൊണ്ട് അതിലെ സൂക്തങ്ങൾക്ക് ആയത്തുകൾഎന്ന് പറയപ്പെടുന്നുവെന്നും നാം മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇ ൗ ആയത്തിലും താഴെ 8, 9 പോലെയുള്ള വചനങ്ങളിലും പ്രധാനമായും ക്വുർആൻ വചനങ്ങളെയും, അവയിലടങ്ങിയ ലക്ഷ്യദൃഷ്ടാന്തങ്ങളെയുമാണ് ഉദ്ദേശിക്കപ്പെടുന്നത്. ഈ വചനത്തിൽ നിനക്ക് നാം ഓതിക്കേൾപ്പിക്കുന്നു(نتلوها عليك) എന്നും, 8 -ാം വചനത്തിൽ അവൻ കേൾക്കുന്നു(يسمع) എന്നും മറ്റും പറഞ്ഞിട്ടുള്ളതിൽ നിന്ന് ഇത് മനസ്സിലാക്കാം. الله أعلم

وَيْلٌ لِّكُلِّ أَفَّاكٍ أَثِيمٍ ﴿٧﴾

﴾7﴿ മഹാപാപിയും വ്യാജക്കാരനുമായ എല്ലാവർക്കും നാശം!

يَسْمَعُ ءَايَٰتِ ٱللَّهِ تُتْلَىٰ عَلَيْهِ ثُمَّ يُصِرُّ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا ۖ فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿٨﴾

﴾8﴿ അല്ലാഹുവിന്റെ ആയത്തുകൾ അവന് ഓതിക്കേൾപ്പിക്കപ്പെടുന്നതായി അവൻ കേൾക്കുന്നു; പിന്നെയും, അഹംഭാവം നടിച്ചുകൊണ്ട്- അത് കേട്ടിട്ടില്ലാത്തത്പോലെ- അവൻ (നിഷേധത്തിൽ) നിരതനാകുന്നു! ആകയാൽ, അവന് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.

وَإِذَا عَلِمَ مِنْ ءَايَـٰتِنَا شَيْـًٔا ٱتَّخَذَهَا هُزُوًا ۚ أُو۟لَـٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٩﴾

﴿9﴾ നമ്മുടെ ആയത്തുകളിൽ നിന്ന് വല്ലതും അവന് അറിവായാൽ, അവയെ അവൻ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. അക്കൂട്ടർക്ക് അപമാനകമായ ശിക്ഷയുണ്ട്.

مِّن وَرَآئِهِمْ جَهَنَّمُ ۖ وَلَا يُغْنِى عَنْهُم مَّا كَسَبُوا۟ شَيْـًٔا وَلَا مَا ٱتَّخَذُوا۟ مِن دُونِ ٱللَّهِ أَوْلِيَآءَ ۖ وَلَهُمْ عَذَابٌ عَظِيمٌ ﴿١٠﴾

﴿10﴾ അവരുടെ പിന്നാലെയുണ്ട് നരകം! അവർ പ്രവർത്തി(ച്ചു സമ്പാദി)ച്ചതാകട്ടെ, അല്ലാഹുവിന് പുറമെ അവർ രക്ഷാകർത്താക്കളായി സ്വീകരിച്ചിട്ടുള്ളവയാകട്ടെ, അവർക്ക് ഒട്ടും ഉപകരിക്കുന്നതുമല്ല. അവർക്ക് വമ്പിച്ച ശിക്ഷയും ഉണ്ടായിരിക്കും.

هَـٰذَا هُدًى ۖ وَٱلَّذِينَ كَفَرُوا۟ بِـَٔايَـٰتِ رَبِّهِمْ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿١١﴾

﴿11﴾ ഇതൊരു (ശരിയായ) മാർഗദർശനമത്രെ. തങ്ങളുടെ രക്ഷിതാവിന്റെ ആയത്തുകളിൽ അവിശ്വസിച്ചവരാകട്ടെ, അവർക്ക് കടുത്ത യാതനയാകുന്ന വേദനയേറിയ ശിക്ഷയുണ്ട്.

﴿7﴾ وَيْلٌ നാശം, കഷ്ടം لِّكُلِّ أَفَّاكٍ എല്ലാ വ്യാജക്കാരനുമാണ്, നുണക്കാർക്കുമാണ് أَثِيمٍ (മഹാ) പാപിയായ ﴿8﴾ يَسْمَعُ അവൻ കേൾക്കും ءَايَـٰتِ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകൾ تُتْلَىٰ عَلَيْهِ അവന്റെമേൽ ഓതിക്കേൾപ്പിക്കപ്പെടുന്നതായി ثُمَّ يُصِرُّ പിന്നെയും അവൻ നിരതനാകും, നിലനിൽക്കും مُسْتَكْبِرًا അഹംഭാവം (വലുപ്പം) നടിച്ചുകൊണ്ട് كَأَن لَّمْ يَسْمَعْهَا അത് കേൾക്കാത്ത പോലെ فَبَشِّرْهُ അതിനാൽ അവന് സന്തോഷമറിയിക്കുക بِعَذَابٍ أَلِيمٍ വേദനയേറിയ ശിക്ഷയെക്കുറിച്ച് ﴿9﴾ وَإِذَا عَلِمَ അവൻ അറിഞ്ഞാൽ مِنْ ءَايَـٰتِنَا നമ്മുടെ ആയത്തുകളിൽ നിന്ന് شَيْـًٔا വല്ലതും,

لَهُمْ عَذَابٌ അല്പം ٱتَّخَذَهَا അതിനെ അവനാക്കും أُوْلَـٰٓئِكَ هُزُوًا പരിഹാസ്യം അക്കൂട്ടർ
അവർക്ക് ശിക്ഷയുണ്ട് مُّهِينٌ അപമാനകരമായ ﴾10﴿ مِّن وَرَآئِهِمْ അവരുടെ പിന്നിൽ
(അപ്പുറം) ഉണ്ട് جَهَنَّمُ നരകം وَلَا يُغْنِى عَنْهُم അവർക്ക് ഉപകരിക്കയില്ല, പര്യാപ്തമാ
കയില്ല مَّا كَسَبُوا۟ അവർ സമ്പാദിച്ച (പ്രവർത്തിച്ച)ത് شَيْـًٔا ഒട്ടും, യാതൊന്നും
أَوْلِيَآءَ അവർ ഉണ്ടാക്കിവെച്ചതും ഇല്ല مِن دُونِ اللهِ അല്ലാഹുവിന് പുറമെ وَلَا مَا ٱتَّخَذُوا۟
രക്ഷാകർത്താക്കളായി, സഹായികളായിട്ട് وَلَهُمْ അവർക്കുണ്ട് താനും
وَٱلَّذِينَ كَفَرُوا۟ عَذَابٌ عَظِيمٌ വമ്പിച്ച ശിക്ഷ ﴾11﴿ هَـٰذَا هُدًى ഇതൊരു മാർഗദർശനം
لَهُمْ عَذَابٌ അവിശ്വസിച്ചവരാകട്ടെ بِـَٔايَـٰتِ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ ആയത്തുകളിൽ
അവർക്ക് ശിക്ഷയുണ്ട് مِّن رِّجْزٍ കടുത്ത യാതനയാകുന്ന أَلِيمٌ വേദനയേറിയ

വ്യാജങ്ങൾ കെട്ടിപ്പറയുകയും കള്ള വാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കാണ് أفاك (വ്യാജക്കാരൻ) എന്ന് പറയുന്നത്. കുറ്റകരമായ പാപങ്ങൾ ചെയ്യുന്നവർക്കാണ് أثيم (മഹാപാപി) എന്ന് പറയുന്നത്. ഈ രണ്ട് ദുർഗുണങ്ങളും ഒരാളിൽ സമ്മേളിച്ചാൽ പിന്നെ, അവന് ചേരാത്ത ദുഷ്ചെയ്തികൾ ഉണ്ടായിരിക്കയില്ല. രണ്ട് കാര്യങ്ങളാണ് അല്ലാഹു ഇവരെപ്പറ്റി ഇവിടെ എടുത്ത് പറയുന്നത്:

1) അല്ലാഹുവിന്റെ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ, അത് കേട്ട ഭാവം പോലും നടിക്കാതെ, അഹംഭാവപൂർവ്വം അതിനെ അവഗണിച്ച് കളയുകയും, പഴയ നിലപാടിൽതന്നെ ഉറച്ച് നിൽക്കുകയും ചെയ്യുക.

2) ഏതെങ്കിലും വിധേന അല്ലാഹുവിന്റെ ആയത്തുകളിൽ നിന്ന് വല്ല വിവരവും ലഭിച്ചുകഴിഞ്ഞാൽ, അതെങ്കിലും സ്വീകരിക്കുവാൻ തയ്യാറാകാതെ, അവയെ പരിഹാസ്യമാക്കിത്തീർക്കുക. ഇങ്ങനെയുള്ളവരുടെ നേരെ അല്ലാഹുവിനുള്ള വെറുപ്പിന്റെയും, അവർക്ക് നേരിടുന്ന ശിക്ഷയുടെയും കാഠിന്യത്തെയാണ് ഈ വചനങ്ങൾ കാണിക്കുന്നത്. വല്ല സന്തോഷവാർത്തയും അവരെ അറിയിക്കുവാനുണ്ടെങ്കിൽ അത് ആ ശിക്ഷയെക്കുറിച്ച് മാത്രമാണെന്നും അല്ലാഹു താക്കീത് ചെയ്യുന്നു.

പേർഷ്യയിൽ നിന്ന് ചില പുരാണ ചരിത്രങ്ങളും കഥാനോവലുകളും കൊണ്ടുവന്ന് ജനമദ്ധ്യെ പ്രചരിപ്പിക്കുകയും, അതുവഴി ക്വുർആനിൽനിന്നും അവരുടെ ശ്രദ്ധയെ തിരിച്ചുവിടുവാൻ ശ്രമിക്കുകയും ചെയ്തിരുന്ന നദ്റുബ്നുൽഹർഥ് (نضر بن الحرث)നെയും, നരകത്തിന്റെ മേൽനോട്ടം വഹിക്കുന്ന പത്തൊമ്പത് മലക്കുകളുണ്ട് എന്ന് ക്വുർആനിൽ (സൂ: മുദ്ദഥിർ 30 ൽ) വന്നപ്പോൾ അവരുമായി ഞാൻ ഒറ്റക്ക് നോക്കാംഎന്നും മറ്റും പറഞ്ഞ അബൂജഹ്ലി

(أبو جهل)നെയും ഇവിടെ പലരും ഉദാഹരണമായി എടുക്കാറുണ്ട്. വാസ്തവത്തിൽ അല്ലാഹുവിന്റെ ആയത്തുകളെ അഹംഭാവത്തോടെയും പരിഹാസത്തോടെയും അവഗണിച്ച് തള്ളിക്കളയുന്ന ആളുകളെ ഇന്ന് നാം ജാഹിലിയ്യാ കാലത്തോ മുശ്‌രിക്കുകൾക്കിടയിലോ തിരഞ്ഞു പിടിക്കേണ്ടതില്ല. ഇക്കാലത്ത് ഇങ്ങനെയുള്ളവർ ധാരാളക്കണക്കിൽ തന്നെയുണ്ട്. മുസ്‌ലിംകളെന്ന് അവകാശപ്പെടുന്നവർക്കിടയിൽപോലും ഇത്തരക്കാരുണ്ടെന്നത്- അങ്ങേഅറ്റം ഖേദകരമാണെങ്കിലും -ഒരു പരമാർത്ഥമത്രെ.

ക്വുർആനിലെ വ്യക്തമായ ചില നിയമങ്ങളെപ്പറ്റി അവ പഴഞ്ചനാണെന്നും, അപ്രായോഗികമാണെന്നും ജൽപിക്കുന്നവർ, ഭൗതികതാൽപര്യങ്ങൾക്കും അനിസ്‌ലാമികാദർശങ്ങൾക്കും ക്വുർആന്റെ ആനുകൂല്യം നൽകുവാൻ പാടുപെടുന്നവർ, നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ ഇസ്‌ലാമിലെ അതിപ്രധാനങ്ങളായ നിർബന്ധകർമങ്ങളെ കേവലം ചില മതചടങ്ങുകൾമാത്രമാക്കി തരംതാഴ്ത്തിക്കാട്ടുന്നവർ, പലിശ, ചൂതാട്ടം തുടങ്ങി ക്വുർആൻ കർശനമായി വിരോധിച്ചിട്ടുള്ള കാര്യങ്ങളെ ഏതെങ്കിലും വിധേന ന്യായീകരിച്ച് ഇസ്‌ലാമീകരിക്കുവാൻ മുതിരുന്നവർ, നോവലുകൾ, കലാസാഹിത്യങ്ങൾ തുടങ്ങിയവക്ക് ക്വുർആനെക്കാളും ഇസ്‌ലാമിക വിജ്ഞാനങ്ങളെക്കാളും പരിഗണന നൽകുന്നവർ ഇത്യാദി ആളുകളെല്ലാം- ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ- അല്ലാഹുവിന്റെ ആയത്തുകളെ പരിഹസിക്കുകയും, അവയുടെനേരെ അഹംഭാവം കാണിക്കുകയും തന്നെയാണ് ചെയ്യുന്നത്. والعياذ بالله

വിഭാഗം- 2

۞ ٱللَّهُ ٱلَّذِى سَخَّرَ لَكُمُ ٱلْبَحْرَ لِتَجْرِىَ ٱلْفُلْكُ فِيهِ بِأَمْرِهِۦ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٢﴾

﴿12﴾ അല്ലാഹുവത്രെ, നിങ്ങൾക്ക് സമുദ്രം കീഴ്പ്പെടുത്തിത്തന്നവൻ; അവന്റെ കൽപനപ്രകാരം അതിൽകൂടി കപ്പലുകൾ സഞ്ചരിക്കുവാനും, അവന്റെ അനുഗ്രഹത്തിൽ നിന്ന് (ഉപജീവനമാർഗം) നിങ്ങൾ അന്വേഷിക്കുവാനും വേണ്ടി; നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടിയും.

وَسَخَّرَ لَكُم مَّا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ جَمِيعًا مِّنْهُ

﴿13﴾ ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതുമെല്ലാം അവങ്കൽനിന്ന് [അവന്റെ വകയായി]

إِنَّ فِي ذَٰلِكَ لَأَيَٰتٍ لِّقَوۡمٍ يَتَفَكَّرُونَ ﴿١٣﴾

അവൻ നിങ്ങൾക്ക് കീഴ്പ്പെടുത്തി ത്തന്നിരിക്കുന്നു. നിശ്ചയമായും, അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

《12》 ٱللَّهُ ٱلَّذِى അല്ലാഹു യാതൊരുവനാകുന്നു سَخَّرَ لَكُمُ നിങ്ങൾക്ക് കീഴ്പ്പെ
ടുത്തിയ ٱلۡبَحۡرَ സമുദ്രത്തെ لِتَجۡرِىَ സഞ്ചരിക്കുവാൻ ٱلۡفُلۡكُ കപ്പലുകൾ فِيهِ
അതിൽക്കൂടി بِأَمۡرِهِۦ അവന്റെ കല്പനപ്രകാരം وَلِتَبۡتَغُوا۟ നിങ്ങൾ അന്വേഷിക്കുവാ
നും, തേടുവാനും مِن فَضۡلِهِۦ അവന്റെ അനുഗ്രഹത്തിൽനിന്ന് وَلَعَلَّكُمۡ تَشۡكُرُونَ നിങ്ങൾ
നന്ദിചെയ്യാനും, നന്ദികാണിക്കയും ചെയ്തേക്കാം 《13》 وَسَخَّرَ لَكُم നിങ്ങൾക്ക
വൻ കീഴ്പ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു مَّا فِى ٱلسَّمَٰوَٰتِ ആകാശങ്ങളിലു
ള്ളത് وَمَا فِى ٱلۡأَرۡضِ ഭൂമിയിലുള്ളതും جَمِيعًا എല്ലാം, മുഴുവനും مِّنۡهُ അവനിൽനിന്ന്
(അവന്റെ വകയായി) إِنَّ فِى ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَأَيَٰتٍ പല ദൃഷ്ടാ
ന്തങ്ങൾ لِّقَوۡمٍ ഒരു ജനതക്ക് يَتَفَكَّرُونَ ചിന്തിക്കുന്ന

മനുഷ്യന്റെ നന്മക്കും പുരോഗതിക്കും ഉപയുക്തമായ വിധത്തിൽ, അവന്റെ പ്രയത്നവും കഴിവുമനുസരിച്ച് ഉപയോഗപ്പെടുത്തത്തക്കവണ്ണം ആകാശത്തിലെയും ഭൂമിയിലെയും വസ്തുക്കളെ അല്ലാഹു അവന് സൗകര്യപ്പെടുത്തിക്കൊടുത്തിരിക്കുന്നു. ഇത് അല്ലാഹുവിന്റെ പക്കൽനിന്നുള്ള അതിമഹത്തായ ഒരു അനുഗ്രഹമത്രെ. അതേസമയത്ത് അവയെപ്പറ്റി ചിന്തിക്കുന്നവർക്ക് അല്ലാഹുവിന്റെ അപാരമായ കഴിവിനും മഹത്വത്തിനും ധാരാളം ദൃഷ്ടാന്തങ്ങളും അവയിൽ അടങ്ങിയിരിക്കുന്നു. മനുഷ്യൻ ഇന്നുവരെ നേടിക്കഴിഞ്ഞതും, മേലിൽ നേടുവാനിരിക്കുന്നതുമായ എല്ലാ ശാസ്ത്രീയവിജ്ഞാനങ്ങളും, നിരീക്ഷണഫലങ്ങളും, ജീവിതപുരോഗതികളുമെല്ലാം പ്രസ്തുത അനുഗ്രഹംകൊണ്ടുമാത്രം ലഭിക്കുന്നവയാണ്.

قُل لِّلَّذِينَ ءَامَنُوا۟ يَغۡفِرُوا۟ لِلَّذِينَ لَا يَرۡجُونَ أَيَّامَ ٱللَّهِ لِيَجۡزِىَ قَوۡمًۢا بِمَا كَانُوا۟ يَكۡسِبُونَ ﴿١٤﴾

《14》 (നബിയേ) വിശ്വസിച്ചവരോട് പറയുക: അല്ലാഹുവിന്റെ ദിവസങ്ങളെ പ്രതീക്ഷിക്കുന്നില്ലാത്ത (അഥവാ പേടിക്കാത്ത) വർക്ക് അവർ പൊറുത്തുകൊടുക്കട്ടെ.

ഒരു ജനതക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന് അവൻ പ്രതിഫലം നൽകുവാൻവേണ്ടിയാണ് (അത്).

مَنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۖ ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ ﴿١٥﴾

《15》 ആരെങ്കിലും നല്ലത് പ്രവർത്തിച്ചാൽ, അതവന്റെ ദേഹത്തിന് (അഥവാ ആത്മാവിന്ന്) തന്നെയാകുന്നു. ആരെങ്കിലും തിന്മ ചെയ്താൽ, അതും അതിന്റെമേൽതന്നെ. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നു.

《14》 قُل നീ പറയുക لِّلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരോട് يَغْفِرُوا۟ അവർ പൊറുത്തുകൊടുക്കട്ടെ, വിട്ടുകൊടുക്കട്ടെ لِلَّذِينَ യാതൊരു കൂട്ടർക്ക് لَا يَرْجُونَ പ്രതീക്ഷിക്കാത്ത, പേടിക്കാത്ത أَيَّامَ اللَّهِ അല്ലാഹുവിന്റെ ദിവസങ്ങളെ لِيَجْزِيَ അവൻ പ്രതിഫലം നൽകുവാൻവേണ്ടി قَوْمًا ഒരു ജനതക്ക് بِمَا كَانُوا۟ അവരായിരുന്നതിന് يَكْسِبُونَ പ്രവർത്തിക്കും, സമ്പാദിക്കും 《15》 مَنْ عَمِلَ ആർ പ്രവർത്തിച്ചുവോ صَٰلِحًا നല്ല (സൽപ്രവൃത്തി) فَلِنَفْسِهِۦ എന്നാലവന്റെ ദേഹത്തിന് (ആത്മാവിന്) തന്നെ وَمَنْ أَسَآءَ ആരെങ്കിലും നന്മ ചെയ്താൽ فَعَلَيْهَا എന്നാൽ അതിന്റെ മേൽതന്നെ ثُمَّ പിന്നെ إِلَىٰ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കലേക്ക് تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു, മടക്കപ്പെടും

അറബികൾക്കിടയിൽ കഴിഞ്ഞുപോയ യുദ്ധങ്ങളെയും ചരിത്രസംഭവങ്ങളെയും ഉദ്ദേശിച്ചുകൊണ്ട് ايام العرب (അറബികളുടെ ദിവസങ്ങൾ) എന്ന് പറയപ്പെടാറുണ്ട്. അതുപോലെ, മുൻ സമുദായങ്ങളിൽ കഴിഞ്ഞുപോയിട്ടുള്ള അല്ലാഹുവിന്റെ ശിക്ഷാ നടപടികളെ ഉദ്ദേശിച്ചാണ് ഇവിടെ ايام الله (അല്ലാഹുവിന്റെ ദിവസങ്ങൾ) എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിൽ വിശ്വസിക്കാതെയും, അവന്റെ നിയമങ്ങളെ ധിക്കരിച്ചുകൊണ്ടുമിരിക്കുന്ന പക്ഷം മുൻസമുദായങ്ങൾക്ക് അനുഭവപ്പെട്ടതുപോലെയുള്ള വല്ല ശിക്ഷാനടപടികളും അല്ലാഹു തങ്ങളിലും നടപ്പാക്കിയേക്കാമെന്ന ഭയമോ, പ്രതീക്ഷയോ ഇല്ലാത്തവരാണ് മുശ്‌രിക്കുകൾ. അതുകൊണ്ട് അവർ ഏതുതരം അക്രമങ്ങളും നീചകൃത്യങ്ങളും ചെയ്യാൻ സന്നദ്ധരായേക്കും. അതിന്റെ നേരെ അവഗണനയും, ക്ഷമയും കൈകൊള്ളുവാൻ സത്യവിശ്വാസികളെ ഉപദേശിക്കണമെന്ന് അല്ലാഹു നബിﷺയോട് കൽപിക്കുകയാണ്. ഓരോരുത്തരും ചെയ്യുന്ന നന്മതിന്മകൾക്ക് തക്ക പ്രതിഫലം അല്ലാഹു നൽകാതിരിക്കുകയില്ല എന്ന് ഉണർത്തുകയും ചെയ്യുന്നു.

وَلَقَدْ ءَاتَيْنَا بَنِىٓ إِسْرَٰٓءِيلَ ٱلْكِتَٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ

《16》 ഇസ്റാഈൽ സന്തതികൾക്ക് നാം വേദഗ്രന്ഥവും, വിധിയും, പ്രവാചകത്വവും കൊടുക്കുകയുണ്ടായി.

وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ عَلَى ٱلْعَٰلَمِينَ ﴿١٦﴾

വിശിഷ്ട വസ്തുക്കളിൽനിന്നും അവർക്ക് നാം ആഹാരം നൽകുകയും, ലോകരെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തു.

وَءَاتَيْنَٰهُم بَيِّنَٰتٍ مِّنَ ٱلْأَمْرِ ۖ فَمَا ٱخْتَلَفُوٓا۟ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ۚ إِنَّ رَبَّكَ يَقْضِى بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿١٧﴾

《17》 (മത) കാര്യത്തെ സംബന്ധിച്ച് വ്യക്തമായ തെളിവുകളും അവർക്ക് നാം നൽകി.

എന്നാൽ, തങ്ങൾക്ക് അറിവ് വന്നെത്തിയശേഷമല്ലാതെ അവർ ഭിന്നിച്ചിട്ടില്ല; (അതെ) തങ്ങൾക്കിടയിലുള്ള ധിക്കാരത്താൽ! നിശ്ചയമായും നിന്റെ റബ്ബ് ക്വിയാമത്തുനാളിൽ അവർക്കിടയിൽ- അവർ യാതൊന്നിൽ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ- തീരുമാനം ചെയ്യുന്നതാണ്.

《16》 وَلَقَدْ ءَاتَيْنَا തീർച്ചയായും നാം കൊടുക്കുകയുണ്ടായി بَنِىٓ إِسْرَٰٓءِيلَ ഇസ്റാഈൽ സന്തതികൾക്ക് ٱلْكِتَٰبَ വേദഗ്രന്ഥം وَٱلْحُكْمَ വിധിയും, വിജ്ഞാനവും وَٱلنُّبُوَّةَ പ്രവാചകത്വവും وَرَزَقْنَٰهُم അവർക്ക് നാം ആഹാരം നൽകി مِّنَ ٱلطَّيِّبَٰتِ വിശിഷ്ട (നല്ല, പരിശുദ്ധ) വസ്തുക്കളിൽനിന്ന് وَفَضَّلْنَٰهُمْ അവരെ നാം ശ്രേഷ്ഠരാക്കുകയും ചെയ്തു عَلَى ٱلْعَٰلَمِينَ ലോകരെക്കാൾ **《17》** وَءَاتَيْنَٰهُم അവർക്ക് നാം കൊടുക്കയും ചെയ്തു بَيِّنَٰتٍ തെളിവുകൾ مِّنَ ٱلْأَمْرِ (ഈ) കാര്യത്തെ സംബന്ധിച്ച് فَمَا ٱخْتَلَفُوٓا۟ എന്നാൽ (എന്നിട്ട്) അവർ ഭിന്നിച്ചില്ല, വ്യത്യാസം ചെയ്തിട്ടില്ല إِلَّا مِنۢ بَعْدِ ശേഷമല്ലാതെ مَا جَآءَهُمُ അവർക്ക് വന്നതിന്റെ ٱلْعِلْمُ അറിവ് بَغْيًۢا ധിക്കാരം, (അക്രമം, ശത്രുത, അസൂയ) നിമിത്തം بَيْنَهُمْ തങ്ങൾക്കിടയിലുള്ള إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് يَقْضِى بَيْنَهُمْ അവർക്കിടയിൽ തീരുമാനം ചെയ്യും يَوْمَ ٱلْقِيَٰمَةِ ക്വിയാമത്തുനാളിൽ فِيمَا യാതൊന്നിൽ كَانُوا۟ فِيهِ അതിൽ അവരായിരുന്നു يَخْتَلِفُونَ ഭിന്നിക്കും, വ്യത്യാസം ചെയ്യും.

الكتاب (വേദഗ്രന്ഥം) എന്ന് പറഞ്ഞത് തൗറാത്താകുന്നു. الحكم (അൽഹുക്മു) എന്ന വാക്കിന് ഇവിടെ വിധിഎന്നും വിജ്ഞാനംഎന്നും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ഇസ്റാഈൗൽ വർഗത്തിൽ രാജാക്കൾ, മൂപ്പൻമാർ, ഗോത്രത്തലവൻമാർ എന്നിങ്ങനെ പല തരത്തിലുള്ള വിധികർത്താക്കളും ഉണ്ടായിരുന്നു. അവരുടെ വിധികർത്തൃത്വത്തെ- ആജ്ഞാധികാരത്തെ- യാണ് ആ വാക്കുകൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നാണ് അധികപക്ഷത്തിന്റെയും അഭിപ്രായം. അത് പോലെത്തന്നെ, ഇസ്റാഈൗല്യരിൽ വളരെയധികം പ്രവാചകൻമാരും ഉണ്ടായിട്ടുണ്ട്. അതിനെ സൂചിപ്പിച്ചുകൊണ്ടാണ് പ്രവാചകത്വവും (والنبوة) എന്ന് പറഞ്ഞിരിക്കുന്നത്. ഇതിനെല്ലാംപുറമെ, മേൽപറഞ്ഞ കാരണങ്ങളാൽ അക്കാലത്തുള്ള ഇതര ജനസമുദായങ്ങളെക്കാൾ യോഗ്യതയും, ശ്രേഷ്ഠതയും അല്ലാഹു അവർക്ക് നൽകിയിരുന്നു. പക്ഷേ, വേണ്ടത്ര അറിവും, ബോധവും, കഴിവും, അനുകൂല പരിതഃസ്ഥിതികളും ഉണ്ടായിരുന്നിട്ട് പിന്നെയും അവർ സത്യത്തിൽനിന്ന് ഭിന്നിക്കുകയും, പരസ്പരം ഛിദ്രിക്കുകയുമാണ് ചെയ്തത്. അറിയായ്മകൊണ്ടോ, അറിവനുസരിച്ച് ജീവിക്കുവാൻ സാധിക്കാത്ത സാഹചര്യംകൊണ്ടോ അല്ല- ധിക്കാരവും അതിക്രമവും നിമിത്തമാണ്- ഇത് സംഭവിച്ചത്. അതുകൊണ്ട് ഇതിന്റെ പേരിൽ അവരുടെമേൽ തക്ക നടപടിയെടുക്കാതെ അല്ലാഹു വിട്ടുകളയുകയില്ല എന്ന് അവരെ താക്കീത് ചെയ്യുന്നു.

ثُمَّ جَعَلْنَـٰكَ عَلَىٰ شَرِيعَةٍ مِّنَ ٱلْأَمْرِ فَٱتَّبِعْهَا وَلَا تَتَّبِعْ أَهْوَآءَ ٱلَّذِينَ لَا يَعْلَمُونَ ﴿١٨﴾

﴾18﴿ (നബിയേ) പിന്നീട് നിന്നെ നാം (മത)കാര്യത്തെ സംബന്ധിച്ച് ഒരു (തെളിഞ്ഞ) മാർഗത്തിൽ ആക്കിയിരിക്കുന്നു. ആകയാൽ, നീ അതിനെ പിൻപറ്റിക്കൊള്ളുക; അറിവില്ലാത്തവരുടെ ഇച്ഛകളെ പിൻപറ്റരുത്.

﴾**18**﴿ ثُمَّ പിന്നെ جَعَلْنَـٰكَ നിന്നെ നാം ആക്കി عَلَىٰ شَرِيعَةٍ ഒരു (തെളിഞ്ഞ) മാർഗത്തിൽ (നടപടിക്രമത്തിൽ) مِّنَ ٱلْأَمْرِ കാര്യത്തെ സംബന്ധിച്ച് فَٱتَّبِعْهَا ആകയാൽ അതിനെ പിൻപറ്റുക وَلَا تَتَّبِعْ പിൻപറ്റുകയും അരുത് أَهْوَآءَ ٱلَّذِينَ യാതൊരു കൂട്ടരുടെ ഇച്ഛകളെ لَا يَعْلَمُونَ അറിവില്ലാത്ത

ജൂതൻമാരും ക്രിസ്ത്യാനികളുമാകുന്ന വേദക്കാർ തങ്ങളുടെ വേദഗ്രന്ഥവും, ന്യായപ്രമാണവുമാകുന്ന തൗറാത്തിന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് പാടെ വ്യതിചലിച്ചിരിക്കുകയാണ്. തങ്ങളുടെ ഇച്ഛക്കൊത്തവണ്ണം അവർ സ്വയം നിർമിച്ചുണ്ടാക്കിയ നടപടിക്രമങ്ങളാണ് അവരിൽ നിലവിലുള്ളത്. തൗറാത്തുമായി അതിന് നാമമാത്രബന്ധമേയുള്ളൂ. ബഹുദൈവാരാധകൻമാരായ മുശ്‌രിക്കുകളാകട്ടെ, ഒരു

വേദഗ്രന്ഥത്തിന്റെ അനുയായികളേ അല്ല. അവരുടെ ഇച്ഛകൾതന്നെയാണ് അവരുടെ മതവും. ഈ രണ്ട് കൂട്ടരുടെയും ഇച്ഛാധിഷ്ഠിതമായ നടപടിക്രമങ്ങളെ പിൻപറ്റരുതെന്നും, ക്വുർആൻ മുഖേന അല്ലാഹു അവതരിപ്പിച്ചുതന്ന ഈ മാർഗത്തെമാത്രം മുറുകെ പിടിച്ചുകൊള്ളണമെന്നും അല്ലാഹു നബിﷺയെ ഉണർത്തുകയാണ്. അവരെ പിൻപറ്റുന്നതിൽ യാതൊരു നന്മക്കും വകയില്ലെന്നും, മനുഷ്യസമുദായത്തിനാവശ്യമായ എല്ലാ നന്മയും ക്വുർആനിലുണ്ടെന്നും തുടർന്നുള്ള വചനങ്ങളിൽ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

إِنَّهُمْ لَن يُغْنُوا۟ عَنكَ مِنَ ٱللَّهِ شَيْـًٔا ۚ وَإِنَّ ٱلظَّـٰلِمِينَ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۖ وَٱللَّهُ وَلِىُّ ٱلْمُتَّقِينَ ﴿١٩﴾

﴾19﴿ (കാരണം) നിശ്ചയമായും, അല്ലാഹുവിങ്കൽ നിന്ന് യാതൊരു കാര്യത്തിനും അവർ നിനക്ക് ഉപകരിക്കുന്നതേയല്ല. അക്രമകാരികൾ (തമ്മതമ്മിൽ) ചിലർ ചിലരുടെ ബന്ധുക്കളാകുന്നു. അല്ലാഹുവാകട്ടെ, ഭയഭക്തൻമാരുടെ ബന്ധുവുമാണ്.

هَـٰذَا بَصَـٰٓئِرُ لِلنَّاسِ وَهُدًى وَرَحْمَةٌ لِّقَوْمٍ يُوقِنُونَ ﴿٢٠﴾

﴾20﴿ ഇത് [ക്വുർആൻ] മനുഷ്യർക്ക് (ഉൾക്കാഴ്ച നൽകുന്ന) തെളിവുകളാകുന്നു; ദൃഢവിശ്വാസം കൊള്ളുന്ന ജനതക്ക് മാർഗദർശനവും, കാരുണ്യവുമാകുന്നു.

﴾19﴿ إِنَّهُمْ നിശ്ചയമായും അവർ لَن يُغْنُوا۟ ഉപകരിക്കുകയില്ല, പര്യാപ്തമാക്കുകയില്ല عَنكَ നിനക്ക് നിന്നെ സംബന്ധിച്ച് مِنَ ٱللَّهِ അല്ലാഹുവിങ്കൽ നിന്ന് شَيْـًٔا യാതൊന്നും وَإِنَّ ٱلظَّـٰلِمِينَ നിശ്ചയമായും അക്രമകാരികൾ بَعْضُهُمْ അവരിൽ ചിലർ أَوْلِيَآءُ بَعْضٍ ചിലരുടെ ബന്ധുക്കളാണ്, മിത്രങ്ങളാണ് (സഹായികളാണ്) وَٱللَّهُ അല്ലാഹുവാകട്ടെ وَلِىُّ ٱلْمُتَّقِينَ സൂക്ഷ്മതയുള്ളവരുടെ (ഭയഭക്തൻമാരുടെ) ബന്ധുവാണ് (സഹായിയാണ്) ﴾20﴿ هَـٰذَا بَصَـٰٓئِرُ ഇത് തെളിവുകളാണ്, ഉൾക്കാഴ്ചകളാണ് لِلنَّاسِ മനുഷ്യർക്ക് وَهُدًى മാർഗദർശനവും وَهُدًى കാരുണ്യവും (അനുഗ്രഹവും) يُوقِنُونَ لِّقَوْمٍ ദൃഢമായി വിശ്വസിക്കുന്ന ജനതക്ക്

എല്ലാ മനുഷ്യർക്കും ഉൾക്കാഴ്ചയും, ഹൃദയവികാസവും നൽകത്തക്ക ന്യായങ്ങളും, തെളിവുകളും ഉൾക്കൊള്ളുന്നതാണ് ക്വുർആൻ. പക്ഷേ, വിശ്വാസത്തിൽ അടിയുറപ്പും ദൃഢതയും ഉള്ളവർക്കേ അത് മുഖേന മാർഗദർശനവും ദൈവകാരുണ്യവും ലഭിക്കുകയുള്ളൂ.

أَمْ حَسِبَ ٱلَّذِينَ ٱجْتَرَحُوا۟ ٱلسَّيِّـَٔاتِ أَن نَّجْعَلَهُمْ كَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ سَوَآءً مَّحْيَاهُمْ وَمَمَاتُهُمْ ۚ سَآءَ مَا يَحْكُمُونَ ﴿٢١﴾

﴿21﴾ അതല്ല -(ഒരുപക്ഷേ) തിന്മകൾ ചെയ്തുകൂട്ടിയവർ വിചാരിച്ചിരിക്കുന്നുവോ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെപ്പോലെ അവരെ നാം ആക്കുമെന്ന്, അതായത്, അവരുടെ ജീവിതവും മരണവും സമമായ നിലയിൽ (ആക്കുമെന്ന്)?! അവർ വിധി കല്പിക്കുന്നത് വളരെ മോശം തന്നെ!

﴾21﴿ أَمْ حَسِبَ അതല്ലാ (അഥവാ) വിചാരിച്ചുവോ, കണക്കാക്കിയോ ٱلَّذِينَ ٱجْتَرَحُوا۟ ചെയ്തുവെച്ചവർ, പ്രവർത്തിച്ചവർ ٱلسَّيِّـَٔاتِ തിന്മകൾ أَن نَّجْعَلَهُمْ അവരെ നാം ആക്കുമെന്ന് كَٱلَّذِينَ യാതൊരുവരെപ്പോലെ ءَامَنُوا۟ വിശ്വസിച്ച وَعَمِلُوا۟ ٱلصَّـٰلِحَـٰتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത سَوَآءً (അതായത്) സമമായി, തുല്യമായിട്ട് مَّحْيَاهُمْ അവരുടെ ജീവിതം وَمَمَاتُهُمْ അവരുടെ മരണവും سَآءَ വളരെ മോശം തന്നെ مَا يَحْكُمُونَ അവർ വിധി കല്പിക്കുന്നത്

വിഭാഗം- 3

وَخَلَقَ ٱللَّهُ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ وَلِتُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿٢٢﴾

﴿22﴾ ആകാശങ്ങളെയും, ഭൂമിയെയും അല്ലാഹു കാര്യ(ഗൗരവ)ത്തോടെ സൃഷ്ടിച്ചിരിക്കുകയാണ്. എല്ലാ ഓരോ ദേഹത്തിനും (അഥവാ ആത്മാവിനും) അത് സമ്പാദിച്ചതിന് പ്രതിഫലം നൽകപ്പെടുവാനും (കൂടിയാണത്). അവരോട് അനീതി ചെയ്യപ്പെടുകയില്ലതാനും.

وَخَلَقَ ٱللَّهُ ﴿22﴾ അല്ലാഹു സൃഷ്ടിച്ചിരിക്കയാണ് ٱلسَّمَـٰوَٰتِ ആകാശങ്ങളും وَٱلْأَرْضَ ഭൂമിയും بِٱلْحَقِّ ന്യായ (കാര്യ, യഥാർത്ഥ)ത്തോടെ وَلِتُجْزَىٰ പ്രതിഫലം നൽകപ്പെടുവാനും كُلُّ نَفْسٍۭ എല്ലാ ദേഹത്തിനും, ആത്മാവിനും (ആൾക്കും) بِمَا كَسَبَتْ അത് സമ്പാദിച്ചതിന്, പ്രവർത്തിച്ചതിന് وَهُمْ അവർ (അവരോട്) لَا يُظْلَمُونَ അനീതി (അതിക്രമം) ചെയ്യപ്പെടുന്നതുമല്ല

ഐഹിക ജീവിതത്തിലെ വിഭവങ്ങളും, സുഖസൗകര്യങ്ങളും എല്ലാവർക്കും ഒരുപോലെ ലഭിച്ചുകൊണ്ടിരിക്കുന്നു. അതിൽ സജ്ജനങ്ങളും ദുർജ്ജനങ്ങളും വ്യത്യാസമില്ല. എന്നാൽ, സജ്ജനങ്ങൾക്ക് മരണാനന്തരം അല്ലാഹുവിങ്കൽ വമ്പിച്ച അനുഗ്രഹങ്ങളും മഹത്തായ പ്രതിഫലങ്ങളും ലഭിക്കുവാനിരിക്കുന്നു. ഇതുപോലെ തങ്ങൾക്കും ലഭിക്കാതിരിക്കയില്ലെന്നാണോ ഈ ദുഷ്ടൻമാരുടെ വിചാരം?! അങ്ങനെയാണെങ്കിൽ, ആ വിചാരം വളരെ നിന്ദ്യവും വഷളും തന്നെ. ആകാശ ഭൂമികളെയും അവയിലെ മനുഷ്യരടക്കമുള്ള വസ്തുക്കളെയും യാതൊരു ലക്ഷ്യമോ പരിപാടിയോ കൂടാതെ അല്ലാഹു വൃഥാ സൃഷ്ടിച്ചിരിക്കുകയല്ല. ഗൗരവമേറിയ ചില ഉദ്ദേശ്യ ലക്ഷ്യങ്ങൾ അതിലുണ്ട്. ഈ ജീവിതത്തിൽ ഓരോരുത്തരും പ്രവർത്തിച്ചുവെച്ച കർമങ്ങളുടെ കൃത്യവും യഥാർത്ഥവുമായ ഫലം ഓരോരുത്തരും മരണാനന്തരജീവിതത്തിൽ അനുഭവിക്കുവാനാണ് അവൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഐഹികജീവിതത്തിൽ സത്യവിശ്വാസവും സൽക്കർമങ്ങളും സ്വീകരിച്ചുവന്ന വിശിഷ്ടൻമാരും, സത്യനിഷേധവും ദുഷ്കർമങ്ങളും സമ്പാദിച്ചുവെച്ച നികൃഷ്ടൻമാരും– ഇരുകൂട്ടരുടെയും ഭൗതിക ജീവിത ക്രമങ്ങൾ പരസ്പരം സാമ്യമുള്ളതായിരുന്നതുപോലെ– പാരത്രിക ജീവിതത്തിലും സമമായിരിക്കുക സാധ്യമല്ല. എന്നൊക്കെയാണ് ഈ വചനങ്ങളുടെ സാരം.

അല്ലാഹുവിനെ ഭയപ്പെടുന്ന ഓരോരുത്തന്നും ഹൃദയത്തിൽ നടുക്കം ഉണ്ടാക്കുവാൻ പോരുന്നതാണ് 21 -ാം വചനത്തിലെ ചോദ്യം. ആ വചനം പാരായണം ചെയ്യുമ്പോൾ, പല മഹാൻമാരും അതിന്റെ ഗൗരവം ഓർത്ത് കരഞ്ഞിരുന്നതായും, ചിലർ ആ വചനം ആവർത്തിച്ചാവർത്തിച്ച് ഓതിക്കൊണ്ടിരുന്നതായും നിവേദനം ചെയ്യപ്പെടുന്നു.

أَفَرَءَيْتَ مَنِ ٱتَّخَذَ إِلَـٰهَهُۥ هَوَىٰهُ

وَأَضَلَّهُ ٱللَّهُ عَلَىٰ عِلْمٍ

﴿23﴾ എന്നാൽ, നീ കണ്ടുവോ, തന്റെ ദൈവം തന്റെ (സ്വന്തം) ഇച്ഛയാക്കി വെച്ചിരിക്കുന്നവനെ?! അറിഞ്ഞുകൊണ്ടുതന്നെ അല്ലാഹു അവനെ വഴിപിഴവിലാക്കുകയും,

وَخَتَمَ عَلَىٰ سَمْعِهِۦ وَقَلْبِهِۦ وَجَعَلَ عَلَىٰ بَصَرِهِۦ غِشَـٰوَةً فَمَن يَهْدِيهِ مِنۢ بَعْدِ ٱللَّهِ ۚ أَفَلَا تَذَكَّرُونَ ﴿٢٣﴾

അവന്റെ കേൾവിക്കും ഹൃദയത്തിനും മുദ്രവെക്കുകയും, അവന്റെ കണ്ണിന് ഒരു (തരം) മൂടി ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ളവന്റെ നില വളരെ ശോചനീയം തന്നെ!

എനി, ആരാണ് അല്ലാഹുവിന് പുറമെ അവനെ നേർവഴിക്കാക്കുന്നത്?! അപ്പോൾ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

﴾**23**﴿ أَفَرَءَيْتَ എന്നാൽ നീ കണ്ടുവോ مَنِ ٱتَّخَذَ ആക്കിവെച്ച ഒരുവനെ إِلَـٰهَهُۥ തന്റെ ദൈവം (ആരാധ്യൻ) هَوَىٰهُ തന്റെ ഇച്ഛ وَأَضَلَّهُ ٱللَّهُ അല്ലാഹു അവനെ വഴിപിഴവിലാക്കുകയും ചെയ്തു عَلَىٰ عِلْمٍ അറിവോടെ, അറിഞ്ഞുകൊണ്ട് وَخَتَمَ അവൻ മുദ്രവെക്കുകയും ചെയ്തു عَلَىٰ سَمْعِهِۦ അവന്റെ കേൾവിക്ക് وَقَلْبِهِۦ അവന്റെ ഹൃദയത്തിനും وَجَعَلَ ആക്കുകയും ചെയ്തു عَلَىٰ بَصَرِهِۦ അവന്റെ കണ്ണിൻമേൽ غِشَـٰوَةً ഒരു മൂടി فَمَن يَهْدِيهِ എനി (എന്നാൽ) ആരാണ് അവനെ നേർമാർഗത്തിലാക്കുക مِنۢ بَعْدِ ٱللَّهِ അല്ലാഹുവിന് ശേഷം (പുറമെ) أَفَلَا تَذَكَّرُونَ അപ്പോൾ നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ

സത്യത്തിനും ന്യായത്തിനും വില കൽപിക്കാതെ, ഉപദേശങ്ങളും ലക്ഷ്യങ്ങളും വകവെക്കാതെ, ദൃഷ്ടാന്തങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും നേരെ കണ്ണടച്ച് തന്നിഷ്ടത്തിനും ദേഹേച്ഛക്കും മാത്രം അടിമപ്പെട്ട് ജീവിക്കുന്നവന്റെ ഏകാരാധ്യദൈവം അവന്റെ ഇച്ഛയല്ലാതെ മറ്റെന്താണ്?! ഇങ്ങനെയുള്ളവർ സൻമാർഗം പ്രാപിച്ചേക്കുമെന്ന പ്രതീക്ഷക്ക് ഒട്ടും അവകാശമില്ല. അതുകൊണ്ട് അവന്റെ എല്ലാ സ്ഥിതിഗതികളും സൂക്ഷ്മമായി അറിയുന്ന അല്ലാഹു അവനെ കൈവെടിയുകയും, അവന്റെ പാട്ടിന് വിട്ടേക്കുകയും ചെയ്യുന്നു. അങ്ങനെ, തന്റെ ഭാവിനന്മക്ക് ഉപകരിക്കുന്ന വല്ലതും ഗ്രഹിക്കുവാനോ, കേൾക്കുവാനോ, കണ്ടറിയുവാനോ ഉള്ള അവസരം അവന് നിശ്ശേഷം നഷ്ടപ്പെടുന്നു. അല്ലാഹു കൈവെടിഞ്ഞവരെ നേർമാർഗത്തിലേക്ക് കൊണ്ടുവരാൻ ആർക്കാണ് സാധിക്കുക?!

ദേഹേച്ഛകൾക്ക് അടിമപ്പെട്ടവന്റെ ദൃഷ്ടിയിൽ മാനുഷികമൂല്യങ്ങൾക്കോ, ധാർമിക തത്വങ്ങൾക്കോ നീതിന്യായനിയമങ്ങൾക്കോ സ്ഥാനമുണ്ടായിരിക്കുകയില്ലല്ലോ. അവന് ചേരാത്തതായി ഒന്നുമില്ല. സത്യാസത്യവും ന്യായാന്യായവും വേർതിരിക്കുവാനുള്ള അവന്റെ മാനദണ്ഡം അവന്റെ ഇച്ഛയും ദുർമോഹവും

മാത്രമായിരിക്കും ഇത്തരത്തിലുള്ള വ്യക്തികൾ മാത്രമല്ല, സംഘടനകൾപോലും ഇന്ന് നാട്ടിലുടനീളം വ്യാപിച്ചുകൊണ്ടിരിക്കുകയാണ് അല്ലാഹുവിൽ ശരണം! ഇവരുടെനേരെ അല്ലാഹുവിനുള്ള അറപ്പും വെറുപ്പും എത്രമേൽ കടുത്തതാണെന്ന് ഈ വചനത്തിൽനിന്ന് മനസ്സിലാക്കാം. ദേഹേച്ഛയെ പിൻപറ്റി ഭൗതികലക്ഷ്യം വെച്ചുകൊണ്ടിരിക്കുന്നവരെപ്പറ്റി മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത് ഇങ്ങനെയാണ്:– فمثله كمثل الكلب إن تحمل عليه يلهث أو تتركه يلهث ذلك مثل القوم الذين كذبوا بآياتنا الأعراف:١٧٦(സാരം: അവന്റെ ഉപമ, നായയെപ്പോലെയാണ്. നീ അതിനെ ആക്രമിച്ചാലും അത് നാവ് തൂക്കി വാപിളർന്നുകൊണ്ടിരിക്കും, അതിനെ നീ -ഒന്നും ചെയ്യാതെ- വിട്ടേച്ചാലും അത് നാവ് തൂക്കി വാപിളർന്നുകൊണ്ടിരിക്കും. നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുന്നവരുടെ ഉപമയാണ് അത്. (സൂ: അഅ്റാഫ്, 176)

നബിﷺ പറയുന്നു: യാതൊരുവൻ തന്റെ മനസ്സിനെ കീഴ്പ്പെടുത്തിവെക്കുകയും മരണശേഷമുള്ളതിലേക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്തുവോ അവനാണ് സമർത്ഥൻ, അഥവാ ബുദ്ധിമാൻ. യാതൊരുവന്റെ മനസ്സ് അതിന്റെ ഇച്ഛയെ പിൻതുടരുകയും, അവൻ അല്ലാഹുവിന്റെ പേരിൽ വ്യാമോഹം വെച്ചുകൊണ്ടിരിക്കുകയും ചെയ്തുവോ അവനാണ് കൊള്ളരുതാത്തവൻ, അഥവാ ദുർബ്ബലൻ.(തി; ജ.) മറ്റൊരു നബിവചനം ഇപ്രകാരമാകുന്നു: നിങ്ങളിൽ ഒരാളുടെ ഇച്ഛ, ഞാൻ കൊണ്ടുവന്നിട്ടുള്ളതിനോട് അനുസരിച്ചായിത്തീരുന്നതുവരെ അവൻ സത്യവിശ്വാസിയായിരിക്കുകയില്ല.(ശറഹുസ്സുന്നഃ) ഇക്കാലത്ത് ഓരോ സത്യവിശ്വാസിയും സദാ ഓർമിക്കേണ്ട ഒരു നബിവചനം കൂടി ഇവിടെ ഉണർത്തട്ടെ. അൽപം ദീർഘമായ ആ ഹദീഥിന്റെ ആശയം ഇതാണ്:

'ലുബ്ധതക്ക് വഴങ്ങപ്പെടുന്നതായും, തന്നിഷ്ടം പിൻതുടരപ്പെടുന്നതായും, ഐഹികകാര്യത്തിന് പ്രാധാന്യം കല്പിക്കപ്പെടുന്നതായും, ഓരോരുത്തനും തന്റെ സ്വന്തം അഭിപ്രായം കൊണ്ട് തൃപ്തി അടയുന്നതായും നീ കണ്ടു; നിനക്ക് ഒഴിച്ചുകൂടാത്ത ചില ബാദ്ധ്യതയും നീ കണ്ടു, എന്നാൽ, പൊതുജനങ്ങളുടെ കാര്യം വിട്ടേച്ച് നീ നിന്റെ കാര്യം നോക്കിക്കൊള്ളുക. നിങ്ങൾക്ക് പിന്നാലെ, ക്ഷമ കൈകൊള്ളേണ്ടുന്ന നാളുകൾ വരാനിരിക്കുന്നുണ്ട്. അന്ന് ക്ഷമ കൈകൊള്ളുന്നവർക്ക് തീക്കനൽ കൈയിൽ പിടിച്ച അനുഭവമായിരിക്കും ഉണ്ടാകുക. അക്കാലത്ത് പ്രവർത്തിക്കുന്ന -കടമകൾ നിറവേറ്റുന്ന-വർക്ക് ഇന്ന് നിങ്ങളിൽനിന്ന് അതുപോലെ പ്രവർത്തിക്കുന്ന അമ്പത് പേർക്കുണ്ടാകുന്ന പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്.'(തി; ജ.) ലക്കും ലഗാനുമില്ലാത്ത ഇന്നത്തെ ഭൗതികനീക്കങ്ങളെ നോക്കിക്കാണുന്നവർക്ക് ഈ നബിവചനത്തിന്റെ ഉൾക്കനം മനസ്സിലാക്കുവാൻ പ്രയാസമില്ല.

وَقَالُوا۟ مَا هِىَ إِلَّا حَيَاتُنَا ٱلدُّنْيَا

﴾24﴿ അവർ പറയുന്നു: അത് [ജീവിതമെന്നത്] നമ്മുടെ ഐഹിക

نَمُوتُ وَنَحْيَا وَمَا يُهْلِكُنَآ إِلَّا
ٱلدَّهْرُ ۚ وَمَا لَهُم بِذَٰلِكَ مِنْ
عِلْمٍ ۖ إِنْ هُمْ إِلَّا يَظُنُّونَ ﴿٢٤﴾

ജീവിതമല്ലാതെ (മറ്റൊന്നും) ഇല്ല; നാം മരിക്കുകയും, ജീവിക്കുകയും ചെയ്യുന്നു; കാലം അല്ലാതെ (മറ്റൊന്നും) നമ്മെ നശിപ്പിക്കുന്നില്ല. അവർക്ക് അതിനെപ്പറ്റി യാതൊരു വിവരവും ഇല്ല; അവർ ഊഹിക്കുകയല്ലാതെ ചെയ്യുന്നില്ല.

﴾**24**﴿ وَقَالُواْ അവർ പറയുന്നു, പറഞ്ഞു مَا هِىَ അത് (ജീവിതം) അല്ല إِلَّا حَيَاتُنَا നമ്മുടെ ജീവിതമല്ലാതെ ٱلدُّنْيَا ഐഹിക, ഇഹത്തിലെ نَمُوتُ നാം മരിക്കുന്നു وَنَحْيَا നാം ജീവിക്കയും ചെയ്യുന്നു وَمَا يُهْلِكُنَآ നമ്മെ നശിപ്പിക്കുന്നുമില്ല إِلَّا ٱلدَّهْرُ കാലമല്ലാതെ وَمَا لَهُم അവർക്കില്ല بِذَٰلِكَ അതിനെപ്പറ്റി مِنْ عِلْمٍ ഒരു അറിവും, വിവരവും إِنْ هُمْ അവരല്ല إِلَّا يَظُنُّونَ ഊഹിക്കുകയല്ലാതെ

ഭൗതികവാദത്തെപ്പറ്റിയാണ് പ്രസ്താവിക്കുന്നത്. കാലചക്രത്തിന്റെ തിരിച്ചലിന്നിടയിൽ പലതും സംഭവിക്കുന്നു; അക്കൂട്ടത്തിൽ നാം ജനിക്കുന്നു, നാം മരിക്കുന്നു എന്നല്ലാതെ മനുഷ്യന്റെ ഐഹികജീവിതത്തിനപ്പുറം മറ്റൊരു ജീവിതമോ, ലോകമോ ഒന്നുമില്ല എന്നാണവർ പറയുന്നത്. അല്ലാഹു ലോകസ്രഷ്ടാവാണെന്ന് സമ്മതിച്ചുകൊണ്ടുതന്നെ, മരണാനന്തരജീവിതത്തെ നിഷേധിക്കുകയും, ലോകത്ത് നടമാടിക്കൊണ്ടിരിക്കുന്ന മിക്ക സംഭവങ്ങളും കാലത്തിന്റെ പ്രക്രിയകളാണെന്ന് വിശ്വസിക്കുകയും ചെയ്യുന്ന മുശ്‌രിക്കുകളും, ലോകസ്രഷ്ടാവിനെത്തന്നെ നിഷേധിക്കുന്ന നിരീശ്വരവാദികളും പറയാറുള്ളതാണിത്. ക്വുർആന്റെ അവതരണകാലത്തും ചുരുക്കം ചില വ്യക്തികൾ നിരീശ്വരവാദികളായുണ്ടായിരുന്നു. ഇന്നാകട്ടെ, ഇവർ ലോകമൊട്ടുക്കും വ്യാപിച്ച് കഴിഞ്ഞിരിക്കുന്നു. നിരീശ്വരത്വവും ഭൗതികത്വവും ഇന്ന് ഒരു പ്രത്യയശാസ്ത്രം തന്നെ ആയിത്തീർന്നിരിക്കയാണ്. ബഹുമുഖങ്ങളായ ആസൂത്രിതപരിപാടികളോടുകൂടി അത് ജനമദ്ധ്യേ പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇവരുടെ മുൻഗാമികൾ മുമ്പ് പ്രസ്താവിച്ച അതേ വാക്കുകൾ തന്നെയാണ് ഇന്ന് ഇവർക്ക് പറയുവാനുള്ളതിന്റെയും അടിസ്ഥാനം. അന്ന് അവരെപ്പറ്റി അല്ലാഹു പറഞ്ഞ അതേവാക്കുകൾതന്നെയാണ് ഇന്ന് ഇവരെപ്പറ്റിയും പറയുവാനുള്ളതിന്റെ രത്നച്ചുരുക്കവും. അതെ, അവർക്കതിനെക്കുറിച്ച് ഒരു വിവരവുമില്ല; അവർ ഊഹിക്കുകയല്ലാതെ ചെയ്യുന്നില്ല. മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ടും, പ്രാഥമികബുദ്ധികൾക്കുപോലും സുസ്പഷ്ടമായ എത്രയോ ദൃഷ്ടാന്തങ്ങളുടെനേരെ കണ്ണടച്ചുകൊണ്ടുമല്ലാതെ ആ വാദം പുറപ്പെടുവിക്കുക സാധ്യമല്ല ആദ്യത്തെ ഭൗതികചിന്താഗതിയിൽനിന്ന് ഉടലെടുക്കുന്ന അനുമാനങ്ങൾക്കും, ഭൗതികവിജ്ഞാനങ്ങളിൽനിന്ന് ഉടലെടുക്കുന്ന യുക്തിവാദങ്ങൾക്കും പരമ യാഥാർത്ഥ്യങ്ങളുടെ സ്ഥാനം നൽകിക്കൊണ്ടല്ലാതെ ആ വാദ

ത്തിന് നിലനിൽപ്പുമില്ല.

ദിനരാത്രങ്ങളായി നീങ്ങിക്കൊണ്ടിരിക്കുന്ന കാലം എന്നാണ് دهر (ദഹ്ർ) എന്ന വാക്കിന്റെ മൂലാർത്ഥം. അതിവർഷം, ക്ഷാമം, പകർച്ചവ്യാധി മുതലായ കെടുതികളും, വിളവർദ്ധനവ്, ക്ഷേമം, സുഖകരമായ കാലാവസ്ഥ മുതലായ നന്മകളും കാലത്തിന്റെ പ്രവർത്തനങ്ങളായി അറബികൾ വിശ്വസിച്ചിരുന്നു. കെടുതികൾ ബാധിക്കുമ്പോൾ, അവർ കാലത്തെ പഴിക്കും. നന്മകൾ കൈവരുമ്പോൾ അതിനെ പ്രശംസിക്കുകയും ചെയ്യും. വാസ്തവത്തിൽ എല്ലാം അല്ലാഹുവിന്റെ പ്രവർത്തനങ്ങളാകയാൽ ഈ വിശ്വാസം ശിർക്കിൽ ഉൾപ്പെട്ടതാണെന്ന് പറയേണ്ടതില്ല. അതുകൊണ്ടാണ് കാലത്തെ പഴിക്കുന്നതിനെ ഹദീഥുകളിൽ വിരോധിച്ചുകാണുന്നത്. ബുഖാരി, മുസ്‌ലിം (റ) മുതലായവർ നിവേദനം ചെയ്യുന്ന ഒരു നബിവചനം ഇപ്രകാരമാകുന്നു: يقول تعالى يؤذيني ابن آدم يسب الدهر وانا الدهر بيدي الأمر اقلب ليله ونهاره—متفق (സാരം: അല്ലാഹു പറയുന്നു: ആദമിന്റെ മകൻ എന്നെ ഉപദ്രവിക്കുന്നു- അവൻ കാലത്തെ പഴിക്കുന്നു. അതാണ് കാലം. അതായത്, എന്റെ കയ്യിലാണ് കാര്യം. അതിന്റെ രാവും പകലും ഞാൻ നിയന്ത്രിക്കുന്നതാണ്.) അതിവർഷം, കൊടുങ്കാറ്റ് മുതലായ ആപത്തുകളെപ്പറ്റി, കാലം ചതിച്ചു, പ്രകൃതി വഞ്ചിച്ചുഎന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഇന്ന് നാം സാധാരണ കേൾക്കാറുണ്ട്. വാസ്തവത്തിൽ ഇത്തരം പ്രയോഗങ്ങൾ മുസ്‌ലിംകൾക്ക് ഒട്ടും ചേർന്നതല്ല തന്നെ. പരലോകനിഷേധികൾ പരമ്പരാഗതമായി അനുവർത്തിച്ചുവരുന്ന ഒരു നയവും. അതിനുള്ള മറുപടിയുമാണ് അടുത്ത വചനത്തിൽ കാണുന്നത്:-

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَـٰتُنَا بَيِّنَـٰتٍ مَّا كَانَ حُجَّتَهُمْ إِلَّآ أَن قَالُوا۟ ٱئْتُوا۟ بِـَٔابَآئِنَآ إِن كُنتُمْ صَـٰدِقِينَ ﴿٢٥﴾

﴿25﴾ നമ്മുടെ ആയത്തുകൾ അവർക്ക് സുവ്യക്തമായ നിലയിൽ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവരുടെ ന്യായം, നിങ്ങൾ സത്യവാൻമാരാണെങ്കിൽ, നമ്മുടെ പിതാക്കളെ (ജീവിപ്പിച്ച്) കൊണ്ടുവരുവിൻ എന്ന് പറയുകയല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല.

قُلِ ٱللَّهُ يُحْيِيكُمْ ثُمَّ يُمِيتُكُمْ ثُمَّ يَجْمَعُكُمْ إِلَىٰ يَوْمِ ٱلْقِيَـٰمَةِ لَا رَيْبَ فِيهِ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٦﴾

﴿26﴾ നീ പറയുക: അല്ലാഹു നിങ്ങളെ ജീവിപ്പിക്കുന്നു; പിന്നെ, അവൻ നിങ്ങളെ മരണപ്പെടുത്തുന്നു; പിന്നീട്, ഖിയാമത്തുനാളിലേക്ക് അവൻ നിങ്ങളെ ഒരുമിച്ചുകൂട്ടുകയും ചെയ്യും. അതിൽ സന്ദേഹമേ ഇല്ല. എങ്കിലും അധിക മനുഷ്യരും അറിയുന്നില്ല.

﴾25﴿ وَإِذَا تُتْلَىٰ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ عَلَيْهِمْ അവർക്ക്, അവരിൽ
ءَايَـٰتُنَا നമ്മുടെ ആയത്ത് (ദൃഷ്ടാന്തം, ലക്ഷ്യം, വേദവാക്യം)കൾ بَيِّنَـٰتٍ വ്യക്ത
മായ നിലയിൽ, തെളിവുകളായി مَّا كَانَ ആയിരിക്കയില്ല حُجَّتَهُمْ അവരുടെ ന്യായം
إِلَّآ أَن قَالُوا۟ അവർ പറയുകയല്ലാതെ ٱئْتُوا۟ നിങ്ങൾ കൊണ്ടുവരുവിൻ بِـَٔابَآئِنَآ നമ്മുടെ
(ഞങ്ങളുടെ) പിതാക്കളെ إِن كُنتُمْ നിങ്ങളാണെങ്കിൽ صَـٰدِقِينَ സത്യവാൻമാർ ﴾26﴿
قُلْ നീ പറയുക ٱللَّهُ يُحْيِيكُمْ അല്ലാഹു നിങ്ങളെ ജീവിപ്പിക്കുന്നു ثُمَّ يُمِيتُكُمْ പിന്നെ
നിങ്ങളെ മരിപ്പിക്കുന്നു ثُمَّ يَجْمَعُكُمْ പിന്നെ നിങ്ങളെ ഒരുമിച്ചുകൂട്ടും إِلَىٰ يَوْمِ ٱلْقِيَـٰمَةِ
ഖിയാമത്തുനാളിലേക്ക് لَا رَيْبَ സന്ദേഹ (സംശയ)മേ ഇല്ല فِيهِ അതിൽ
وَلَـٰكِنَّഎങ്കിലും أَكْثَرَ ٱلنَّاسِ മനുഷ്യരിൽ അധികവും لَا يَعْلَمُونَ അറിയുന്നില്ല

ജീവിപ്പിക്കുകയും, മരിപ്പിക്കുകയും ചെയ്യുന്നത് അല്ലാഹു തന്നെ. അവൻ തന്നെ രണ്ടാമതും ജീവിപ്പിക്കും. പക്ഷേ, അതിനൊരു അവധി വെച്ചിട്ടുണ്ട്. ഖിയാമത്ത് നാൾ, അതിന് മുമ്പായി നിങ്ങൾ ആവശ്യപ്പെടുമ്പോൾ മരണപ്പെട്ടവർ ജീവിച്ചുവരുക സംഭവിക്കുവാൻ പോകുന്നില്ല. ഇതുകൊണ്ട് ആ യാഥാർത്ഥ്യത്തിന് ഒരു കോട്ടവും തട്ടുവാനില്ല.

വിഭാഗം- 4

وَلِلَّهِ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَيَوْمَ تَقُومُ ٱلسَّاعَةُ يَوْمَئِذٍ يَخْسَرُ ٱلْمُبْطِلُونَ ﴿٢٧﴾

﴾27﴿ അല്ലാഹുവിനാണ്, ആകാശങ്ങളുടെയും ഭൂമിയുടെയും രാജാധിപത്യം. അന്ത്യഘട്ടം നിലനിൽക്കുന്ന ദിവസം, (അതെ) അന്നത്തെ ദിവസം വ്യർത്ഥകാരികളായുള്ളവർ നഷ്ടമടയുന്നതാണ്.

وَتَرَىٰ كُلَّ أُمَّةٍ جَاثِيَةً ۚ كُلُّ أُمَّةٍ تُدْعَىٰٓ إِلَىٰ كِتَـٰبِهَا ٱلْيَوْمَ تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٢٨﴾

﴾28﴿ എല്ലാ (ഓരോ) സമുദായത്തെയും മുട്ടുകുത്തിയ നിലയിൽ നിനക്ക് കാണാവുന്നതുമാകുന്നു. എല്ലാ സമുദായവും അ(ത)തിന്റെ ഗ്രന്ഥത്തിലേക്ക് വിളിക്കപ്പെടും. (അവരോട് പറയപ്പെടും) നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഇന്ന് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ്.

هَٰذَا كِتَٰبُنَا يَنطِقُ عَلَيۡكُم بِٱلۡحَقِّۚ إِنَّا كُنَّا نَسۡتَنسِخُ مَا كُنتُمۡ تَعۡمَلُونَ ﴿٢٩﴾

﴾28﴿ ഇതാ, നമ്മുടെ ഗ്രന്ഥം! അത് നിങ്ങളോട് മുറപ്രകാരം സംസാരിക്കുന്നതാണ്. എല്ലാം തുറന്ന് കാട്ടുന്നതാണ്. നിശ്ചയമായും, നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെ നാം പകർത്തെടുക്കുന്നുണ്ടായിരുന്നു.

﴾**27**﴿ وَلِلَّهِ അല്ലാഹുവിനാണ് مُلۡكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജത്വം, ഭരണാധികാരം وَٱلۡأَرۡضِ ഭൂമിയുടെയും وَيَوۡمَ تَقُومُ നിലനിൽക്കുന്ന ദിവസം ٱلسَّاعَةُ (ആ) സമയം (അന്ത്യഘട്ടം) يَوۡمَئِذٍ അന്നത്തെ ദിവസം يَخۡسَرُ നഷ്ടമടയും ٱلۡمُبۡطِلُونَ വ്യർത്ഥകാരികൾ, പാഴ്‌വേലക്കാർ ﴾**28**﴿ وَتَرَىٰ നീ (നിനക്ക്) കാണും, കാണാം كُلَّ أُمَّةٍ എല്ലാ സമുദായത്തെയും, ജനക്കൂട്ടത്തെയും جَاثِيَةً മുട്ടുകുത്തിയതായിട്ട്, ഒരുമിച്ചുകൂടിയതായിട്ട് كُلُّ أُمَّةٍ എല്ലാ സമുദായവും, ജനക്കൂട്ടവും تُدۡعَىٰٓ വിളിക്കപ്പെടും إِلَىٰ كِتَٰبِهَا അതിന്റെ ഗ്രന്ഥത്തിലേക്ക് ٱلۡيَوۡمَ ഇന്ന് تُجۡزَوۡنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടും مَا كُنتُمۡ നിങ്ങൾ ആയിരുന്നതിന് تَعۡمَلُونَ പ്രവർത്തിക്കും ﴾**29**﴿ هَٰذَا كِتَٰبُنَا ഇതാ നമ്മുടെ ഗ്രന്ഥം يَنطِقُ അത് സംസാരിക്കും (പറഞ്ഞുതരും, തുറന്നുകാട്ടും) عَلَيۡكُم നിങ്ങളോട്, നിങ്ങളിൽ بِٱلۡحَقِّ മുറപ്രകാരം, യഥാർത്ഥത്തെപ്പറ്റി, ശരിക്ക് إِنَّا كُنَّا നിശ്ചയമായും നാം ആയിരുന്നു, نَسۡتَنسِخُ നാം പകർത്തെടുത്തിരുന്നു (എഴുതുവാൻ ആവശ്യപ്പെട്ടിരുന്നു) مَا كُنتُمۡ നിങ്ങളായിരുന്നു تَعۡمَلُونَ നിങ്ങൾ പ്രവർത്തിക്കും.

മനുഷ്യ വർഗത്തിന്റെ ആദിപിതാവ് മുതൽ ലോകാവസാനം വരെയുള്ള സർവ്വ ജനങ്ങളും, ജിന്നുകൾ, മലക്കുകൾ മുതലായവരും ഒന്നടങ്കം ഓരേ നിലയിൽ സമ്മേളിക്കുന്ന ആ മഹാ സദസ്സാകമാനം അങ്ങേഅറ്റം സംഭ്രമാവസ്ഥയിലായിരിക്കും. പ്രവാചകൻമാരടക്കമുള്ള ഓരോരുത്തരും തന്റെ കാര്യത്തിൽ ലോകരക്ഷിതാവിന്റെ വിധി എന്തായിരിക്കുമെന്നറിയാതെ ഭയവിഹ്വലരായിരിക്കും. അവിടെ താഴ്മയോടും വിനയത്തോടും കൂടി മുട്ടുകുത്താത്ത ഒരു സമുദായമോ, ജനവിഭാഗമോ ഉണ്ടായിരിക്കയില്ല.

ഓരോ സമുദായവും അതിന്റെ ഗ്രന്ഥത്തിലേക്ക് വിളിക്കപ്പെടും (كل أمة تدعى إلى كتابها) എന്ന് പറഞ്ഞത് എല്ലാവരുടെയും കർമങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രന്ഥത്തെ ഉദ്ദേശിച്ചാണെന്നും, അതല്ല ഓരോ സമുദായവും സ്വീകരിക്കുവാൻ ബാധ്യസ്ഥരായിരുന്ന വേദഗ്രന്ഥങ്ങളെ ഉദ്ദേശിച്ചാണെന്നും വരാം.

ഏതായാലും, ഓരോ സമുദായത്തിൽപെട്ടവരുടെയും നന്മതിന്മകൾ വിലയിരുത്തപ്പെടുന്നത് അവരുടെ പ്രവാചകൻമാർ മുഖേന അവർക്ക് ലഭിച്ച പ്രബോധനങ്ങളെ അടിസ്ഥാനമാക്കിയായിരിക്കുമെന്നും, ഓരോ വ്യക്തിക്കും അവരവരുടെ കർമങ്ങൾ സവിസ്തരം മലക്കുകളാൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള രേഖാഗ്രന്ഥം (صحيفة الأعمال) അന്ന് നൽകപ്പെടുന്നതാണെന്നും, കുറ്റവാളികളുടെ കുറ്റങ്ങൾ ശരിയായ തെളിവുസഹിതം അവരെ ബോധ്യപ്പെടുത്തുമെന്നും പറയേണ്ടതില്ല. ഇതിനെപ്പറ്റിയെല്ലാം ക്വുർആൻ പലപ്പോഴും പ്രസ്താവിക്കാറുള്ളതാണല്ലോ.

فَأَمَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ فَيُدۡخِلُهُمۡ رَبُّهُمۡ فِي رَحۡمَتِهِۦۚ ذَٰلِكَ هُوَ ٱلۡفَوۡزُ ٱلۡمُبِينُ ﴿٣٠﴾

﴾30﴿ എന്നാൽ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവരുടെ റബ്ബ് അവരെ തന്റെ കാരുണ്യത്തിൽ [സ്വർഗത്തിൽ] പ്രവേശിപ്പിക്കും. അതുതന്നെയാണ് സ്പഷ്ടമായ ഭാഗ്യം!

وَأَمَّا ٱلَّذِينَ كَفَرُوٓاْ أَفَلَمۡ تَكُنۡ ءَايَٰتِي تُتۡلَىٰ عَلَيۡكُمۡ فَٱسۡتَكۡبَرۡتُمۡ وَكُنتُمۡ قَوۡمٗا مُّجۡرِمِينَ ﴿٣١﴾

﴾31﴿ എന്നാൽ, അവിശ്വസിച്ചവരോ, (അവരോട് പറയപ്പെടും:) എന്റെ ആയത്തുകൾ [ലക്ഷ്യങ്ങൾ] നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെട്ടിരുന്നില്ലേ? അപ്പോൾ, നിങ്ങൾ ഗർവ്വ് നടിച്ചു; നിങ്ങൾ കുറ്റവാളികളായ ഒരു ജനതയായിത്തീരുകയും ചെയ്തു!

وَإِذَا قِيلَ إِنَّ وَعۡدَ ٱللَّهِ حَقّٞ وَٱلسَّاعَةُ لَا رَيۡبَ فِيهَا قُلۡتُم مَّا نَدۡرِي مَا ٱلسَّاعَةُ إِن نَّظُنُّ إِلَّا ظَنّٗا وَمَا نَحۡنُ بِمُسۡتَيۡقِنِينَ ﴿٣٢﴾

﴾32﴿ നിശ്ചയമായും, അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥമാണ്, അന്ത്യഘട്ടമാകട്ടെ, അതിൽ യാതൊരു സന്ദേഹവുമില്ല. എന്ന് പറയപ്പെടുമ്പോൾ,നിങ്ങൾ പറയും: ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്താണ് (ഈ) അന്ത്യഘട്ടമെന്ന്; ഞങ്ങൾ (ഒരു) തരത്തിലുള്ള) ഊഹം ഊഹിക്കുന്നുവെന്നല്ലാതെ (മറ്റൊന്നും) ഇല്ല; ഞങ്ങൾ (ഇതൊന്നും) ഉറപ്പായിക്കരുതുന്നവരല്ല തന്നെ.

ജുസ്ഉ് - 26

وَبَدَا لَهُمْ سَيِّـَٔاتُ مَا عَمِلُواْ وَحَاقَ بِهِم مَّا كَانُواْ بِهِۦ يَسْتَهْزِءُونَ ﴿٣٣﴾

﴾33﴿ അവർ പ്രവർത്തിച്ചതിന്റെ തിന്മകൾ അവർക്ക് വെളിവാകുന്നതാണ്. അവർ യാതൊന്നിനെക്കുറിച്ച് പരിഹാസം കൊണ്ടിരുന്നുവോ അത് [ശിക്ഷ] അവരിൽ വലയം ചെയ്കയും ചെയ്യും.

وَقِيلَ ٱلْيَوْمَ نَنسَىٰكُمْ كَمَا نَسِيتُمْ لِقَآءَ يَوْمِكُمْ هَـٰذَا وَمَأْوَىٰكُمُ ٱلنَّارُ وَمَا لَكُم مِّن نَّـٰصِرِينَ ﴿٣٤﴾

﴾34﴿ (വീണ്ടും അവരോട്) പറയപ്പെടും: നിങ്ങളുടെ ഈ ദിവസം കണ്ടുമുട്ടുന്നതിനെ നിങ്ങൾ മറന്നതുപോലെ, ഇന്ന് നിങ്ങളെ നാം മറന്നുകളയുന്നു; നിങ്ങളുടെ അഭയസ്ഥാനം (അഥവാ വാസസ്ഥലം) നരകവുമാണ്. നിങ്ങൾക്ക് സഹായികളായിട്ട് (ആരും തന്നെ) ഇല്ലതാനും.

ذَٰلِكُم بِأَنَّكُمُ ٱتَّخَذْتُمْ ءَايَـٰتِ ٱللَّهِ هُزُوًا وَغَرَّتْكُمُ ٱلْحَيَوٰةُ ٱلدُّنْيَا ۚ فَٱلْيَوْمَ لَا يُخْرَجُونَ مِنْهَا وَلَا هُمْ يُسْتَعْتَبُونَ ﴿٣٥﴾

﴾35﴿ അതൊക്കെ (സംഭവിച്ചത്), നിങ്ങൾ അല്ലാഹുവിന്റെ ആയത്തുകളെ പരിഹാസ്യമാക്കിത്തീർത്തതുകൊണ്ടാണ്; ഐഹികജീവിതം നിങ്ങളെ വഞ്ചിക്കുകയും ചെയ്തു. എനി ഇന്ന്, അവർ അതിൽ [നരകത്തിൽ] നിന്ന് പുറത്തുവിടുന്നതല്ല; അവരോട് (പശ്ചാത്തപിച്ച് മടങ്ങി) തൃപ്തിപ്പെടുത്തുവാനാവശ്യപ്പെടുകയുമില്ല.

﴾30﴿ فَأَمَّا ٱلَّذِينَ എന്നാലപ്പോൾ യാതൊരുകൂട്ടർ ءَامَنُواْ വിശ്വസിച്ചു وَعَمِلُواْ ٱلصَّـٰلِحَـٰتِ സൽക്കർമങ്ങളും ചെയ്തു فَيُدْخِلُهُمْ അവരെ പ്രവേശിപ്പിക്കും رَبُّهُمْ അവരുടെ റബ്ബ് فِى رَحْمَتِهِۦ അവന്റെ കാരുണ്യത്തിൽ ذَٰلِكَ هُوَ അതുതന്നെയാണ്

ٱلۡفَوۡزُ ٱلۡمُبِينُ സ്പഷ്ടമായ ഭാഗ്യം ﴾31﴿ وَأَمَّا എന്നാൽ ٱلَّذِينَ كَفَرُوٓاْ അവിശ്വസിച്ചവർ
أَفَلَمۡ تَكُنۡ ആയിരുന്നില്ലേ ءَايَٰتِي എന്റെ ആയത്തുകൾ تُتۡلَىٰ عَلَيۡكُمۡ നിങ്ങൾക്ക് ഓതി
ക്കേൾപ്പിക്കപ്പെടുക فَٱسۡتَكۡبَرۡتُمۡ അപ്പോൾ നിങ്ങൾ ഗർവ്വ് (വലുപ്പം) നടിച്ചു وَكُنتُمۡ
നിങ്ങളായിത്തീരുകയും ചെയ്തു قَوۡمٗا مُّجۡرِمِينَ കുറ്റവാളികളായ ഒരു ജനത ﴾32﴿
وَإِذَا قِيلَ പറയപ്പെട്ടാൽ, പറയപ്പെടുമ്പോൾ إِنَّ وَعۡدَ ٱللَّهِ നിശ്ചയമായും, അല്ലാഹു
വിന്റെ വാഗ്ദാനം, താക്കീത് حَقّٞ യഥാർത്ഥമാണ്, സത്യമാണ് وَٱلسَّاعَةُ അന്ത്യസമ
യമാകട്ടെ لَا رَيۡبَ സന്ദേഹമേയില്ല فِيهَا അതിൽ قُلۡتُم നിങ്ങൾ പറയും, പറഞ്ഞു
مَّا نَدۡرِي ഞങ്ങൾക്കറിഞ്ഞുകൂടാ مَا ٱلسَّاعَةُ എന്താണ് അന്ത്യഘട്ടം إِن نَّظُنُّ ഞങ്ങൾ
ഊഹിക്കുന്നി(കരുതുന്നി)ല്ല إِلَّا ظَنّٗا ഒരു ഊഹമല്ലാതെ وَمَا نَحۡنُ ഞങ്ങളല്ലതാനും
بِمُسۡتَيۡقِنِينَ ഉറപ്പിച്ച് വിശ്വസിക്കുന്നവർ ﴾33﴿ وَبَدَا لَهُمۡ അവർക്ക് വെളിവാകും
سَيِّـَٔاتُ തിന്മകൾ, ദോഷങ്ങൾ مَا عَمِلُواْ അവർ പ്രവർത്തിച്ചതിന്റെ وَحَاقَ بِهِم അവരിൽ
വലയം ചെയ്യുക (ഇറങ്ങുക)യും ചെയ്യും مَّا യാതൊന്ന് كَانُواْ بِهِۦ അതിനെപ്പറ്റി
അവരായിരുന്നു يَسۡتَهۡزِءُونَ പരിഹസിക്കും ﴾34﴿ وَقِيلَ പറയപ്പെടും ٱلۡيَوۡمَ ഇന്ന്
نَنسَىٰكُمۡ നിങ്ങളെ നാം മറക്കും كَمَا نَسِيتُمۡ നിങ്ങൾ മറന്നതുപോലെ لِقَآءَ يَوۡمِكُمۡ നിങ്ങ
ളുടെ ദിവസം കണ്ടുമുട്ടുന്നതിനെ هَٰذَا ഈ وَمَأۡوَىٰكُمُ നിങ്ങളുടെ അഭയ (വാസ)
സ്ഥാനം ٱلنَّارُ നരകമാണ് وَمَا لَكُم നിങ്ങൾക്കില്ലതാനും مِّن نَّٰصِرِينَ സഹായികളായിട്ട്
(ആരും) ﴾35﴿ ذَٰلِكُم അത് بِأَنَّكُمُ ٱتَّخَذۡتُمۡ നിങ്ങൾ ആക്കിത്തീർത്തതുകൊണ്ടാണ്
ءَايَٰتِ ٱللَّهِ അല്ലാഹുവിന്റെ ആയത്തുകളെ هُزُوٗا പരിഹാസ്യം وَغَرَّتۡكُمُ നിങ്ങളെ വഞ്ചി
ക്കയും ചെയ്തു ٱلۡحَيَوٰةُ ٱلدُّنۡيَا ഐഹിക ജീവിതം فَٱلۡيَوۡمَ എനി ഇന്ന് لَا يُخۡرَجُونَ
അവർ പുറത്ത് വിടപ്പെടുകയില്ല مِنۡهَا അതിൽ നിന്ന് وَلَا هُمۡ അവർ (അവരോട്)
ഇല്ല يُسۡتَعۡتَبُونَ മടക്കം (ഖേദം, തൃപ്തിപ്പെടുത്തൽ) ആവശ്യപ്പെടുക (യില്ല)

നരകത്തിൽനിന്ന് രക്ഷയില്ലെന്ന് മാത്രമല്ല, പശ്ചാത്തപിച്ചു മടങ്ങിയോ, ഒഴികഴിവുകൾ സമർപ്പിച്ചോ അല്ലാഹുവിന്റെ തൃപ്തി ലഭിക്കുവാനുള്ള ഒരു സന്ദർഭവും എനി അവർക്കില്ല. അതിനുണ്ടായിരുന്ന അവസരമെല്ലാം അവർ പാഴാക്കിക്കളഞ്ഞു എന്ന് താൽപര്യം. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ, ദൃഷ്ടാന്തങ്ങൾ, മനുഷ്യരുടെ ഉത്ഭവം, പര്യവസാനം തുടങ്ങിയ പലതിനെക്കുറിച്ചും വിവരിച്ചശേഷം, ലോകരക്ഷിതാവായ അല്ലാഹു അവനെത്തന്നെ പുകഴ്ത്തിക്കൊണ്ടും, എല്ലാവിധ പ്രതാപത്തിനും അർഹൻ അവനാണെന്ന് ഓർമിപ്പിച്ചുകൊണ്ടും ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു;-

فَلِلَّهِ ٱلْحَمْدُ رَبِّ ٱلسَّمَـٰوَٰتِ وَرَبِّ ٱلْأَرْضِ رَبِّ ٱلْعَـٰلَمِينَ ﴿٣٦﴾

﴾36﴿ അപ്പോൾ, കാര്യം ഇങ്ങനെയിരിക്കെ, ആകാശങ്ങളുടെ രക്ഷിതാവും, ഭൂമിയുടെ രക്ഷിതാവുമായ, (അതെ) ലോകരുടെ രക്ഷിതാവായ അല്ലാഹുവിനത്രെ സർവ്വസ്തുതിയും.

وَلَهُ ٱلْكِبْرِيَآءُ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٣٧﴾

﴾37﴿ ആകാശങ്ങളിലും, ഭൂമിയിലും അവന് തന്നെയാണ് ഗാംഭീര്യവും. പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവനും അവൻ തന്നെ.

﴾36﴿ فَلِلَّهِ അപ്പോൾ അല്ലാഹുവിനാണ് ٱلْحَمْدُ സ്തുതി رَبِّ ٱلسَّمَـٰوَٰتِ ആകാശങ്ങളുടെ രക്ഷിതാവായ وَرَبِّ ٱلْأَرْضِ ഭൂമിയുടെ രക്ഷിതാവുമായ رَبِّ ٱلْعَـٰلَمِينَ ലോകരുടെ രക്ഷിതാവായ ﴾37﴿ وَلَهُ അവന്നാണ് ٱلْكِبْرِيَآءُ ഗാംഭീര്യം, മാഹാത്മ്യം فِى ٱلسَّمَـٰوَٰتِ ആകാശങ്ങളിൽ وَٱلْأَرْضِ ഭൂമിയിലും وَهُوَ അവൻ തന്നെ ٱلْعَزِيزُ പ്രതാപശാലി ٱلْحَكِيمُ അഗാധജ്ഞൻ, തത്വജ്ഞാനി

അല്ലാഹുവിൽനിന്ന് നബിﷺ ഉദ്ധരിക്കുന്ന (ക്വുദ്സിയായ) ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു; يقول الله تعالى الكبرياء ردائي والعظمة ازاري فمن نازعني واحدا منهما اسكنته ناري-أحمد ومسلم وأبو داود ابن ماجه(ഗാംഭീര്യം എന്റെ തട്ടമാണ്, മഹത്വം എന്റെ തുണിയുമാണ്. ഈ രണ്ടിലൊന്നിന് ആരെങ്കിലും എന്നോട് വഴക്ക് കൂടുന്നപക്ഷം, ഞാനവനെ എന്റെ നരകത്തിൽ താമസിപ്പിക്കുന്നതാണ്. (അ; മു; ദാ; ജ.)

اللهم لك الحمد وأنت رب السماوات ورب الأرض ورب العالمين

ولك الكبرياء والعظمة والجلال

وأنت العزيز الحكيم